അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം




ആലപ്പുഴ ജില്ല
വിവരണം
ജില്ലാ അതിർത്തി
താലൂക്ക് അതിർത്തി
നാഷണൽ ഹൈവേ
ഹൈവേ
റോഡുകൾ
തടാകം, നദി
റെയിൽവേ
പ്രധാന സ്ഥലം
ജില്ലാ ആസ്ഥാനം
താലൂക്ക് ആസ്ഥാനം
എറണാകുളം ജില്ല
ചേർത്തല താലൂക്ക്
വേമ്പനാട് കായൽ
കോട്ടയം ജില്ല
അമ്പലപ്പുഴ താലൂക്ക്
കുട്ടനാട് താലൂക്ക്
അറേബ്യൻ കടൽ
കാർത്തികപ്പള്ളി താലൂക്ക്
തിരുവല്ല താലൂക്ക്
ചെങ്ങന്നൂർ താലൂക്ക്
മാവേലിക്കര താലൂക്ക്
കൊല്ലം ജില്ല



നീലംപേരൂർ ഗ്രാമ പഞ്ചായത്ത്

വികസനരേഖ


കൊച്ചി
വൈക്കം
തണ്ണീർമുക്കം റഗുലേറ്റർ
നോർത്ത് കുട്ടനാട്
കോട്ടയം
കായൽ
നീലംപേരൂർ.
ആലപ്പുഴ
ലോവർ കുട്ടനാട്
നെടുമുടി
ചമ്പക്കുളം
പമ്പ
തോട്ടപ്പള്ളി സ്പിൽവേ
അപ്പർ കുട്ടനാട്
അച്ചൻകോവിൽ
കുട്ടനാടിന്റെ അതിർത്തികൾ


കോട്ടയം
അമ്പലപ്പുഴ താലൂക്കു്
നിലംപേരൂർ
കുട്ടനാടു്
ചമ്പക്കുളം
പുളിങ്കുന്നു്
തകഴി
അറബിക്കടൽ
തിരുവല്ല താലൂക്കു്
കാർത്തികപ്പള്ളി താലൂക്കു്




കോട്ടയം
അമ്പലപ്പുഴ താലൂക്ക്
നിലംപേരൂർ
കുട്ടനാട്
ചമ്പക്കുളം
പുളിങ്കുന്ന്
മങ്കൊമ്പ്
കരുമാടി
തകഴി
ഇടത്വ
അറബിക്കടൽ
തിരുവല്ല താലൂക്ക്
കാർത്തികപ്പള്ളി താലൂക്ക്

എം. ററി. ചന്ദ്രൻ
പ്രസിഡൻറ്

സൂസമ്മ എബ്രഹാം
വൈസ് പ്രസിഡൻറ്

ഹരേന്ദ്രനാഥ്
പുത്തൻപറമ്പ്, ചെറുകര
ആദ്യത്തെ പ്രസിഡൻറ്



ബ്രഹാം തോമസ്
ാൻറിംഗ് കമ്മററി
ചെയർമാൻ



ഈ. എം. തോമസ്
സെക്രട്ടറി



വി. കെ. ചെറിയാൻ
3–ാം വാർഡ് മെമ്പർ

ഷൈ പമ്മരവി
5–ാം വാർഡുമെമ്പർ



കെ. ഗോപകുമാർ
6–ാം വാർഡുമെമ്പർ



എം. പി. ദേവരാജ്
7–ാം വാർഡുമെമ്പർ

കുമാരി സതികരുണാകരൻ
8–ാം വാർഡുമെമ്പർ



ഉള്ളടക്കം.

1. ആമുഖം
2. പൊതുവിവരണം.
3. പ്രാദേശികചരിത്രം.
4. ഭരണചരിത്രം.
5. സാമൂഹിക സാംസ്കാരികചരിത്രം
6. ഭൂപ്രകൃതി, വിഭവങ്ങൾ, ജനങ്ങൾ.
7. വികസനമേഖല.

അവലോകനം.

പ്രശ്നങ്ങൾ:

സാദ്ധ്യതകളും പരിഹാരങ്ങളും.

1. കൃഷി, ജലസേചനം.
2. മൃഗസംരക്ഷണം, മത്സ്യബന്ധനം.
3. വിദ്യാഭ്യാസം.
4. കുടിവെള്ളം, പൊതുജനാരോഗ്യം.
5. വ്യവസായം.
6. ഗതാഗതം, ഊർജ്ജം.
7. പാർപ്പിടം, സാമൂഹ്യക്ഷേമം.
8. സംസ്കാരം.
9. വനിത.
10. സഹകരണമേഖല.
11. പട്ടികജാതി, പട്ടികവർഗ്ഗം.
12. വിഭവസമാഹരണം.

8. ഉപസംഹാരം.
9. അനുബന്ധം


24000 ച.അടി
കാവല്‍ക്കിണ്ടുള്ള
6000 ച.അടി
I
II
III
IV
V
VI
VII
VIII

1. ആമുഖം

നമ്മുടെ രാജ്യത്ത് ഒൻപതാം പഞ്ചവത്സര പദ്ധതി 1997 ഏപ്രിൽഒന്നിന്ആരംഭംകുറിക്കുകയാണ്. സംസ്ഥാന പദ്ധതിയുടെ 25–40 ശതമാനംതുക ഗ്രാമസഭ മുതലുള്ള ചർച്ചകളുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിൽ ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകളിൽ തയ്യാറാക്കുന്ന സ്കീമുകൾക്കായി മാറ്റിവയ്ക്കാൻസംസ്ഥാന ആസൂത്രണബോർഡ് തീരുമാനിച്ചതിനെതുടർന്നാണ്, ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണപ്രസ്ഥാനം രൂപംകൊണ്ടത്.

ഇൻഡ്യയിലും കേളത്തിലും പഞ്ചവത്സര പദ്ധതികളിലൂടെ ഉദ്യോഗസ്ഥന്മാർ മാത്രം ആസൂത്രണം ചെയ്തു മധ്യവർത്തികൾ നടപ്പാക്കിയ വികസനമാണ് ഇതുവരെ നടന്നുവന്നത്. തീരുമാനങ്ങൾ എടുക്കുന്നതും നടപ്പാക്കുന്നതും കേന്ദ്രതലത്തിലോ, സംസ്ഥാനതലത്തിലോ ആയതിനാൽ ജനങ്ങളുടെ യാതൊരു വിധ പങ്കാളിത്തവും പദ്ധതികളുടെ ഒരു ഘട്ടത്തിലും ഉണ്ടായിരുന്നില്ല. പ്രാദേശികവികസന പ്രശ്നങ്ങൾ ഗൗരവമായി കണക്കിലെടുക്കാനോ, ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായി ഉയർത്തുന്നതിനോ മുകളിൽനിന്നു വരുന്ന വികസനത്തിനു കഴിയാതെവന്നു. ഓരോ പ്രദേശത്തിന്റെയും ഭൂ പ്രകൃതിക്കോ ജനകീയ ആവശ്യങ്ങൾക്കോ അനുസൃതമായ സ്കീമുകളല്ല പദ്ധതിയുടെ ഭാഗമായി നടപ്പാക്കപ്പെട്ടത്. ഇതുമൂലം നന്നായി ആവിഷ്കരിക്കപ്പെട്ട പലപദ്ധതികളും പരാജയത്തിൽ കലാശിച്ചു.

ഒരു ന്യൂനപക്ഷത്തിന്റെ ധനികവല്ക്കരണത്തിലേക്കും ഭൂരിപക്ഷത്തിന്റെ ദരിദ്രവല്ക്കരണത്തിലേക്കും നയിക്കാതെ സമൂഹത്തിന്റെ സമഗ്രവും സ്ഥായിയായതും നീതിയുക്തമായതുമായ ദ്രുതഗതിയിലുള്ളസാമ്പത്തികവളർച്ച ലക്ഷ്യമാക്കുന്നതാവണം വികസനം. ഇതിനു ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണവും അധികാര വികേന്ദ്രീകരണവും ഒഴിവാക്കാൻപാടില്ലാത്ത ഘടകങ്ങളാണ്. ഗ്രാമീണ ജനജീവിതം ആയാസരഹിതവും ഭദ്രവുമാക്കിത്തീർക്കുക എന്നുള്ളതായിരിക്കണം വികസനപ്രവർത്തനങ്ങളുടേയും ആസൂത്രണപരിപാടികളുടേയും അടിസ്ഥാന ലക്ഷ്യം.

ഗ്രാമതലത്തിൽ ജനങ്ങൾ അഭിമുഖീകരിക്കുന്നവിവിധപ്രശ്നങ്ങൾ കണ്ടെത്തുകയും, അതതു പ്രദേശത്തിനു അനുയോജ്യമായതും സാമ്പത്തികമേന്മ കൈവരിക്കുന്നതുമായ പരിഹാരമാർഗങ്ങൾ കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ വികസന പരിപാടികൾക്കു രൂപം നൽകുക എന്നതാണ് ഒൻപതാം പദ്ധതിയിൽ സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ പഞ്ചായത്തതിർത്തിയിലുമുള്ള പ്രകൃതി വിഭവങ്ങളും, മാനുഷിക വിഭവങ്ങളുമൊക്കെ കണക്കിലെടുത്ത്, ഓരോന്നും കാര്യക്ഷമമായി എങ്ങനെ ഉപയോഗപ്പെടുത്താമെന്നു ചർച്ചചെയ്ത് വികസനപരിപാടികൾക്കു രൂപംനൽകി സാങ്കേതിക വിദഗ്ദരുടെ സഹായത്തോടും പൂർണ്ണമായ ജനപങ്കാളിത്തത്തോടും കൂടി നടപ്പിലാക്കുന്നതിലൂടെമാത്രമേ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഒട്ടാകെപരിഹാരംകാണാൻ കഴിയുകയുള്ളൂ.

കേരളത്തിന്റെ ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോടെ രൂപപ്പെടുന്നതോടുകൂടി ആസൂത്രണ പ്രക്രിയയിൽ ഒരു പുതുയുഗപ്പിറവിക്കുതുടക്കം കുറിക്കുകയാണ്. ജനകീയാസൂത്രണത്തിനു അധികാരവികേന്ദ്രീകരണത്തിന്റേതായ ഉയർന്ന മാനങ്ങൾ ഭരണപരമായ നടപടികളിലൂടെ കൈവരുമ്പോൾ, നമ്മുടെ പഞ്ചായത്തു വികസനത്തിന്റെ പുതിയപാതയിലൂടെ മുന്നേറി ഇരുപത്തൊന്നാം നൂറ്റാണ്ടിനെ വരവേൽക്കുകതന്നെ ചെയ്യും.

വിശേഷാൽ ഗ്രാമസഭ–വികസനഗ്രാമസഭ

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാംഘട്ടമായ വിശേഷാൽ ഗ്രാമസഭകളുടെ പൊതുവിവരം താഴെ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നമ്പർ	തീയതി	വാർഡ് നമ്പർ	സ്ഥലത്തിന്റെ പേര്	പങ്കെടുത്ത സ്ത്രീകളും പുരുഷന്മാർ		ആകെ
1	24–9–96 2 p m	1	നീലംപേരൂർ എസ്. എൻ. ഡി. പി. ആഫീസ്, ആക്കനാടി	32	203	235
2	25–9–96 2 p m	2	നീലംപേരൂർ സൊസൈറ്റിഹാൾ	12	193	205
3	26–9–96 2 p m	3	നീലംപേരൂർ ഗവ: എൽ. പി. സ്കൂൾ ഹാൾ	28	206	234
4	28–9–96 2 p m	4	എൻ. എസ്. എസ്. എച്ച്. എസ്. ഈരേ	63	309	272
5	29–9–96 2 p m	5	ഗവ: യു. പി. സ്കൂൾ നാരകത്ര	72	289	361
6	27–9–96 2 p m	6	ബി. വി. യു. പി. എസ്. ചേന്നങ്കരി	69	218	287
7	2–10–97 2 p m	7	എസ്. എൻ. ഡി. പി. യു. പി. എസ്. ചെറുകര	82	206	288
8	2–10–96 8–30 a m	8	എ. ജെ. ജെ. എം. എച്ച്. എസ്. കൈനടി	86	201	287

2. പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	നീലംപേരൂർ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	നീലംപേരൂർ, കാവാലം ഭാഗികം
ബ്ലോക്കുഡിവിഷനുകൾ	:	രണ്ട്
ബ്ലോക്കുപഞ്ചായത്ത്	:	വെളിയനാട്
ജില്ലാപഞ്ചായത്ത്ഡിവിഷൻ	:	ഒന്ന്
അസംബ്ലിമണ്ഡലം	:	കുട്ടനാട്
പാർലമെൻറ്	:	ആലപ്പുഴ
വിസ്തീർണ്ണം	:	16 . 5 ചതുരശ്രമൈൽ
അതിരുകൾ വടക്ക്	:	പൂതാട്ടകാവ് തോട്
കിഴക്ക്	:	കരുനാട്ടുവാല തോട്
തെക്ക്	:	കാവും ഗ്രാക്കൽ തോട്
പടിഞ്ഞാറ്	:	കാവാലം തോട്
ജനസംഖ്യ (1991)	:	13927
വാർഡുകൾ	:	എട്ട്
പഞ്ചായത്ത് ഭരണസമിതി ഓഫീസ്	:	ഈര
പ്രസിഡൻറ്	:	എം. ററി. ചന്ദ്രൻ
വൈസ് പ്രസിഡൻറ്	:	സൂസമ്മഏബ്രഹാം
സ്റ്റാൻറിംഗ്കമ്മററി ചെയർമാൻ	:	ഏബ്രാഹംതോമസ്
മെമ്പർമാർ	:	വി. കെ. ചെറിയാൻ
	:	ഷൈലമ്മരവി
	:	കെ. ഗോപകുമാർ
	:	എം. പി. ദേവരാജ്
	:	സതി കരുണാകരൻ

കുട്ടനാട് താലൂക്കിലെ 12 പഞ്ചായത്തുകളിൽ ഒന്നായ നീലംപേരൂർ, പ്രാചീന കേരളത്തിലെ പ്രസിദ്ധിനേടിയ ഒരു കായലോരപ്രദേശമായിരുന്നു. ജലനിരപ്പിൽനിന്നും ഉയർന്ന ചീങ്കൽ പാറകളും, ചെങ്കല്ലുള്ള നീലംപേരൂർ പ്രദേശവും വേലിയേറ്റത്തിൽ ഉപ്പുവെള്ളം കയറിക്കിടക്കുന്ന ചതുപ്പു സ്ഥലങ്ങളും, ചെളിതീര പ്രദേശങ്ങളും ഉൾപ്പെട്ടതായിരുന്ന ഇവിടം. ചെങ്കല്ലും പാറയും കാണപ്പെടുന്ന നീലംപേരൂർ പ്രദേശം ചരിത്രാതീതകാലത്തു തന്നെ കടലിലെ ഒരു ദ്വീപായിരുന്നു വെന്നു് അനുമാനിക്കാം. കാലക്രമേണ കടൽ പിൻവാങ്ങുകയും, എക്കൽ വന്നടിഞ്ഞു് ചുറ്റുമുള്ള സ്ഥലങ്ങളും ചതുപ്പുപ്രദേശങ്ങളും ചെളിത്തീരപ്രദേശങ്ങളുമായി ഉയർന്നുവരികയും ചെയ്തിരിക്കാം. ചതുപ്പുപ്രദേശങ്ങളിൽ ചിലതു് നികത്തി കരയാക്കപ്പെട്ടു. അതോടൊപ്പം കട്ടകുത്തി വരമ്പുപിടിച്ചും ഒപ്പനിരപ്പാക്കിയും പുഞ്ചപ്പാടങ്ങളും സൃഷ്ടിക്കപ്പെട്ടു. ജനവാസം കൂടിയതോടുകൂടി ജലനിരപ്പിനുമീതെ കാണാവുന്ന സ്ഥലത്തിന്റെ വിസ്തൃതിവർദ്ധിച്ചുവന്നു. പുഞ്ചനിലങ്ങളുടെ മധ്യത്തിലും, ഓരത്തിലും കരയാക്കപ്പെട്ട ചെറു തുരുത്തുകളും പിന്നീടു് വൻ വരമ്പുകളും, ചിറകളുംമൂലം പരസ്പരം ബന്ധിക്കപ്പെട്ടു. ഇങ്ങനെ പല സ്വതന്ത്ര തുരുത്തുകളും ബന്ധിക്കപ്പെട്ടതോടുകൂടി ചെറുതും വലുതുമായ പാടശേഖരങ്ങളും ജലവലയിതമായ പാടശേഖരങ്ങളും ഉൾപ്പെടുന്ന ഇന്നത്തെ നീലംപേരൂർ രൂപപ്പെട്ടു.

3. പ്രാചീനചരിത്രം

കുലശേഖരന്മാരുടെ ഭരണകാലത്തു് തൃക്കൊടിത്താനം ആസ്ഥാനമായുള്ള നന്തുഴൈനാട്ടിലും പിന്നീടു് തെക്കുംകൂറിലും നമ്മുടെ പ്രദേശംഉൾപ്പെട്ടിരുന്നു.

എ. ഡി. 1746–ൽ മാർത്താണ്ഡവർമ്മ ചെമ്പകശേരിരാജ്യം കീഴടക്കിയതോടുകൂടിചെമ്പകശേരി രാജാവിന്റെ ഭരണസീമയിലുംപെട്ടിരുന്ന ഇവിടം പൂർണ്ണമായും തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമായിതീർന്നു.

ചെമ്പകശേരി രാജ്യത്തിന്റേയും തെക്കുംകൂറിന്റേയും ഭാഗമായി നീലംപേരൂർ അറിയപ്പെട്ടതു്, ഈ രണ്ടു പ്രദേശങ്ങളുടേയും അതിർത്തിപ്രദേശം നീലംപേരൂർ ആയിരുന്നതു കൊണ്ടാവാം.

ആധുനിക ചരിത്രം

രാജഭരണകാലത്തു് ഭരണസൗകര്യത്തിനായി തിരുവിതാംകൂറിനെ നാലു ഡിവിഷനുകളാക്കിയതിൽ കോട്ടയം ഡിവിഷനിൽ ചങ്ങനാശേരി മണ്ഡപത്തുംവാതിലിൽ (ഇന്നത്തെ താലൂക്കു് സംജ്ഞകൊണ്ടു് പഴയകാര്യോപയോഗിച്ചിരുന്ന വാക്കു്) എ. ഡി. 1956 വരെ നീലമ്പേരൂർ പ്രദേശം ഉൾപ്പെട്ടിരുന്നു.

എ. ഡി. 1956 നവമ്പറിൽ കുട്ടനാട് താലൂക്കു രൂപീകരിച്ചപ്പോൾ നീലംപേരൂർ പ്രദേശം കുട്ടനാട് താലൂക്കിലായി. പിന്നീടു് പഴയ കൊല്ലം ജില്ലയുടേയും, കോട്ടയം ജില്ലയുടേയും ഏതാനും ഭാഗങ്ങളും ചേർത്തു് 1957 ഓഗസ്റ്റ് 27 നു് ആലപ്പുഴ ജില്ല രൂപീകരിച്ചപ്പോൾ നീലംപേരൂർ പ്രദേശം ആലപ്പുഴ ജില്ലയുടെ ഭാഗമായിതീർന്നു.

4. പഞ്ചായത്തിന്റെ ഭരണപരമായ ചരിത്രം

തിരുവിതാംകൂറിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിലവിലുണ്ടായിരുന്നു. 1940–ൽ തിരുവിതാംകൂറിൽ ഗ്രാമയൂണിയൻ നിയമം നടപ്പാക്കിയെങ്കിലും ഗ്രാമയൂണിയനുകളും പതുക്കെയാണു് രൂപീകരിക്കപ്പെട്ടതു്.

എ. ഡി. 1948 ഏപ്രിൽ 25 നു് (1123 മേടം 13) ചങ്ങനാശേരി താലൂക്കിൽ ഉൾപ്പെട്ട കുറിച്ചി വില്ലേജ് യൂണിയൻ (പ്രാദേശിക ഭരണ സംവിധാനം) നിലവിൽവന്നു. കുറിച്ചി വില്ലേജ് യൂണിയന്റെ ആദ്യ യോഗം അന്നാണു ചേർന്നതു്.

കുറിച്ചി വില്ലേജ് യൂണിയന്റെ ഭരണസമിതി അംഗങ്ങളും.

കെ. പി. അബ്രാഹാം (പ്രസിഡന്റ്)

സി. എം. പോൾ (മെമ്പർ)
പി. സി. ആൻഡ്രൂസ് (,,)
ചെറിയാൻ. കെ. പാലാത്ര (,,)
എൻ. പരമേശ്വരൻ ഇളയത്ത് (,,)
റവ. റവ. കേശവൻ ശാസ്ത്രി (,,)

കുറിച്ചി വില്ലേജ് യൂണിയനിൽ നീലം പേരൂർ, കുറിച്ചി, ഇത്തിത്താനം എന്നീ പ്രദേശങ്ങൾ (പകുതികൾ) ഉൾപ്പെട്ടിരുന്നു. 1952 ജനുവരി 29 നു് കുറിച്ചി വില്ലേജ് യൂണിയൻ നീലംപേരൂർ വില്ലേജ് പഞ്ചായത്തായി രൂപാന്തരപ്പെട്ടു. കുറിച്ചിയിൽ നിന്നും വിടത്തിയ ഇത്തിത്താനവും പുതിയതായി ചേന്നങ്കരി പ്രദേശവും നീലംപേരൂർ വില്ലേജ് പഞ്ചായത്തിന്റെ പരിധിയിൽ വന്നു. പിന്നീടു് ഇത്തിത്താനം വാഴപ്പള്ളി പഞ്ചായത്തിന്റെ പരിധിയിലേക്കുമാറി.

1948–ൽ നിലവിൽവന്ന പഞ്ചായത്തു് ഭരണസമിതി അഞ്ചരവർഷത്തെ ഭരണത്തിനു ശേഷം 1953 ജൂലൈ 5 നു് ചാർജ്ജ്വിട്ടു. 1953–ൽ ആദ്യമായി പഞ്ചായത്തു് തെരഞ്ഞെടുപ്പുനടന്നു. 1953 ജൂലൈ 28 നു് പുതിയ പഞ്ചായത്തു ഭരണസമിതി നിലവിൽവന്നു.

ആദ്യത്തെ ഭരണസമിതി അംഗങ്ങൾ.

കെ. ഹരേന്ദ്രനാഥ് (പ്രസിഡൻറ്)
എൻ. രാമൻപിള്ള (വൈസ് പ്രസിഡൻറ്)
റവ. കെ. ദാമോദരക്കുറുപ്പ് (മെമ്പർ)
റവ സി. ചാക്കോ (,,)
പി. കെ. രാമകൃഷ്ണൻ (,,)
കെ. പി. ഗോപാലകൃഷ്ണൻ (,,)
സി. പി. കുര്യൻ (,,)

1963–ൽ കേരളത്തിലെ ആദ്യത്തെ പഞ്ചായത്തു് തെരഞ്ഞെടുപ്പു നടന്നു. 1963 ഡിസംബർ 26–ാം തീയതി പുതിയ ഭരണസമിതി നീലം പേരൂർ പഞ്ചായത്തിൽ നിലവിൽവന്നു.

ഭരണസമിതി അംഗങ്ങൾ.

പി. ജെ. ജോസഫ് (പ്രസിഡൻറ്)
കെ. എസ്. നാരായണപിള്ള (വൈസ് പ്രസിഡൻറ്)
സി. ഫിലിപ്പ് (മെമ്പർ)
എ. സി. കുറിയാക്കോസ് (,,)
പി. എൻ. രാമചന്ദ്രൻനായർ (,,)
കെ. സി. മാത്തുള്ളാമാപ്പിള്ള (മെമ്പർ)
കെ. കെ. ദേവരാജൻ (,,)
(റിസർവേഷൻ)
റവ. പി. പത്മിനി
(നോമിനേറഡ് വനിതാമെമ്പർ)

ഈ ഭരണസമിതി നീണ്ട 15 കൊല്ലം ഭരണത്തിലിരുന്നു. 1979–ൽ കേരത്തിലെ രണ്ടാമത്തെ പഞ്ചായത്തു തെരഞ്ഞെടുപ്പ് നടന്നു. 1979 സെപ്റ്റംബർ 29 നു് പുതിയ ഭരണസമിതി അധികാരത്തിൽ വന്നു.

ഭരണസമിതി അംഗങ്ങൾ.

കെ. പത്മനാഭൻ (പ്രസിഡൻറ്)
എ. സി. തോമസ് (വൈസ് പ്രസിഡൻറ്)
വി. ജി. കുട്ടപ്പൻ (മെമ്പർ)
കെ. ജി. ദാമോദരൻനായർ (,,)
എ. കെ. ഗോപാലൻ (,,)
ബോസ് നാരായണൻ (,,)
ജോർജ് തോമസ് (,,)
അന്നമ്മ സ്കറിയ (,,)

1984ൽ തെരഞ്ഞെടുക്കപ്പെട്ടഭരണസമിതിയുടെ കാലാവധി അവസാനിച്ചെങ്കിലും '84–'88 വരെ പഞ്ചായത്തു ഭരണം ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമായിരുന്നു. 1988 ജനുവരി 23 നു് മൂന്നാമത്തെ പഞ്ചായത്തു തെരഞ്ഞെടുപ്പ്. '88 ഫെബ്രുവരി 9 നു് പുതിയ ഭരണസമിതി നിലവിൽവന്നു.

ഭരണസമിതി അംഗങ്ങൾ.

കെ. പത്മനാഭൻ (പ്രസിഡൻറ്)
എൻ. രാധാമണിയമ്മ (വൈ: പ്രസിഡൻറ്)
മാധവി. പി. (മെമ്പർ)
തോമസ് ഉതുപ്പാൻ (,,)
പി. പരമേശ്വരൻപിള്ള (,,)
കെ. ഗോപി (,,)
എം. പി. ദേവരാജ് (,,)
സി. ചെല്ലപ്പൻ (,,)

1995 സെപ്റ്റംബർ 25 നു് പഞ്ചായത്തു രാജ്സ്ഥാപനങ്ങളിലേക്കുള്ള ആദ്യത്തെതെരഞ്ഞെടുപ്പ്നടന്നു. 1995ഒക്ടോബർ 4നു്പുതിയ ഭരണസമിതിപഞ്ചായത്തിൽ അധികാരമേറ്റു.

ഭരണസമിതി അംഗങ്ങൾ.

എം. റവ. ചന്ദ്രൻ (പ്രസിഡൻറ്)

സൂസമ്മ ഏബ്രഹാം (വൈസ്പ്രസിഡൻറ്)
ഏബ്രാഹം തോമസ്
(സ്റ്റാൻറിംഗ്കമ്മറ്റി ചെയർമാൻ)
വി. കെ. ചെറിയാൻ (മെമ്പർ)
ഷൈലമ്മ രവി (,,)
കെ. ഗോപകുമാർ (,,)
എം. പി. ദേവരാജ് (,,)

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ.

1. വില്ലേജ് ആഫീസ്
2. കൃഷിഭവൻ
3. ആയുർവേദ ആശുപത്രി
4. പ്രൈമറി ഹെൽത്തുസെൻറർ–2 എണ്ണം
5. പോസ്റ്റോഫീസ്–6 എണ്ണം
[നീലംപേരൂർ, ഈര, ചെറുകര, കൈനടി, കിഴക്കേചേന്നങ്കരി, നാരകത്ര]
6. കെ. എസ്. ഇ. ബി. ഓഫീസ്–3.
[ഈര, വാലടി, കാവാലം]
7. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ.
8. കാവാലം വില്ലേജ് ഓഫീസ്
9. ഹോമിയോ ഡിസ്പെൻസറി
10. കുടുംബക്ഷേമകേന്ദ്രം
11. വെറ്റിനറി ഡിസ്പെൻസറി
12. നീലംപേരൂർ, ഈര ഗവ:
എൽ. പി. സ്കൂൾ
13. നാരകത്ര–ചേന്നങ്കരി ഗവ: യു. പി.
സ്കൂൾ
14. വി. ഇ. ഒ. ഓഫീസ് (ഈര, വാലടി, കൈനടി)

പഞ്ചായത്തു് ഓഫീസ് കെട്ടിടത്തിനു് 1969 സെപ്റ്റംബർ 8–ാം തീയതി ശ്രീ. പി എൻ. രാമചന്ദ്രൻനായർ തറക്കല്ലിട്ടു. 1971 ജനുവരി 11–ാം തീയതി കെട്ടിടത്തിൻെറ ഔപചാരികമായ ഉദ്ഘാടനം നടന്നു. കൂടുതൽ സൗകര്യങ്ങളോടുകൂടി ഇന്നുകാണുന്ന ഓഫീസ്കെട്ടിടം 1993 ജൂൺ 7–ാം തീയതിയാണു് ഉദ്ഘാടനം ചെയ്യപ്പെട്ടതു്.

ഇപ്പോഴത്തെപഞ്ചായത്തു് സെക്രട്ടറി ശ്രീ ഈ. എം. തോമസ് ആണു്. ശ്രീമതി ജെ. ലളിതമ്മ [ഹെഡ് ക്ലാർക്കു്] ശ്രീ വി. പി. മോഹൻദാസ്, ശ്രീമതി ആർ. ശ്രീദേവി [യു ഡി. ക്ലാർക്കുമാർ] ശ്രീമതി പി. ശാരദാമണി അമ്മ, കുമാരി രഞ്ജിമ [എൽ. ഡി. ക്ലാർക്കുമാർ] ശ്രീ കെ. ഗോപാലകൃഷ്ണൻ [പ്യൂൺ] എന്നിവരാണു് പഞ്ചായത്തു് ജീവനക്കാർ.

ജനകീയാസൂത്രണ പരിപാടിയുടെ ഒന്നാം ഘട്ടം മെച്ചപ്പെട്ടരീതിയിൽ സംഘടിപ്പിക്കപ്പെട്ടു. തുടർന്നുള്ള പ്രവർത്തനങ്ങൾ അല്പം മന്ദഗതിയിലായിരുന്നു. ഗ്രാമസഭകളിലെ ചർച്ചകളിലുയർന്നുവന്നിട്ടുള്ള വികസന പ്രശ്നങ്ങളും അവയുടെ താരതമ്യ പ്രാധാന്യവുമൊക്കെ കണക്കിലെടുത്താണു് വികസനരേഖ തയ്യാറാക്കിയിട്ടുള്ളതു്. ദ്വിതീയ വിവരശേഖരണത്തിൽ നിന്നും കിട്ടിയ വിവരങ്ങൾ, സെൻസസ് രേഖകൾ, വകുപ്പു റിപ്പോർട്ടുകൾ, കോർഗ്രൂപ്പ് അംഗങ്ങൾ ശേഖരിച്ച വിവരങ്ങൾ, പഞ്ചായത്തിലെ പ്രായംചെന്നവരോടു് ചോദിച്ചു മനസ്സിലാക്കിയ വിവരങ്ങൾ എന്നിവയാണു് വികസനരേഖ തയാറാക്കുന്നതിനു് അവലംബമാക്കിയിട്ടുള്ളതു്.

ജനകീയാസൂത്രണപരിപാടിയുടെ പ്രധാന ഘട്ടമായ വികസന സെമിനാർ കർമ്മസേനകളുടെ രൂപീകരണം, വികസനപദ്ധതി തയാറാക്കൽ എന്നിവ പൂർണ്ണമനസോടെ വിജയിപ്പിക്കുവാൻ നാം പ്രതിജ്ഞാബദ്ധമാണു്.

5. സാമൂഹിക സാംസ്കാരിക ചരിത്രം

കുട്ടനാടൻ മേഖലയിലെ സാമൂഹ്യ ചലനങ്ങൾ ഏറിയോ കുറഞ്ഞോ നീലംപേരൂർ പഞ്ചായത്തു പ്രദേശത്തു് അനുഭവപ്പെട്ടിട്ടുണ്ടു്. സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യം നീലംപേരൂർ പ്രദേശത്തിനു് അവകാശപ്പെടാനാവും.

പ്രാചീന കേരളചരിത്രത്തിൽ പ്രസിദ്ധനായ ചേര ചക്രവർത്തി ചേരമാൻ പെരുമാൾ ഹിന്ദുമതമുപേക്ഷിച്ചു് ബുദ്ധമതം സ്വീകരിച്ചു് കൊടുങ്ങല്ലൂർ തിരുവഞ്ചിക്കുളത്തുനിന്നു നീലംപേരൂർവന്നു് രാജധാനി സ്ഥാപിച്ചു കുറേക്കാലം ബുദ്ധോപാസകനായി കഴിഞ്ഞ

വെന്നും പിന്നീട് ഇവിടെവെച്ചുതന്നെ അന്തരി ച്ചുവെന്നും ഐതീഹ്യം ഉണ്ട്. പള്ളിബാണ പെരുമാളിന്റെ ചെറിയൊരു പ്രതിമ നീലം പേരൂർ ക്ഷേത്രത്തിൽ സൂക്ഷിക്കപ്പെട്ടിരുന്നു. കേരളോല്പത്തിയിൽ പരാമർശിക്കപ്പെട്ടന്ന പള്ളിബാണപ്പെരുമാനും വാണരുളിയ നീലം പേരൂർ കേരളത്തിന്റെ പ്രാചീനചരിത്രത്തിൽ നിർണ്ണായക സ്ഥാനം വഹിച്ചിരുന്നു.

മലങ്കര സുറിയാനി ക്രൈസ്തവ സമുദായത്തിലെ ഇടവക പള്ളികളിൽ പുരാതനമായ നാലാമത്തെപള്ളി നീലംപേരൂരിലാണ്. എ. ഡി. 1842-ൽ സ്ഥാപിക്കപ്പെട്ട നീലംപേരൂർ വലിയ പള്ളിയേപ്പറ്റി പഴയ പള്ളിപ്പാട്ടുകളിലും കേരള ചരിത്ര ഗ്രന്ഥങ്ങളിലും പരാമർശങ്ങളുണ്ട്.

500-ൽ അധികം വർഷത്തെ പഴക്കമുള്ള ഈരയിൽ കുട്ടമ്മേൽ ദേവീക്ഷേത്രം, എ. ഡി. 1900-ൽ സ്ഥാപിതമായ കൈനടി പള്ളി, 1906-ൽ സ്ഥാപിതമായ രക്ഷാസൈന്യപള്ളി 1946-ൽ ആരംഭിച്ച ഈര ലൂർദ്ദുമാതാ ചർച്ച്, 1103-ൽ ശ്രീനാരായണഗുരുദേവൻ നേരിട്ട രജിസ്ട്രേഷൻ നൽകിയ കേരളത്തിലെ 1-ാം നമ്പർ പുല്ലായം എസ്. എൻ. ഡി. പി. ശാഖ, കൈനടിയിലെ പ്രാചീന കരുമാത്ര ക്ഷേത്രം, പുരാതന വാലടിക്കാവ് ക്ഷേത്രം, ഈര സുബ്രഹ്മണ്യ ക്ഷേത്രം, ചെറുകര പള്ളി, നടുവത്തുപാടം സി. എസ്. ഐ. പള്ളി എന്നിവ നീലംപേരൂർ ജനതയുടെ വിശ്വാസ പ്രതീകങ്ങളാണ്.

കേരളത്തിനകത്തും പുറത്തും പ്രസിദ്ധി നടിയ നിരവധി സാമൂഹ്യ-സാംസ്കാരിക പ്രതിഭകളെ നമ്മുടെ നാട് സംഭാവന ചെയ്തിട്ടുണ്ട്. 1968-ൽ കേന്ദ്രസംഗീതനാടക അക്കാദമി അവാർഡ് നേടിയ കഥകളി പ്രതിഭ കുഞ്ചി കുഞ്ഞൻ പണിക്കരാശാൻ, കഥകളി ആചാര്യനായിരുന്ന കൊച്ചുപ്പി രാമന്മാർ, നീലംപേരൂർ ഗോപാലപിള്ള, നീലംപേരൂർ നാരായണപിള്ള, നീലംപേരൂർ ഗോപാലപ്പണിക്കർ,ആട്ടകഥാകാരനും കഥകളി ഗായകനുമായിരുന്ന നീലംപേരൂർ കുട്ടപ്പപ്പണിക്കർ എന്നിവർ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചവരാണ്.

ഹൈക്കോടതി രജിസ്ട്രാറായിരുന്ന എ. സി. കരുവിള (ഏലാങ്കളം), കുട്ടനാട്ടിലൊട്ടാകെ അറിയപ്പെടുന്ന കർഷകപ്രമുഖനും നീലംപേരൂർ പഞ്ചായത്തു് പ്രസിഡന്റുമായിരുന്ന പി. ജെ. ജോസഫ്, അഷ്ടവൈദ്യ വിശാരദന്മാരായ കുത്തുകേശവ കൈമൾ, വെളുത്തകേശവ കൈമൾ, ശങ്കരപ്പിള്ള വൈദ്യർ (നീലംപേരൂർ), ചെറുകര ആർ. നാരായണൻ, കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതിയുടെ ജീവാത്മാവും കേരള ഗ്രന്ഥശാലാസംഘത്തിന്റെ സ്ഥാപകനുമായ പി. എൻ പണിക്കർ, നായർ സർവ്വീസ് സൊസൈറ്റിയുടെ സ്ഥാപകാംഗങ്ങളിൽ പ്രധാനിയും ചങ്ങനാശേരി മജിസ്ട്രേട്ട് കോടതിയിൽ സീനിയർ ജഡ്ജിയുമായിരുന്ന നൈനാടത്തു് ത്രിവിക്രമകൈമൾ, ഈര ആർ. വി. എൽ. പി. എസിന്റെ സ്ഥാപകൻ നൈനാടത്തു് രാമകൈമൾ, ഈര ദേവിവിലാസം മിഡിൽസ്കൂൾ (ഇപ്പോഴത്തെ എൻ. എസ്. എസ്. യു. പി. എസ്.) സ്ഥാപകൻ ഇലഞ്ഞിക്കത്തറ ഐ. എസ്. ജി. കർത്താ, മദിരാശി ഗവർണ്ണറായിരുന്ന ഏ. ജെ. ജോൺ, സാഹിത്യ പ്രതിഭകളായിരുന്ന എൻ. പി. പണിക്കർ, നീലംപേരൂർ രാമകൃഷ്ണൻനായർ, ഡോക്ടർ എസ്. കെ. നായർ, എന്നിവർ ഈ നാടിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. പ്രശസ്ത കവി നീലംപേരൂർ മധുസൂദനൻനായർ, ഡോക്ടർ ചന്ദ്രികാ ശങ്കരനാരായണൻ, അസുരവാദ്യ വിദഗ്ദ്ധൻ ചെമ്പൻ, രാഷ്ട്രീയ പ്രവർത്തകനും നീലംപേരൂർ പഞ്ചായത്തു പ്രസിഡന്റുമായിരുന്ന കെ. പത്മനാഭൻ, നീലംപേരൂരിൽ നിന്നുള്ള ആദ്യത്തെകുട്ടനാട് എം. എൽ. എ. ഈപ്പൻ കണ്ടക്കുടി എന്നിവർ നീലംപേരൂർ കാരാണ്.

പഞ്ചായത്തു പ്രദേശത്തെ 85 % നിലങ്ങളും പുരയിടങ്ങളും പണ്ടുകാലത്തു് എതാനും കുടുംബങ്ങളുടെ കൈവശത്തിലായിരുന്നു. ഫ്യൂഡൽ ജന്മി നാടുവാഴിത്തത്തിനേറെതായ സാമൂഹ്യ വ്യവസ്ഥക്കെതിരേയുള്ള നിരവധി പോരാട്ടങ്ങളും, തൊഴിൽ സമരങ്ങളും, കൂലിക്കൂടുതലിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങളും, കാർഷിക

സമരങ്ങളും തുടങ്ങിയവ പഞ്ചായത്തു പ്രദേശത്തു ശക്തമായി നടന്നിരുന്നു. സമൂഹത്തിലെ ബഹുഭൂരിപക്ഷംവരുന്ന സാധാരണ ജനജീവിതത്തെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക പുരോഗതിയിലേക്കു നയിക്കുവാൻ ഇതു കുറച്ചൊന്നുമല്ല ഉപകരിച്ചതു്.

പഞ്ചായത്തു പ്രദേശത്തു് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ ഔപചാരിക വിദ്യാഭ്യാസത്തിനു് തുടക്കം കുറിച്ചു. അതിനു മുൻപു് നിലത്തെഴുത്തു കളരികളാണു് നിലവിലുണ്ടായിരുന്നതു്.

വിവിധ വികസന മേഖലകളിൽ (ഗ്രന്ഥശാല, വൈദ്യുതി, ഗതാഗതം, പോസ്റ്റാഫീസു്, ടെലിഫോൺ, വിദ്യാഭ്യാസം, ആരോഗ്യം, സഹകരണസംഘം) പഞ്ചായത്തു് ക്രമേണ മുന്നേറിയതിന്റെ ചരിത്രം നമുക്കു് പ്രത്യാശയും പ്രതീക്ഷയും ഭാവിയിലെ പ്രവർത്തനങ്ങൾക്കു കരുത്തും ഊർജ്ജവും പകർന്നു നൽകുന്നതാണു്.

6. ഭൂപ്രകൃതി, വിഭവങ്ങൾ, ജനങ്ങൾ

ഭൂപ്രകൃതി അനുസരിച്ചു് നീലംപേരൂർ മുഖ്യമായും മൂന്നു മേഖലകളായി തിരിക്കാം.

1) ഉയർന്ന പ്രദേശം.
2) വെള്ളം കെട്ടികിടക്കുന്ന പരന്ന താഴ്ന്ന പ്രദേശം. (**Wet lands**)
3) ജലാശയഭാഗങ്ങൾ.

ഇവയിലോരോന്നിന്റെയും വിസ്തൃതി ചുവടെ ചേർക്കുന്നു.

പട്ടിക

	ഇനം	വിസ്തീർണ്ണം (ഹെക്ടർ)
1.	ഉയർന്നപ്രദേശം പുരയിടം	240 . 00
2.	**Wet lands**	
	1 കരപ്പാടം	1683 . 00
	2 കായൽപ്രദേശം	1977 . 00
	3 തരിശ്ശു്	20 . 00
	4 പുറമ്പോക്കു്	80 . 00
3.	ജലാശയഭാഗങ്ങൾ	
	1 തോടുകൾ	കണക്കാക്കപ്പെട്ടിട്ടില്ല
	2 പുഴകൾ	ഇല്ല
	3 നദികൾ	ഇല്ല
	ആകെ	4000 . 00

ഉയർന്ന പ്രദേശം

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം 3–ാം വർഡിന്റെ മധ്യഭാഗം ഉൾപ്പെട്ടന്ന നീലംപേരൂരാണു്. ചീങ്കൽ പാറകൾ ഇവിടെ സ്ഥിതിചെയ്യുന്നു. ചെങ്കല്ലുനിറഞ്ഞ ചുവന്ന മണ്ണു് ഇവിടെ മാത്രമാണു് കാണപ്പെടുന്നതു്. പച്ചക്കറി കൃഷിക്കു പറ്റിയതാണീ പ്രദേശം.

Wet lands

മണ്ണിന്റെ സ്വഭാവഗുണമനുസരിച്ചും ഉയർച്ച താഴ്ചയുടേയും അടിസ്ഥാനത്തിൽ വെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന പ്രദേശങ്ങളെ കായൽ പ്രദേശമെന്നും, കരപ്പാടമെന്നും രണ്ടായി തരംതിരിക്കാം.

പഞ്ചായത്തിലെ ഭൂരിഭാഗവും പരന്ന താഴ്ന്ന പ്രദേശമാണു്. ജലനിരപ്പു് ഒരടിയോ രണ്ടടിയോ മാത്രമുയർന്നാൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തും രൂക്ഷമായ വെള്ളപ്പൊക്കം അനുഭവപ്പെടും.

ഇവിടെ കൃഷിചെയ്യാൻ തുടങ്ങിയിട്ടു് 85 വർഷമേ ആയിട്ടുള്ളു. 1970 കളിലാണു് രണ്ടാം കൃഷി തുടങ്ങിയതു്. എന്നാൽ രണ്ടാം കൃഷിയിൽനിന്നുള്ള ലാഭം കുറയുകയും ശക്തമായ കീടബാധയും വെള്ളപ്പൊക്ക ഭീഷണിയും കാർഷിക തൊഴിലാളികളുടെ ഔദ്യോഗികതയും തുടരെ അനുഭവപ്പെടുകയും ചെയ്തതിനാൽ രണ്ടാം കൃഷി ഉപേക്ഷിക്കപ്പെട്ടു.

കരപ്പാടങ്ങളിലെ മണ്ണു് കറുത്ത നിറമുള്ളതും ഭാരം കുറഞ്ഞതും പുളിരസമുള്ളതുമാണു്. ചില പ്രദേശങ്ങളിൽ മണ്ണിനു് ചുവപ്പുനിറമാർന്ന തവിട്ടുനിറമാണു്. ഈ മണ്ണിൽ വർഷകാലത്തു് ധാരാളം എക്കൽവന്നു ചേരുന്നതുകൊണ്ടാണു്. ഈ നിറവും വളക്കൂറും ഉണ്ടായതു്.

നെൽകൃഷിക്ക് ഏറ്റവും യോജിച്ചതാണീ മണ്ണ്. എല്ലായിടങ്ങളിലേയും മേൽ മണ്ണിനു താഴെ ധാരാളം ജീർണ്ണിച്ച ജൈവാവശിഷ്ടങ്ങൾ കാണാം. വേനൽക്കാലാവസരങ്ങളിൽ പരിമിതമായ തോതിൽ ഉപ്പുരസമുള്ള വെള്ളം ഇവിടെ കയറാറുണ്ട്.

സമുദ്രനിരപ്പിൽനിന്നും 1 . 5 മുതൽ 2 . 5 മീറ്റർവരെ താഴ്ന്ന കിടക്കുന്ന വേമ്പനാട്ടു കായലിൽനിന്നു നികത്തി എടുത്തതാണ് കായൽ പ്രദേശം. അംശാംശം മിതമായ അളവിലുള്ള ഇവിടത്തെ മണ്ണിൽ പോഷകാംശങ്ങൾ കുറവാണ്.

3. ജലാശയ ഭാഗങ്ങൾ.

തോടുകൾ, കനാലുകൾ ഇവയൊക്കെ ഇതിൽ ഉൾപ്പെടുന്നു. കുട്ടനാടിന്റെ പ്രധാന ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന തോടുകൾ ഈ പഞ്ചായത്തിൽകൂടി കടന്നുപോകുന്നു. പണ്ടുകാലത്ത് കോട്ടയം ചങ്ങനാശേരി പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാന തോട് ഈ പഞ്ചായത്തിലൂടെ ആയിരുന്നു.

കാലാവസ്ഥ.

സാധാരണ കാലാവസ്ഥയിൽ 70°F മുതൽ 90°F വരെ ചൂട് അനുഭവപ്പെടാറുണ്ട്. അന്തരീക്ഷവായുവിലെ ഈർപ്പം വളരെ കൂടുതലാണ്. പ്രതിവർഷം 115'' മഴയാണ് ഉണ്ടാവുക പതിവ്. ഇതിൽ 83% വും കാലവർഷ – തുലാവർഷത്തിൽനിന്നും ലഭിക്കുന്നു.

ജനുവരി–ഫെബ്രുവരി മാസങ്ങളിലായി ആരംഭിക്കുന്ന വരൾച്ചാകാലം, മാർച്ച്–ഏപ്രിൽ മെയ് മാസങ്ങളോടെ പൂർണ്ണമാകുന്ന വേനൽക്കാലം മെയ്–ജൂൺ–ജൂലയ് മാസങ്ങളിൽ വർഷക്കാലം എന്നിങ്ങനെയാണ് നമുക്ക് അനുഭവപ്പെടുന്ന കാലാവസ്ഥ.

മാവ്, പ്ലാവ്, തെങ്ങ്, ആഞ്ഞിലി, കമുക് പൂവരശ്, പന തുടങ്ങിയ ഒട്ടുമിക്ക മരങ്ങളും ഇവിടെ കണ്ടുവരുന്നു. മത്സ്യങ്ങളിൽ കരിമീൻ, വരാൽ, പള്ളത്തി എന്നിവ തോടുകളിലും പുഞ്ചപ്പാടങ്ങളിലും കാണപ്പെടുന്നു. മുള്ളൻ, ആടൽ, കരിങ്കൂവളം, കവട, വരിനെല്ല് കോര, കതിര, കാക്കപ്പോള, ആഫ്രിക്കൻ പായൽ എന്നിങ്ങനെയുള്ള സസ്യ ജാലങ്ങളും അധികമായി പുഞ്ചപ്പാടങ്ങളിൽ കണ്ടുവരുന്നു.

ജനങ്ങൾ

1991–ലെ സെൻസസ് കണക്കുകൾ അനുസരിച്ച് നീലംപേരൂരിലെ ജനസംഖ്യ 14427 ആയിരുന്നു. ഇതിൽ 7227 പുരുഷന്മാരും 7200 സ്ത്രീകളുമാണ്. ആകെ വീടുകൾ 3263 ആയിരുന്നു.

വാർഡു തലത്തിലുള്ള ജനസംഖ്യാ വിവരങ്ങൾ കൂടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക.

വാർഡുതല ജനസംഖ്യാവിവരപ്പട്ടിക. (1991)

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പട്ടികജാതി കുടുംബം
1	574	600	1174	47
2	426	425	851	25
3	574	555	1129	23
4	1083	1030	2113	103
5	1047	1030	2077	126
6	1346	1248	2594	118
7	967	932	1899	66
8	1027	1057	2084	88

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്. കൃഷി ആദായകരമല്ലാതെ വന്നതോടുകൂടി പലരും മറ്റു മേഖലകൾതേടി പോയിരിക്കുന്നു.

തൊഴിൽമേഖലയിലെ ഏറെപ്പേരും കാർഷികമേഖലയിൽ പണിയെടുക്കുന്നവരാണ്. കർഷകത്തൊഴിലാളികളിൽ ഭൂരിപക്ഷം പേരും സ്ത്രീകളാണ്.

വിദ്യാഭ്യാസപരമായി വളരെയേറെമുന്നിലല്ലെങ്കിലും എസ്. എസ്. എൽ. സി. വിദ്യാഭ്യാസം ലഭിച്ചവരാണ് പുതിയ തലമുറയിലെ കൂടുതൽ പേരും. സാങ്കേതിക ബിരുദംലഭിച്ചവർ കുറവാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മപ്രശ്നമാണ്.

പഠനനിലവാരത്തിൽ വളരെയൊന്നും മുന്നിലല്ല നമ്മുടെ പഞ്ചായത്ത്.

7. (1) കൃഷി, ജലസേചനം

നീലംപേരൂർ കാർഷിക ഗ്രാമമാണ്. മുഖ്യകൃഷി നെല്ല്. 1683 ഹെക്ടർ കായൽ നിലങ്ങളും 1977 ഹെക്ടർ പുഞ്ചപ്പാടങ്ങളും (കരപ്പാടങ്ങളും) ആണ് പഞ്ചായത്തിലുള്ളത്. നെല്ലുകഴിഞ്ഞാൽ തെങ്ങാണ് കൂടുതൽ കൃഷി ചെയ്യപ്പെടുന്നത്. വാഴ, പച്ചക്കറികളും എന്നിവ ഇടവിളയായി കൃഷിചെയ്യുവരുന്നുണ്ട്. കൃഷിവകുപ്പ് ഒരുകാലത്തു് പ്രോത്സാഹിപ്പിച്ചിരുന്ന കൊക്കോ ഇന്നും ചില സ്ഥലങ്ങളിൽ മാത്രമാണ് കൃഷിചെയ്യുന്നത്.

പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഭൂരിഭാഗവും പണ്ടുകാലത്തു് ഏതാനും കുടുംബങ്ങളുടെ വകയായിരുന്നു. ഭൂപരിഷ്കരണ നിയമം ഇതിനു മാറ്റം വരുത്തി. ഇന്നു് സ്വന്തമായി കൃഷിയിടങ്ങളുള്ള കർഷകരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പഴയകാലത്തു് ഉപയോഗിച്ചിരുന്ന കുഞ്ഞുതിക്കിര, ചെമ്പാവ്, വെള്ളതിക്കിര, പൊന്നാര്യൻ തുടങ്ങിയ വിത്തുകളും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. അത്യുല്പാദനശേഷിയുള്ളവിത്തിനങ്ങളായ ജ്യോതി, ജയ, ഐ.ആർ. എട്ടു് എന്നിവ കർഷകർ ഉപയോഗിക്കുന്നു. മുണ്ടകയേയും കുലവാട്ടത്തേയും കുറെയൊക്കെ ചെറുക്കുന്നമധ്യകാല മൂപ്പിനമായ ജ്യോതി (110–115 ദിവസം) യോടാണ് കർഷകർക്കു് ഏറെ പ്രിയം.

നെല്ലിനുണ്ടാകുന്ന രോഗങ്ങളകറ്റാൻ ചാഴിവിലക്കു് പണ്ടുകാലങ്ങളിൽ നടത്തിയിരുന്ന ചാഴിയും, പുഴവും കർഷകരെ വളരെയധികം അന്നൊക്കെ പ്രയാസപ്പെടുത്തിയിരുന്നു. പ്രത്യേക പുഴവടിക്കൊട്ട സർവ്വസാധാരണമായിരുന്നു. ഇന്നു് ആധുനികരീതിയിലുള്ള കീടനാശിനികളും, കുമിൾ നാശിനികളും, കളനാശിനികളും കർഷകർ ഉപയോഗിച്ചുവരുന്നു. എന്നാൽ ഇവ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട രീതികളോ, ഉപയോഗക്രമങ്ങളോ കർഷകർ കൃത്യമായി പാലിക്കാറില്ല. രാസവള പ്രയോഗത്തിലും അശാസ്ത്രീയതകാണാം. കർഷകർക്കു് ഇക്കാര്യത്തിൽ ശാസ്ത്രീയ താല്പര്യം ഉണ്ടാക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങളും കൃഷിഭവന്റെ നേതൃത്വത്തിൽനടത്തണം.

ജൈവവളങ്ങളും പുഞ്ചപ്പാടങ്ങളിൽ ഇന്നു് പ്രയോഗിക്കാറേയില്ല. ഇതു് ഉല്പാദനത്തെ ബാധിച്ചിട്ടുണ്ട്. നാടൻ കാർഷികോപകരണങ്ങളായ ചക്രവും പത്തായവും പാടശേഖരങ്ങളിൽ അപൂർവ്വ വസ്തുവാണ്. ആധുനിക കാർഷികോപകരണങ്ങളായ ട്രാക്ടർ, ട്രില്ലർ, പവർ സ്പ്രേയർ, നാപ്സ്നാക് സ്പ്രെയർ എന്നിവധാരാളമായി പ്രയോഗത്തിലുണ്ട്.

കൃഷിഭവനുകളുടെ മേൽനോട്ടത്തിലുള്ള പാടശേഖരസമിതികളും ചിലപാടശേഖരങ്ങളിൽ സജീവമാണ്. കൃഷിഭവന്റെ കീഴിലുള്ള 36 പാടശേഖര സമിതികളെ ഫലപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയണം. സഹകരണ സംഘങ്ങളും വഴിയുള്ള കാർഷിക വായ്പകളും കർഷകർ പ്രയോജനപ്പെടുത്തുന്നുണ്ട് പക്ഷേ മിക്കപ്പോഴും വായ്പകൾ കൃത്യ സമയത്തു് തിരികെ അടയ്ക്കാറില്ലെന്നുള്ള പരാതി ബാങ്ക് അധികാരികളും, സഹകരണ സംഘം ഭാരവാഹികളും എന്നിവരിൽനിന്നും ഉയർന്നവരാറുണ്ട്. മാത്രമല്ല, കാർഷിക ലോണുകളും മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന രീതിയും കാണുന്നുണ്ട്.

പുതിയയിനം നടീൽവസ്തുക്കളും പ്രചരിപ്പിക്കാനുള്ള നേഴ്സറികളും പഞ്ചായത്തിലില്ല. കാർഷിക മേഖലയിൽ തൊഴിലാളികളെ കിട്ടാനില്ലെന്നുള്ളതു് വസ്തുതയാണ്. മിക്കപാടശേഖരങ്ങളിലും ഒരേ സമയത്തു് കൃഷിപ്പണികളും ആരംഭിക്കുന്നതുമൂലം കാർഷിക തൊഴിലാളികളുടെ ദൗർലഭ്യം ഏറിവരികയും ചെയ്യുന്നു. പലപ്പോഴും കൃഷിപ്പണികളും താമസിക്കുന്നതിനും ശരിയായ സമയത്തു് കൃഷിപരിചരണങ്ങളും നൽകുന്നതിനോ ഇതു് തടസം വരുത്തുന്നുണ്ട്. വിള ഇൻഷ്വറൻസ് പാടശേഖര സമിതികൾക്കു ലഭിക്കുന്ന സർക്കാർ സഹായങ്ങളും തുടങ്ങി കൃഷിവകുപ്പുവഴി നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ചു് കർഷകർ വേണ്ടത്ര ശ്രദ്ധയുള്ളവരല്ല.

പഴയ 14000, 24000, മാരാൻ കായൽ

എന്നിവടങ്ങളിൽ കൃഷിപ്പണിസമയത്ത് ശുദ്ധ ജലം ലഭിക്കാറില്ലെന്നുള്ള പരാതി ഉണ്ട്. വ ലിയ കായൽ നിലങ്ങളം (ഉദാ: 24000) ചെറിയ ബ്ലോക്കുകളായി തിരിക്കണമെന്ന ആ ആവശ്യവും നിലവിലുണ്ട്.

ജലസേചനം

പഞ്ചായത്തിലെ തോടുകളിലെ നീരൊ ഴുക്ക് അശാസ്ത്രീയമായ റോഡു നിർമ്മാണം മൂലം തടസപ്പെട്ടിട്ടുണ്ട്. ഇതു് ഒട്ടൊക്കെ കൃഷിയിടങ്ങളെ ബാധിച്ചിരിക്കുന്നു. നീരൊ ഴുക്ക് സുഗമമാക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകണം പുഞ്ചപ്പാടങ്ങളിലെ വെള്ളം വറ്റിച്ച് കൃഷി ഇറക്കുന്ന സമ്പ്രദായമാണ് നമുക്കുള്ളതു്.

കർഷക തൊഴിലാളികളുടെ കൂലിനിര ക്കുകയം പഞ്ചായത്തിൽ ഏറെക്കുറേ ഏകീകൃത മാണ്. പുരുഷ തൊഴിലാളിക്ക് 70 രൂപയും സ്ത്രീതൊഴിലാളിക്ക് 44 രൂപയുമാണ് അംഗീ കൃത കൂലി പ്രാദേശികമായ ഏറ്റക്കുറച്ചിലുകയം കൂലി നിരക്കുകളിൽ പ്രതിഫലിക്കാറുണ്ട്.

കൃഷിഭവൻ

1985–ലാണ് കൃഷിഭവൻ പഞ്ചായ ത്തിൽ വന്നതു്. കൃഷിഭവന്റെ പ്രവത്തനം കർഷകർക്കു പൂർണ്ണമായ തോതിൽ പ്രയോജന പ്പെടുന്നില്ലെന്നുള്ള പരാതി ഉണ്ട്. ഒരു കൃഷി ഓഫീസർ 2 കൃഷിഅസിസ്റ്റന്റന്മാരുള്ള കൃഷി ഭവന്റെ പ്രവർത്തനം ശരിയായരീതിയിൽ കർഷകനു ലഭിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1) പഞ്ചായത്തിൽ 2–ാം കൃഷി പ്രോത്സാഹ ജനകമല്ല. രണ്ടാം കൃഷി നടത്തുന്നതിനു വേണ്ടിബണ്ടുകെട്ടിയപാടശേഖരങ്ങളിൽ പ്പോലും രണ്ടാം കൃഷി ഉപേക്ഷിക്കപ്പെ ട്ടിരിക്കുന്നു.

2) ഉല്പാദനക്ഷമത കുറഞ്ഞുവരുന്നു. പാട ശേഖരങ്ങളിലെ മോട്ടോർ തറകളും പ്ര ധാനപ്പെട്ട വാച്ചാലുകളും ബലമുള്ളവയ ല്ല. ചില പാടശേഖരങ്ങളിൽ പര്യാ പ്തമായ വാച്ചാൽ സൗകര്യം ഇല്ല.

3) അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളം **N S C** വിത്തും കർഷകരുടെ ആവശ്യ ത്തിനു ലഭിയ്ക്കുന്നില്ല.

4) രാസവളം, കീടനാശിനി, കുമിൾനാ ശിനി ഇവ മതിയായ അളവിൽ സബ് സിഡി നിരക്കിൽ ലഭിക്കുന്നില്ല.

5) നെല്ലിനു ന്യായമായ വില കർഷകനു് ഉറപ്പാക്കുന്നില്ല.

6) നെൽകൃഷിക്കുശേഷം വയലുകയം മറ്റൊ ന്നിനും ഉപയോഗപ്പെടുത്തുന്നില്ല.

7) ഇന്നത്തെ പമ്പിംഗ്കോൺട്രാക്ടു് സമ്പ്ര ദായം കഷ്കർക്കു് പ്രയാസമുളവാക്കുന്നു.

8) പാടശേഖരങ്ങളിലെ മോട്ടോറുകളും പ മ്പുസെറ്റും പെട്ടിയും പറയും സ്വകാര്യ ഉടമസ്ഥതയിലാണ്.

9) പമ്പിംഗ് കണക്ഷനുകയം സ്ഥിരമല്ല

10) നെല്ല് സംഭരണ ഗോഡൗണുകയം ഇല്ല. വിളവെടുപ്പു സമയത്തു് ഇടത്തട്ടുകാരുടെ. ചൂഷണം അനുഭവപ്പെടുന്നു. കർഷകനു ന്യായവില ലഭിക്കുന്നില്ല.

11) നീറുകക്കാ, ഡോളോമൈറ്റ് ഇവ കർ ഷകർക്കു് ലഭിക്കുന്നില്ല.

12) ചില പാടശേഖരങ്ങളിലെ മണ്ണ് ക്ഷാ രത്തൽ അംശാംശം ഉള്ളവയാണ്.

13) ചെറുകിട കഷ്കർ, നാമമാത്ര കർഷകർ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നില്ല.

14) വൈദ്യുതി കണക്ഷനുകയം യഥാസമ യം ലഭിക്കുവാൻതടസ്സം അനുഭവപ്പെടുന്നു

15) കൃഷിഭൂമി നികത്തപ്പെടുന്നു.

16) പമ്പിംഗ്ലേലത്തിൽ പങ്കു കൊള്ളാൻ കർഷകർക്കു് പ്രയാസം അനുഭവപ്പെടുന്നു.

17) കാർഷികോല്പന്നങ്ങയം ന്യായമായവി ലയ്ക്കു് സംഭരിക്കാനും വിപണനം നട ത്തുവാനും ഉള്ള സംവിധാനം ഇല്ല.

18) പാടശേഖരങ്ങളിലെ പൊതുമടകയം സം രക്ഷിക്കപ്പെടുന്നില്ല.

19) മണ്ണുപരിശോധന കാര്യക്ഷമമല്ല.

20) തെങ്ങുകൃഷിയിൽനിന്നും കർഷകർ പി തിരിയുന്നു. തെങ്ങുകൃഷിക്കാവശ്യമായ ജൈവവളം ലഭിക്കാറില്ല. നാളികേ

വിപണനസൗകര്യം ഇല്ല.

21) തെങ്ങിനു മരുന്നടിക്കുന്ന സംവിധാനം നിറുത്തലാക്കിയിരിക്കുന്നു. കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റപ്പെടുന്നില്ല. തെങ്ങുപരിശോധന നടക്കുന്നില്ല. നാളികേര വിപണന സൗകര്യം ഇല്ല. പാടശേഖര ബണ്ടുകളിൽ ചെറുകിട തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ജലസേചനത്തിനു പമ്പുസെറ്റുകൾ സബ്സിഡി നിരക്കിൽ ലഭിക്കുന്നില്ല.

22) ഏത്തവാഴകൃഷി, പലവാഴകൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

23) ഏലിനശീകരണത്തിനു് കാര്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നില്ല പാടങ്ങളിൽ ഏലിശല്യം വ്യാപകമാണു്

24) പച്ചക്കറി കൃഷിക്കു് യാതൊരുവിധ താല്പര്യവുമില്ല. ഉല്പാദിപ്പിക്കപ്പെടുന്നപച്ചക്കറികൾ സംഭരിക്കാനും വിപണനം നടത്താനുംഉള്ള സൗകര്യംഇല്ല. അടുക്കളത്തോട്ടങ്ങൾഇല്ലെന്നതന്നെ പറയാം

25) കാർഷികതൊഴിലാളികളുടെ ലഭ്യത കുറവാണു്.

26) കൃഷിയോഗ്യമായ ഭൂമി തരിശായും ചതുപ്പായും സ്ഥിതിചെയ്യുന്നു.

27) കായൽകൃഷിപ്പണി സമയത്തു് യാത്രാസൗകര്യം കുറവാണു്.

28) തണ്ണീർമുക്കം ബണ്ടു് യഥാകാലം തുറക്കണം.

കൃഷിയും ജലസേചനവും സംബന്ധിച്ചു് വാർഡുതിരിച്ചുള്ള പ്രശ്നവിവരണപ്പട്ടിക പ്രത്യേകം തയാറാക്കിയിട്ടുണ്ടു്.

സാധ്യതകൾ, നിർദ്ദേശങ്ങൾ

കാർഷികമേഖലയിലെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൃഷി മെച്ചപ്പെടുത്തുന്നതിനുമുള്ള സാധ്യതകളും കർഷകരുടെ നിർദ്ദേശങ്ങളും ചുവടെ രേഖപ്പെടുത്തുന്നു.

1) പാടശേഖരങ്ങളിൽ 2–ാം കൃഷിനടത്തുന്നതിനും കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതി, നും, നിലവിലുള്ള പാടശേഖര സമിതികളും, കൃഷിവകുപ്പു് ഉദ്യോഗസ്ഥരുംചേർന്നുള്ള പരിശ്രമങ്ങൾ നടത്തണം. കൃഷിയ്ക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കണം.

2) മോട്ടോർതറകളും,വാച്ചാലുകളും ബലപ്പെടുത്തണം. പമ്പിംഗ് സംബന്ധമായ കാര്യങ്ങൾ കൃഷിഭവൻ വഴി ആകണം.

3) അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ മതിയായ അളവിൽ കർഷകനു് **N S C** മുഖേന ലഭ്യമാക്കണം.

4) കൃഷിക്കുശേഷം നെൽവയലുകളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ പ്രചരണം നടത്തണം. വിളവെടുപ്പുകാലത്തു് സഹകരണ സംഘങ്ങൾവഴി നെല്ലു് സംഭരിക്കുന്ന പ്രവർത്തനം കാര്യക്ഷമമാക്കണം. ന്യായവിലചർച്ചചെയ്തു് നേരത്തെ ഉറപ്പാക്കണം. കൃഷിഭവൻ പഞ്ചസ്റ്റാർ ഓഫീസു് വൈദ്യുതി ഓഫീസു് എന്നിവിടങ്ങളിൽ കർഷക പങ്കാളിത്തമുള്ള സമതികൾ രൂപവല്ക്കരിക്കുക. ഈ ഓഫീസുകളുടെ പ്രവർത്തനത്തെ കർഷക സമതികൾ വിലയിരുത്തുകയും മേൽ നോട്ടം നടത്തുകയും വേണം. അഴിമതി കുറയൊക്കെ തടയാൻ ഇതു് ഉപകരിക്കും.

5) യന്ത്രവൽക്കരണം ആവശ്യമായ സ്ഥലങ്ങളിൽ പ്രാവർത്തികമാക്കണം. തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കപ്പെടണം.

6) ആധുനിക കാർഷികോപകരണങ്ങൾ പരിചയപ്പെടുത്തുവാൻ (ഉദാ:– തെങ്ങുകയറ യന്ത്രം, ലെവലിംഗ് പ്ലാങ്കു്, ത്രെഷർ, റീപ്പർ) ഡെമോൺസ്ട്രേഷൻ സമ്പ്രദായം ഉണ്ടാകണം. വിളഇൻഷ്വറൻസ് പദ്ധതി പൂർണ്ണമായും നടപ്പാക്കണം

7) വലിയ കായലുകളെ ചെറിയ ബ്ലോക്കുകൾ ആക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കപ്പെടണം.

8) മോട്ടോർ പമ്പസെറ്റ്എന്നിവ പാടശേ

ഖരസമതികൾക്ക് സ്വന്തമായും അവയുടെ നിയന്ത്രണത്തിലും കൊണ്ടുവരുന്ന കാര്യം പരിശോധിക്കപ്പെടേണ്ടതാണ്.

9) പച്ചക്കറികൃഷിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുവാൻ കഴിയും. ഓരോ വാർഡുകളിലേയും തെരഞ്ഞെടുത്ത കുടുംബങ്ങളിൽ മാതൃകാ അടുക്കളത്തോട്ട നിർമ്മാണത്തിനു് പഞ്ചായത്തു് ധനസഹായം ഏർപ്പെടുത്തണം. പച്ചക്കറികൃഷി പ്രോത്സാഹനത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ അവാർഡ് സംവിധാനം ആവിഷ്കരിക്കാൻ കഴിയണം. ആവശ്യമായ രാസവളം കിടനാശിനി, ചെറിയ പമ്പുസെറ്റ് എന്നിവ ലഭ്യമാക്കണം.

10) വാർഡുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹനത്തിന് വനിതകളുടെ പച്ചക്കറി ക്ലാസ്സ് രൂപീകരിക്കണം. അടുക്കളതോട്ടങ്ങൾ സ്ഥാപിക്കാൻ വനിതകളെ പ്രേരിപ്പിക്കാൻ പച്ചക്കറി പ്രോത്സാഹന അവാർഡുകൾ ആവിഷ്കരിക്കണം

11) പൂകൃഷി (കുറിമുല്ല, ഓർക്കിഡ്, ആന്തൂറിയം) പ്രോത്സാഹിപ്പിക്കാൻ കഴിയും. ഒരുവീട്ടിൽ ഒരു കൈക്കുട്ടന്ന മുല്ലപ്പൂവെങ്കിലും വിരിയിക്കാനുള്ള ശ്രമമുണ്ടാകണം.

12) സഹകരണ സംഘങ്ങൾക്ക് കൂടുതൽ വിളവുല്പാദിപ്പിക്കുന്ന കർഷകനു് ക്യാഷ് അവാർഡ് നൽകുവാൻ കഴിയണം.

13) നെല്ല്, തെങ്ങ്, പച്ചക്കറി എന്നിവയ്ക്ക് പഞ്ചായത്തു തലത്തിലോ സഹകരണ അടിസ്ഥാനത്തിലോ അല്ലാതെയോ വിപണന സംവിധാനം നടപ്പിലാക്കണം. ചന്ത സമ്പ്രദായം നടപ്പിലാക്കാൻ ശ്രമിക്കണം.

14) സഹകരണ യൂണിറ്റുകൾ കാർഷികോല്പന്നങ്ങളുടെ വിതരണത്തിലും വിപണനത്തിലും ഇടപെടണം.

15) തെങ്ങുപരിശോധനനടത്തി മരുന്നു തളിക്കുന്നതിനും കാറ്റുവീഴ്ചയുള്ള തെങ്ങുകൾ വെട്ടിമാറ്റുന്നതിനും, പുതിയവ വച്ചുപിടിപ്പിക്കുന്നതിനുമുള്ള ദീർഘകാല പദ്ധതിക്കു രൂപംകൊടുക്കാൻ കഴിയണം. തെങ്ങിനു ജൈവവളം ലഭിക്കുന്നതിനു് കന്നുകാലി വളർത്തലും, കോഴിവളർത്തലും വ്യാപിപ്പിക്കണം.

16) എലിനശീകരണത്തിനു് ഒരു സംയോജിത പരിപാടി പഞ്ചായത്തു് തയാറാക്കണം.

17) പഴയ 14000, 24000, മാരാൻ കായൽ (ഭാഗീകം) എന്നിവിടങ്ങളിൽ കൃഷിപ്പണി സമയങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗം ആരായണം. പാടശേഖരങ്ങളുടെ പുറം വരമ്പുകളിൽ തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കപ്പെടണം.

18) കൃഷിയോഗ്യമായ തരിശുകൾ (ഉദാ:– 3–ാം വാർഡിലെ മേപ്പുറം പാടം) ഉപയോഗക്ഷമമാക്കണം.

19) ബസുമതി കൃഷിചെയ്യുവാൻ ആവശ്യമായ സഹായം കൃഷിഭവനിൽനിന്നും ലഭ്യമാക്കണം.

20) കായൽ പാടശേഖരങ്ങളിലെ പ്രധാനകേന്ദ്രങ്ങളെ ടച്ചു ചെയ്തുകൊണ്ടുള്ള ബോട്ട് സർവ്വീസ് പ്രായോഗികമാണോ എന്നുള്ളകാര്യം പരിശോധിക്കപ്പെടണം. കൃഷിപ്പണിസമയത്തെ യാത്രാദുരിതം കുറയ്ക്കുവാൻ പര്യാപ്തമാവണം,

21) പാടശേഖര സമിതികൾക്ക് സർക്കാരിൽനിന്നും അനുവദിക്കുന്ന കാര്യങ്ങളെപ്പറ്റിയും, കൃഷിവകുപ്പ് ചെയ്യുന്ന സേവനങ്ങളെക്കുറിച്ചും കർഷകർക്കു വ്യക്തമായ ധാരണ ഉണ്ടാക്കുവാൻ കർഷക സഹകാരികളുടെ യോഗം പതിവായി വിളിക്കണം. ഇതിനു കൃഷിവകുപ്പുദ്യോഗസ്ഥന്മാർക്കു നേതൃത്വം കൊടുക്കാൻ കഴിയണം.

7. (2) മൃഗസംരക്ഷണം, മത്സ്യബന്ധനം

പശു, ആടു് എന്നിവയാണു് പഞ്ചാ

ത്തിലെ പ്രധാന വളർത്തു മൃഗങ്ങളാം. നാമമാത്രമായി എരുമയേയും, പോത്തിനേയും വളർത്തുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയും, താറാവുമാണ്. മുയലിനെ കൗതുകത്തിനു വളർത്തുന്നവരും ഉണ്ട്.

പഞ്ചായത്തു പ്രദേശത്തു് വർത്തുമൃഗങ്ങളുടേയും, വളർത്തുപക്ഷികളുടേയും എണ്ണം ക്രമേണ കുറഞ്ഞുവരുന്നതായി പഠനങ്ങളാം സൂചിപ്പിക്കുന്നു. പണ്ടുകാലത്തു് ഉഴവ് കൃതാഴിലായി സ്വീകരിച്ചിരുന്നവർ മറ്റു മേഖലകളിലേക്കു ചേക്കേറി. പുഞ്ചപ്പാടങ്ങളിൽ ട്രില്ലറും, ട്രാക്ടറും എത്തിയതോടെ ഉഴവുമാടുകളും എണ്ണത്തിൽ ചുരുങ്ങി. സാമ്പ്രദായിക രീതിയിലുള്ള പുഞ്ചപ്പാടത്തെ ഉഴവ് ഒരുപരിധിവരെ കൃഷിയിടങ്ങളാംക്കു് ഗുണകരമായിരുന്നു.

കാലിത്തീറ്റയുടെ വിലവർദ്ധനവ്, തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവു്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കന്നുകാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നു. അടുത്തകാലത്തു് കോഴിവസന്ത വ്യാപകമായതോടെ കോഴികളുടെ എണ്ണത്തിൽ കുത്തനെ ഇടിവുവന്നു..

മിൽമാ ബൂത്തുകളാം വേണമെന്നുള്ള ആവശ്യം ശക്തമാണു്. എന്നാൽ നമുക്കു വേണ്ട പാൽ ഇവിടെതന്നെ ഉല്പാദിപ്പിക്കാനുള്ള മാർഗ്ഗങ്ങളാം പരിഗണിക്കപ്പെടുന്നില്ല.

ബയോഗ്യാസ്പ്ലാൻറുകളാംപഞ്ചായത്തിൽ കുറവാണു്. കൃഷിക്കാവശ്യമായ ജൈവവളം കന്നുകാലി വളർത്തലിലൂടെ ലഭ്യമാക്കാൻ കഴിയണം.

പഞ്ചായത്തിൽ ഒരു വെറ്റിനറി ഡിസ്പെൻസറി (വാലടി) മാത്രമാണുള്ളതു്. ഇതു് അപര്യാപ്തമാണു്.

പ്രശ്നങ്ങൾ.

1) കന്നുകാലിവളർത്തൽ നിരവധി കാരണങ്ങളാൽ ആദായകരമല്ല.
2) കാലിത്തൊഴുത്തുകളാം വൃത്തിഹീനമാണു്.
3) കന്നുകാലി വളർത്തൽ, കോഴിവളർത്തൽ, താറാവുവളർത്തൽ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
4) രോഗങ്ങളാം നിരന്തരം അനുഭവപ്പെടുന്നു. (ഉദാ:– കോഴിവസന്ത) ആധുനിക സൗകര്യങ്ങളോടു കൂടിയ മൃഗാശുപത്രി ഇല്ല. വെറ്റിനറി ഡിസ്പെൻസറിക്കു് സ്വന്തമായി വാഹനമില്ല.
5) തീറ്റപ്പുല്ലു കിട്ടാത്ത അവസ്ഥ. വിളവെടുപ്പുകാലത്തു് വൈക്കോൽ സംഭരിച്ചു് തുടർന്നു ഇടുന്ന പഴയ സമ്പ്രദായം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.
6) കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വില താങ്ങാനാവുന്നില്ല. മിൽമയുടെ കാലിത്തീറ്റ ലഭിക്കുന്നില്ല. കോഴിവസന്തയ്ക്കെതിരെ സത്വര നടപടികളാം (ഉദാ:– കുത്തിവയ്പു്) സ്വീകരിക്കപ്പെടുന്നില്ല.
7) ക്ഷീരവിപണനത്തിനു സൗകര്യങ്ങളോ, ക്ഷീര സഹകരണ സംഘങ്ങളോ ഇല്ല.
8) **I. R. D P.** ലോൺ സഹായത്താൽ പശുവിനെ വളർത്തുന്ന വനിതകൾക്കു് പാൽ വിപണനത്തിനു് മറ്റു പ്രദേശങ്ങളിലെ സഹകരണ സംഘങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. (ഉദാ:– ഒന്നാം വാർഡ്)
9) കന്നുകാലി, കോഴി, താറാവു് എന്നിവയെ വളർത്തുന്നതിനു വേണ്ടിയുള്ള ലോണുകളുടെ അപര്യാപ്തത.
10) മെച്ചമായ മാംസവിപണന സൗകര്യം ഇല്ല. ഇറച്ചിക്കോഴിവളർത്തൽ പരിഗണിക്കപ്പെടുന്നില്ല.
11) പഞ്ചായത്തുതലത്തിൽ വായ്പാ പദ്ധതികളാം ആവിഷ്ക്കരിക്കപ്പെടുന്നില്ല.
12) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളാം.

സാധ്യതകളാം–പരിഹാര മാർഗ്ഗങ്ങളാം

1) ക്ഷീരവ്യവസായ സഹകരണ സംഘങ്ങളാം പാൽ സംഭരണ കേന്ദ്രങ്ങളാം ആരംഭിക്കണം.

2) ക്ഷീരസഹകരണ സംഘങ്ങളും മുഖേന കന്നുകാലിതീറ്റ കോഴിതീറ്റ എന്നിവ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാൻ കഴിയും.

3) ഇപ്പോഴുള്ള മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയണം. മൃഗാശുപത്രിയുടെ സബ്സെൻറുകളും തുടങ്ങണം.

4) മൃഗചികിത്സാസൗകര്യങ്ങളും ഫലപ്രദമാക്കണം.

5) ആടുവളർത്തലിന് പ്രത്യേകമായ ഒരു പദ്ധതി പഞ്ചായത്തുതലത്തിൽ ആവിഷ്കരിക്കാൻ കഴിയും.

6) കൃത്രിമ ബീജദാന സൗകര്യങ്ങളും (ഗോവർദ്ധന ഉപകേന്ദ്രം) നാടൻ ബീജദാനസൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്താനുള്ള പദ്ധതി ആവിഷ്കരിക്കണം.

7) തീറ്റപ്പുല്ല് കൃഷി പഞ്ചായത്തുതലത്തിൽ ആരംഭിക്കണം. കന്നുകാലി കർഷകർക്ക് നല്ലയിനം പുൽവിത്തുകളും വിതരണം ചെയ്യണം.

8) പന്നിവളർത്തൽ ശ്രമിച്ചുനോക്കിയാൽ കഴിയും.

9) കോഴിവളർത്തൽ പ്രൊജക്ട് തയാറാക്കി ഓരോ വാർഡിലും തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളെ ഇതിലേക്ക് ആകർഷിക്കാൻ കഴിയും, ക്രമേണ വ്യാപിപ്പിക്കാൻ കഴിയണം. വീടൊന്നിന് ശരാശരി 5 കോഴികളെ വളർത്തുന്നതിനുള്ള ഒരു പദ്ധതി (പൗൾട്രിവികസനം) പ്രാവർത്തികമാക്കണം.

10) കന്നുകാലികളെ സൗജന്യനിരക്കിൽ ഇൻഷ്വർ ചെയ്യുക.

11) നല്ലയിനം പശുക്കിടാങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യാൻ പദ്ധതി ആരായണം.

12) കോഴിവസന്തക്കെതിരെ പ്രതിരോധ കുത്തിവയ്പു വ്യാപകമാക്കണം.

13) താറാവു കൃഷിക്ക് വമ്പിച്ച സാധ്യതകളാണുള്ളത്. ഉപയോഗ യോഗ്യമല്ലാതായിതീർന്ന തോട്ടകളും, ജലാശയങ്ങളും. വല്ലങ്ങളും എന്നിവ വൃത്തിയാക്കി താറാവുകൃഷി ചെയ്യുവാൻ കഴിയും. ഇതിനൊരു പ്രൊജക്ട് തയാറാക്കണം. ഉപയോഗമുള്ള തോട്ടകളും മലിനപ്പെടാതെയും ശ്രദ്ധിക്കണം.

14) മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കണം വാർഡുതലത്തിൽ പദ്ധതിതയാറാക്കണം

15) കോഴിവളർത്തൽ രംഗത്ത് പുതിയ സങ്കേതങ്ങളും പ്രാദേശികമായി വികസിപ്പിക്കാൻ പ്രേരിപ്പിക്കണം.

16) ക്ഷീരകർഷകർക്ക് കാലിതീറ്റയിനത്തിൽ മിൽമ നൽകുന്ന സബ്സിഡി ലഭിക്കാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയും.

17) പഞ്ചായത്തു പുറംപോക്കു ഭൂമികളും തീറ്റപ്പുല്ലു കൃഷിക്ക് ഉപയോഗ യോഗ്യമാക്കണം. ലേലവ്യവസ്ഥ പ്രയോഗത്തിൽ വരുത്താൻ കഴിയും.

18) വൈക്കോൽ ഉപയോഗിച്ച് സൈലേജ് ഉണ്ടാക്കൽ

19) അസംസ്കൃത വസ്തുക്കളായ ചെറുമൽസ്യങ്ങളും, തവിട് എന്നിവ ഉപയോഗിച്ച് കാലിത്തീറ്റ ഫാക്ടറിക്കുള്ള സാധ്യത പരിശോധിക്കപ്പെടണം.

20) ചാണകം ഉപയോഗിച്ച് വിറകിനുപകരമുള്ള ഇന്ധനം (വരളി) നിർമ്മിക്കുവാൻ കഴിയുന്ന സാങ്കേതിക വിദ്യ പരിശോധിക്കാൻ കഴിയണം.

21) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കണം.

22) പേയ് വിഷബാധക്കെതിരെ നായ്ക്കളെ സൗജന്യ നിരക്കിൽ കുത്തിവയ്പുനടത്തണം.

മത്സ്യബന്ധനം/ മത്സ്യവികസനം

ഒരുകാലത്തു് കുട്ടനാടൻ മേഖലകളിൽ മത്സ്യങ്ങളും സുലഭമായിരുന്നു. കൊഞ്ച്, കരിമീൻ, കരിമീൻ, ആരകൻ, കൂരി, കാരി,

ശ്ശ്, വരാൽ, പള്ളത്തി, കല്ലടമുട്ടി, ചേറുമീൻ തുടങ്ങി നിരവധിയിനം മത്സ്യങ്ങളെ ഒട്ടുമിക്ക വീടുകളിലും കറിവെയ്ക്കാൻ ഉപയോഗിച്ചിരുന്നു. ഊപ്പക്കുഞ്ഞുങ്ങളേപ്പോലും പണ്ടുകാലത്തു കറിവെച്ചിരുന്നു. നിസാരവിലയ്ക്കു് നല്ലയിനം മത്സ്യങ്ങളും അന്നു് എവിടെയും യഥേഷ്ടം ലഭിച്ചിരുന്നു. എന്നാൽ ഇന്നു് സ്ഥിതിയിലാകെ മാറ്റം വന്നു. വീശുവലയും. തെറ്റാലിയും, ഒറ്റാലും അപ്രത്യക്ഷമായി പുല്ലടിവയ്പും, കുരുത്തോലക്കെട്ടും (വെള്ളവലി) പുതിയ തലമുറയ്ക്കു് അജ്ഞാതവുമായി. അതോടൊപ്പം മത്സ്യം കിട്ടാനേയില്ല എന്ന സ്ഥിതിവന്നു. കടൽ മത്സ്യങ്ങളായ മത്തി, അയില, ചൂട, മാന്തൽ, മുള്ളൻ തുടങ്ങിയവ കമ്പോളത്തിൽ എത്തുന്നതും നോക്കി നമ്മൾ കാത്തിരിപ്പായി.

തണ്ണീർമുക്കം ബണ്ടും, പുഞ്ചപ്പാടങ്ങളിലെ രണ്ടാം കൃഷിയും, തോടുകളും നികത്തിക്കൊണ്ടുള്ള റോഡുനിർമ്മാണവും ഒക്കെ മത്സ്യങ്ങളുടെ ലഭ്യത കുറയുന്നതിനു് ഇടയാക്കിയ പ്രധാന കാരണങ്ങളാണു്. പഞ്ചായത്തിലെ തോടുകളും ഒട്ടുമിക്കതും ഉപയോഗയോഗ്യമല്ലാതായതിന്റെ പരിണിതഫലം തോടുകളിലെ മീനുകളുടെ വംശനാശമായിരുന്നു. കുട്ടനാടൻ പാടങ്ങളിലെ വൻതോതിലുള്ള കീടനാശിനി പ്രയോഗത്തിനു ശേഷമുള്ള ജലം പുറത്തേയ്ക്കു് തള്ളപ്പെടുന്നതു് നിരവധിഇനം മീനുകളുടെ വളർച്ചയെതന്നെ ഇല്ലാതാക്കി. (ഉദാ:– കോലാ) പഞ്ചായത്തുപ്രദേശത്തു് അടുത്തകാലത്തു കാണപ്പെട്ട മീൻരോഗം രൂക്ഷമായിരുന്നു. നമുക്കാവശ്യമുള്ള മത്സ്യം കൃഷിക്കു് ഉപയോഗയോഗ്യമല്ലാത്ത തരിശ്ശുകളിലും, കുളങ്ങളിലും, വല്ലങ്ങളിലും വളർത്തിയെടുക്കേണ്ടതു് ഒരാവശ്യമായി മാറിയിരിക്കുന്നു. കമ്പോളത്തെ ആശ്രയിക്കുന്നതിനുള്ള പ്രവണത കുറയ്ക്കുന്നതിനുള്ള പരിശ്രമങ്ങളും ഉണ്ടാകണം. മത്സ്യം പിടിച്ചു മാത്രം ഉപജീവനം നടത്തുന്നവരുടെ എണ്ണം കുറവാണു്. പഞ്ചായത്തിലെ ഒന്നാം വാർഡിലും എട്ടാം വാർഡിലുമാണു് മത്സ്യ തൊഴിലാളി കുടുംബങ്ങളും കൂടുതലുള്ളതു്. ഒരു മത്സ്യ തൊഴിലാളി സഹകരണ സംഘമാണു് ആകെയുള്ളതു്.

പ്രശ്നങ്ങൾ

1) മൽസ്യകൃഷിക്കു് പ്രോൽസാഹനമില്ല.

2) കൃഷിക്കു് ഉപയോഗയോഗ്യമല്ലാത്ത തരിശ്ശുനിലങ്ങളും മൽസ്യകൃഷിക്കു് ഉപയോഗിക്കുന്നില്ല. (ഉദാ:– 7–ാം വാർഡിലെ മേപ്പുറം മുണ്ടകപ്പാടം)

3) പഞ്ചായത്തിലെ തോടുകളും മിക്കതും മലിനപ്പെട്ടവയാണു്. പണ്ടുകാലത്തു് കുടിക്കാൻപോലും ഉപയോഗിച്ചിരുന്ന തോടുകളിലെ ജലം കാലുകഴുകാൻപോലും ഇന്നുപയോഗിക്കാൻ പറ്റാത്ത സ്ഥിതിയിലാണു്.

4) ക്ഷേമപദ്ധതികളും അപര്യാപ്തമാണു്. മൽസ്യതൊഴിലാളികൾക്കു് വള്ളവും വലയും ലഭിക്കാൻ പര്യാപ്തമായ പദ്ധതികളും പഞ്ചായത്തു തലത്തിൽ ഇന്നില്ല

5) മൽസ്യവേനൽ, മൽസ്യ മേഖലയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഓഫീസോ ഇവിടെ പ്രവർത്തിക്കുന്നില്ല.

6) മൽസ്യരോഗം ഫലപ്രദമായി തടയാൻ യാതൊന്നും തന്നെ പഞ്ചായത്തു തലത്തിൽ ആവിഷ്കരിക്കുന്നില്ല. കറൻറടിച്ചു് മൽസ്യംപിടിക്കുന്ന പ്രവണത ചില സ്ഥലങ്ങളിൽ കാണാറുണ്ടു്. ഇതു് അപകടമരണത്തിനുകാരണവുമായിട്ടുണ്ടു്

സാധ്യതകൾ നിർദ്ദേശങ്ങൾ

1) ഒരുപൂകൃഷി നിലങ്ങളിൽ മൽസ്യകൃഷിക്കാവശ്യമായ സഹായം നൽകി പ്രോൽസാഹിപ്പിക്കണം. പാടശേഖരങ്ങളും കണ്ടെത്തണം.

2) കൃഷിക്കു് ഉപയോഗയോഗ്യമല്ലാത്ത തരിശ്ശുനിലങ്ങളും, മലിനമാക്കപ്പെട്ടതോടുകളും, ചതുപ്പുകളും എന്നിവയിൽ **Adak** സഹായത്തോടെ മൽസ്യകൃഷി നടത്താനാവും.

3) മൽസ്യമേഖലയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരോഫീസ് രണ്ടു പഞ്ചായത്തുകളുടെ അധികാരപരിധിയോട് കൂടി സ്ഥാപിക്കപ്പെടണം.

4) മൽസ്യഫെഡ് ഫിഷറീസ് വകുപ്പ് എന്നിവയുടെ പ്രവർത്തനത്തെപ്പറ്റി ബോധവൽക്കരണം സംഘടിപ്പിക്കണം.

5) മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങൾവഴി വലനിർമ്മാണയൂണിറ്റ് സ്ഥാപിക്കാനുള്ള സാധ്യത ആരായണം. മൽസ്യ ബന്ധനോപകരണങ്ങൾ ആവശ്യാനുസരണം ലഭിക്കാൻ സംഘംമുഖേന സംവിധാനം ഉണ്ടാകണം.

6) പൊതു ജലാശയങ്ങളിൽ കൊഞ്ചുവളർത്തൽ പരിശോധിച്ചുനോക്കാം.

7) പാടശേഖരങ്ങളിലെ അമിത കീടനാശിനി പ്രയോഗവും അപകടകാരികളായ കീടനാശിനിയുടെ ഉപയോഗവും നിയന്ത്രിക്കണം.

8) മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കണം. ആനുകൂല്യങ്ങൾ പഞ്ചായത്തുവഴി വിതരണംചെയ്യണം

9) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

10) മത്സ്യസംഭരണവിതരണ കേന്ദ്രം തുറക്കണം.

11) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധികൾ ഉൾപ്പെടുത്തി മൽസ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് 25000രൂപ ഗ്രാൻറുനൽകുന്നുണ്ട്. ഈ പദ്ധതി നീലംപേരൂർ പഞ്ചായത്തിലും ആവിഷ്കരിക്കണം.

12) മൽസ്യത്തൊഴിലാളികളുടെ ഓലമേഞ്ഞ വീടുകൾ ഓടിടുന്നതിന് ഉള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കണം.

12) എല്ലാ മൽസ്യതൊഴിലാളി കുടുംബത്തിനും കക്കൂസു പണിയാൻ സമയബന്ധിതമായ ഒരു പരിപാടി ആലോചിക്കണം.

14) മൽസ്യത്തൊഴിലാളിക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ മൽസ്യകൃഷി സംഘടിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപെടുത്തണം

15) കായലോരത്തോട് ചേർന്നുകിടക്കുന്ന നീലംപേരൂർ പ്രദേശത്ത് കക്കാഇറച്ചിക്ക് പ്രാദേശികവിപണന സംവിധാനം ഏർപ്പെടുത്താൻ കഴിയും.

16) തോടുകളിൽ കാണപ്പെടുന്ന പായലുകളും കാക്കപ്പോളയും വാരി വൃത്തിയാക്കാനുള്ള പരിപാടിക്ക് രൂപംകൊടുക്കണം.

7. 3, വിദ്യാഭ്യാസം

20–ാംനൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ വിദ്യാഭ്യാസ സൗകര്യങ്ങൾക്ക് വേണ്ടിയുള്ള ശ്രമങ്ങൾ നടന്നു. **L. P.** സ്കൂളുകൾക്കാണ് ആദ്യം തുടക്കമിട്ടത്. ഇത്തരം സ്കൂളുകളിൽ പോലും ജാതിഭേദത്തിന്റേതായ നേരിയ ചില വേർതിരുവുകൾ നിലനിന്നിരുന്നു.

പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന വിദ്യാലയമാണ് ഈര രാമവിലാസം ലോവർ പ്രൈമറി സ്കൂൾ. ഈ സ്കൂൾ ഈരയിൽ ആരംഭിക്കുന്നതിനുവേണ്ടി വളരെയധികം ക്ലേശങ്ങൾ സഹിച്ച പ്രധാന വ്യക്തിയായിരുന്ന നൈനാടത്തു ശ്രീ. രാമക്കൈമൾ.

പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ കൈനടി എ. ജെ. ജോൺ മെമ്മോറിയൽ ഹൈസ്കൂളാണ്. പഞ്ചായത്തു പ്രദേശത്ത് 2 ഹൈസ്കൂൾ 5 **U. P.** സ്കൂൾ 4 **L. P.** സ്കൂളുകളുമാണ് ഉള്ളതു്. ഹൈസ്കൂളുകളിലൊന്ന് കാത്തലിക് മാനേജ്മെൻറും മറെറാന്ന് **N. S. S.** ഉം നടത്തുന്നു. സ്കൂളുകളുടെ വിവരം പട്ടികപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തു പ്രദേശത്തെ സ്കൂളുകളുടെ ഭൗതീകസാഹചര്യങ്ങളും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും വിവരങ്ങളും ശേഖരിച്ച് പട്ടികപ്പെടുത്തിയിരിക്കുന്നു. കുട്ടികളെ സ്കൂളിൽ ചേർക്കുന്ന കാര്യത്തിൽ വലിയ പുരോഗതിയാണ് രണ്ടു പതിറ്റാണ്ടുകാലമായി വന്നുചേ

ന്നിട്ടുള്ളതു്. ചെറിയൊരു ശതമാനം വിദ്യാർത്ഥികളും ഇടക്കുവച്ചു് സാമൂഹ്യ സാമ്പത്തിക കാരണങ്ങളാൽ പഠനം നിർത്തുന്നു. **S. S. L. C** വരെയുള്ള പഠനം 98 ശതമാനം കുട്ടികൾക്കും ലഭിക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. സർക്കാർവക **L. P** സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതല്ല. **U. P** ഹൈസ്കൂൾ വിഭാഗത്തിൽപോലും സ്കൂളുകളിലുള്ള ലൈബ്രറിയെ നല്ലരീതിയിൽ ഉപയോഗപ്പെടുത്താറില്ല. വിദ്യാർത്ഥികളെ ഇതിനു പ്രേരിപ്പിക്കാനുള്ള പ്രവണതയും കുറവാണു്.

പഞ്ചായത്തിലെ 2 ഹൈസ്കൂളുകളിലേയും വിജയശതമാനം താരതമ്യേന മെച്ചമാണു്. എന്നാൽ വിജയിക്കുന്നവരുടെ മാർക്കു് കുറവായതിനാൽ ചെറിയൊരു ശതമാനത്തിനു മാത്രമേ മെറിറ്റിൽ കോളെജുകളിൽ അഭിലഷിക്കുന്ന വിഷയത്തിനു് പ്രവേശനം ലഭിക്കാറുള്ളൂ. പഠന നിലവാരം ആശാവഹമല്ല എന്നുള്ളതാണു വസ്തുത. പാരലൽ കോളെജുകളിൽ പോകുന്നവരുടെ എണ്ണം കൂടിയിട്ടുണ്ടു്. സ്കൂൾ കോളെജു് വിദ്യാർത്ഥികൾക്കു് ട്യൂഷൻ നൽകുന്ന സ്ഥാപനങ്ങൾ ഇല്ലെന്നുതന്നെ പറയാം. വ്യക്തികൾ നടത്തുന്ന ഒന്നോരണ്ടോ ട്യൂഷൻ സെൻറുകൾ പ്രവർത്തിക്കുന്നുണ്ടു്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാലയങ്ങളോ പഞ്ചായത്തിലില്ല **S S. L. C**ക്കു് ശേഷമുള്ള കോളെജു പഠനത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും കോട്ടയം ചങ്ങനാശേരി പ്രദേശത്തുള്ള കോളെജുകളേയും സാങ്കേതിക സ്ഥാപനങ്ങളേയുമാണു് രക്ഷിതാക്കൾ ആശ്രയിക്കുന്നതു്.

8 ഗ്രാമസഭകളിലും വിദ്യാഭ്യാസമേഖല ചർച്ചക്കു വിധേയമായി

പൊതുവായി അക്കാഡമിക് നിലവാരം വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ, സൗകര്യങ്ങൾ. സ്കൂൾവികസന പദ്ധതികൾ അദ്ധ്യാപക–രക്ഷാകർത്തൃ സമിതി, പാഠ്യേതര പ്രവർത്തനങ്ങൾ, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, പരിഷത്തു പരീക്ഷകൾ, വിജ്ഞാനോൽസവം, ശാസ്ത്രക്യാസുകൾ ,മാസാന്തപരീക്ഷകൾ, കുട്ടിക്യാസുകയറ്റം, മൂല്യനിർണ്ണയം, സ്കൂൾപാർലമെൻറുകൾ, സമരം കൊണ്ടും മറ്റുമുണ്ടാകുന്ന അദ്ധ്യയനനഷ്ടം, സ്പോർട്സ് ഉപകരണങ്ങൾ ഇല്ലായ്മ, ഉച്ചക്കഞ്ഞി, ട്യൂഷൻ സെൻറുകൾ, നേഴ്സറി സ്ഥാപനങ്ങൾ, അംഗനവാടികൾ, കുടിവെള്ളം, മൂത്രപ്പുരകൾ സ് തുടങ്ങിയവയുടെ അപര്യാപ്തത, രണ്ടു് ഹൈസ്കൂളുകളുടേയും കഴിഞ്ഞ 5 വർഷത്തെ **S. S L. C** വിജയശതമാനം, പഠനോപകരണങ്ങൾ, ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുവരവ്, വിദ്യാഭ്യാസ രംഗത്തെ ക്രിയാത്മകമായ സാമൂഹ്യ ഇടപെടൽ, പൂന്തോട്ടം, പച്ചക്കറിതോട്ട നിർമ്മാണം, കായിക പരിശീലന പരിപാടികൾ, പഠന വിനോദയാത്രകൾ, രക്ഷിതാക്കളുടെ വിപുലമായ യോഗം വിളിച്ചു ചേർക്കൽ എന്നിവ സജീവമായി ചർച്ച ചെയ്യപ്പെട്ടു. ചർച്ചയിലൂടെ സമാഹരിക്കപ്പെട്ട പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ.

1) പഠനനിലവാരം ആശാവഹമല്ല.
2) എൽ. പി.–യു. പി. വിഭാഗങ്ങളിൽ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത.
3) പി. റ്റി. എ–യുടെ സജീവ സാന്നിദ്ധ്യക്കുറവ്. രക്ഷിതാക്കൾ പി. റ്റി. എ. യോഗത്തിനു് പങ്കെടുക്കുന്നതു് അപൂർവ്വം. ഹെഡ്മാസ്റ്റർ / അദ്ധ്യാപക നിയമനം സ്കൂളുകളുടെ പ്രവർത്തനത്തെ പലപ്പോഴും പ്രതികൂലമായി ബാധിക്കുന്നു. അദ്ധ്യാപകരെ ആവശ്യത്തിനു നിയമിക്കപ്പെടുന്നില്ല. (ഉദാ:– തയ്യൽ ടീച്ചർ, ഡ്രിൽ മാസ്റ്റർ)
4) പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
5) പാഠ്യേതര പ്രവർത്തനങ്ങൾ നന്നേകുറവാണു്.
6) ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമല്ല. ലഭിക്കുന്ന അലവൻസ് അപര്യാപ്തമാണു്
7) മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ യഥാവസരം ലഭിക്കുന്നില്ല.

8) അംഗനവാടികളും, പ്രീ–പ്രൈമറി സ്കൂളുകളും പഞ്ചായത്തിൽ തീർത്തും കുറവാണ്.

9) സാങ്കേതിക വിദ്യാലയങ്ങളും ഇല്ല.

10) ചേന്നങ്കരി ബി. വി. യു. പി. എസ്സിന്റെ കെട്ടിട സൗകര്യം മെച്ചമല്ല.

11) നാരകത്ര ഗവ: യു. പി. എസ്സിന്റെ ഓല മേഞ്ഞ ഹാളും ചോർന്ന് ഒലിക്കുന്നതാണ്.

12) 5–ാം വാർഡിലെ സ്ത്രീകൾപാർട്ടേഴസ് വാസയോഗ്യമല്ല.

സാധ്യതകൾ പരിഹാരങ്ങൾ

1) എല്ലാ തലങ്ങളിലുമുള്ള പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിപാടികളും ആവിഷ്കരിക്കണം.

2) പഞ്ചായത്തു് വിദ്യാഭ്യാസ വികസന സമിതി രൂപീകരിക്കണം.

3) സ്ത്രീ കോംപ്ലക്സ് സംവിധാനം ആവിഷ്കരിക്കണം.

4) എസ്. എസ്. എൽ. സി. വിജയശതമാനം വർദ്ധിപ്പിക്കാനുള്ള പരിപാടികൾക്ക് അടിയന്തിരമായും രൂപം കൊടുക്കണം. ഓരോ വർഷവും റിസൽട്ട് ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്തുവാൻ കഴിയണം.

5) പാഠപുസ്തകങ്ങൾ വർഷാരംഭംതന്നെ വിതരണം ചെയ്യണം.

6) സ്കൂളുകളിൽ ആവശ്യമായ ഭൗതീക സാഹചര്യം പഞ്ചായത്തു തലത്തിലുള്ള വിദ്യാഭ്യാസ വികസന സമിതിയുടേയും അതതു സ്കൂൾ പി. റ്റി. എ. യുടേയും മേൽനോട്ടത്തിൽ ഉറപ്പാക്കണം. (ഉദാ:– സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ, കളിസ്ഥലം, മൂത്രപ്പുര, കക്കൂസ്, വൈദ്യുതി തുടങ്ങിയവ)

7) പരീക്ഷ ചിട്ടപ്പെടുത്തുവാൻ വിദ്യാഭ്യാസ വികസന സമിതി ഇടപെടണം.

8) പരീക്ഷ നടത്തുവാൻ പഞ്ചായത്തു തലത്തിൽ അക്കാദമിക് ഗ്രൂപ്പും, കൗൺസിലുകളും രൂപീകരിക്കണം.

9) സ്കൂളുകളിലെ സാഹിത്യ സമാജം (വെള്ളിയാഴ്ച യോഗങ്ങൾ) ഫലപ്രദമാക്കണം. കൈയ്യെഴുത്തു മാസിക, ചിത്രമാസിക ഇവ തുടങ്ങണം.

10) വിദ്യാർത്ഥികൾക്കായി കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കണം. കാലാകാലങ്ങളിൽ കായികാധ്യാപനത്തിനും, കലാഭ്യാസനത്തിനും, സ്പോർട്ട് സ്കാര്യത്തിനുംസൗകര്യംലഭ്യമാക്കണം.

11) പി. റ്റി. എ–സജീവമാക്കാൻ പ്രത്യേക ബോധവൽക്കരണ പരിപാടി ആവിഷ്കരിക്കാൻ കഴിയണം. വികസന സമിതി മുൻകൈ എടുക്കണം.

12) പി. റ്റി. എ. യും, അമ്മമാരുടേതുമായ പ്രത്യേക യോഗങ്ങളും പതിവായി വിളിച്ചുചേർക്കണം. ഇതിനു് ഒരു പ്രതിമാസ കലണ്ടർ തന്നെ തയാറാക്കണം.

13) എസ്. എസ്. എൽ. സി. ക്ലാസുകളിൽ ക്ലാസുറൂം പി. റ്റി. എ. ഏറ്റെടുത്തണം.

14) സ്കൂളുകളിലെ ലൈബ്രറി ഉപയോഗം കാര്യക്ഷമമാക്കണം. പാഠ്യേതര പുസ്തകങ്ങളുമായി കുട്ടികളെ ബന്ധപ്പെടുത്തണം. ക്രിയാത്മകമായ വായനക്കും (ഉദാ: ഇൻഡ്യൻ സംസ്കാരം. നമ്മുടെ നാട്, ജനങ്ങളും) ചിന്തക്കും ഉപകരിക്കുന്ന പുസ്തകങ്ങളും തെരഞ്ഞെടുത്തു വായിക്കാൻ പ്രേരിപ്പിക്കണം. ക്ലാസ്സ് ടീച്ചറന്മാർ മുൻകൈ എടുക്കണം.

25) പഞ്ചായത്തുതലത്തിൽ കുറഞ്ഞ ചെലവിൽ കടാ. നോട്ടബുക്കുകളും, ഇൻസ്ട്രുമെൻറുബോക്സ്, പഠനോപകരണങ്ങളും എന്നിവയുടെ നിർമ്മാണസാദ്ധ്യത പരിഗണിക്കണം. വർക്കുഷോപ്പുകളും സംഘടിപ്പിക്കാനുള്ള സാധ്യത ആരായണം.

16) പഞ്ചായത്തുതലത്തിൽ ബുക്കു ബയൻറിംഗ് യൂണിറ്റുകളുംസ്ഥാപിക്കാൻകഴിയണം. കുറഞ്ഞ വിലക്കു് നോട്ടബുക്കുകളും വിത

രണം ചെയ്യുന്നതിനു് ഇതുവഴി കഴിയും.

17) പഠന വിനോദയാത്രകൾ സംഘടിപ്പിക്കണം. പാഠ്യേതര പ്രവർത്തനങ്ങൾ ആവിഷ്കരിക്കപ്പെടണം.

18) കൃഷി, കൈത്തൊഴിൽ. കരകൗശലവസ്തുക്കളുടെ നിർമ്മാണം അംഗൻവാടി കുട്ടികൾക്കുള്ള കളിക്കോപ്പുകൾ നിർമ്മാണം എന്നിവയിൽ കുട്ടികൾക്ക് പ്രാദേശിക പരിശീലനം നൽകാൻ പദ്ധതികൾ ആവിഷ്കരിക്കണം.

19) സ്കൂളുകളോടനുബന്ധിച്ചുള്ള പച്ചക്കറി തോട്ടങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയും. മാതൃകാതോട്ടങ്ങൾ ഉണ്ടാവണം

20) പ്രീപ്രൈമറി– അംഗനവാടികൾ ബാലവാടികൾ ആരംഭിക്കണം. ഒരു സമയബന്ധിത പരിപാടി വാർഡ് അടിസ്ഥാനത്തിൽ തയാറാക്കാൻ കഴിയും. ഉദ്യാനം, കളിക്കോപ്പ്, കൗതുക വസ്തുക്കൾ എന്നിവ ലഭ്യമാക്കണം.

21) നാടിനെകുറിച്ചും, നാട്ടുകാരെകുറിച്ചും പഠിക്കാനുള്ള പ്രേരണ വളർത്തിയെടുക്കണം

22) L P സ്കൂളുകളിനോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീപ്രൈമറികൾ ആരംഭിക്കാൻ കഴിയും.

23) പഞ്ചായത്ത് വികസന പരിപാടികളിൽ കുട്ടികളെ പങ്കെടുപ്പിക്കണം. ആവശ്യമുള്ള സ്ഥലത്ത് അനൗപചാരിക് വിദ്യാഭ്യാസ കേന്ദ്രം തുറക്കണം. ഇവിടെ ഞായറാഴ്ച കൂട്ടങ്ങൾ പരിഗണിക്കപ്പെടണം.

24) I T I സ്ഥാപിക്കാനുള്ള സാധ്യതകൾ പരിശോധിക്കപ്പെടണം.

25) കൈനടി എ. ജെ. ജോൺ മെമ്മോറിയൽ ഹൈസ്കൂളിനു് അനുവദിച്ചിട്ടുള്ള ടെക്നിക്കൽ സ്കൂൾ ആരംഭിക്കുന്നതിന മുൻകൈ എടുക്കണം.

26) പുതിയ ഹൈസ്കൂൾ/L P സ്കൂൾ/ U. P. സ്കൂൾ Upgradation തുടങ്ങിയ ആവശ്യങ്ങൾ, അവയുടെ സാധ്യതകൾ സമഗ്രമായി പരിശോധിക്കപ്പെടണം (ഉദാ:–6–ാം വാർഡിലെ **V. B. U. P S Upgradation**/നാരകത്താ ഗവ: **U. P S. Upgradation**/ പയറുപാക്കയിൽ **L. P.** സ്കൂൾ)

37) ഈര **R. V. L. P S** ലേക്ക് **P. W D.** തെക്കീരറോഡ് ജംഗ്ഷനിൽ നിന്നും നേരിട്ടുള്ള ഒരു 4 മീറ്റർ പാതയുടെ സാധ്യതപരിശോധിക്കപ്പെടണം.

7. 4. കുടിവെള്ളം പൊതുജനാരോഗ്യം

നീലംപേരൂർ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന കുട്ടനാടൻ പഞ്ചായത്തുകളിൽ ഒന്നാണു്. കുട്ടനാട്ടിലെ പൊതു സ്ഥിതിയും, പുഞ്ചപ്പാടങ്ങളിലെ കൃഷിരീതിയുടെ പ്രത്യേകതകളും, എങ്ങനെയെങ്കിലും റോഡുകൾ കൊണ്ടുവരാനുള്ള വ്യഗ്രതയും ഒക്കെകൂടിചേർന്നു് കുടിവെള്ള ലഭ്യത അതീവ സങ്കീർണ്ണമാക്കി. ഒരുകാലത്തു് നമ്മുടെ തോടുകളിലെ ജലം കുടിക്കാൻപോലും ഉപയോഗിച്ചിരുന്നതായി പഴമക്കാർ പറയുന്നുണ്ടു്. പക്ഷേ ഇന്നു് തോടുകളിലെജലം അങ്ങേയറ്റം മലിനമാക്കപ്പെട്ടിരിക്കുന്നു. പാടശേഖരങ്ങളിൽനിന്നും പുറത്തേയ്ക്കുതള്ളപ്പെടുന്ന ജലത്തിൽ കീടനാശിനികളുടേയും, കുമിൾ നാശിനികളുടേയും, കളനാശിനികളുടേയും അളവു് വളരെ കൂടുതലാണെന്നു് നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുണ്ടു്. പഞ്ചായത്തിലൂടെ തലങ്ങും വിലങ്ങും കടന്നുവന്ന ലിങ്കുറോഡുകൾ, അപ്രോച്ച റോഡുകൾ എന്നിവ തോടുകളിലൂടെയുള്ള സുഗമമായ നീരൊഴുക്കു തടസ്സപ്പെടുത്തി. പായലും, പോളയും, കുറുകയും എല്ലാം വളർന്നു, പടർന്നു, ചീഞ്ഞളിഞ്ഞു് ജലം അറപ്പുളവാക്കുന്ന തരത്തിലായി. പഞ്ചായത്തിലെ ഏറെക്കുറേ എല്ലാ തോടുകളുടേയും, തോടുകളിലെ ജലത്തിന്റേയും പൊതുസ്ഥിതി ഇതാണു്. കുളിക്കാനും, നനക്കാനും പാത്രംകഴുകാൻപോലും ജലത്തിനു് ബുദ്ധിമുട്ടനുഭവപ്പെടുന്നു. കുട്ടികളും, സ്ത്രീകളുമാണു് ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നവർ. ശുദ്ധജലക്ഷാമം പഞ്ചായത്തിലെ ജലജന്യ രോഗങ്ങളുടെ ആധി

ക്യത്തിന കാരണമായിട്ടുണ്ട്.

പഞ്ചായത്തിലെകുടിവെള്ളത്തിന്റെസ്രോതസ് പൊതു കിണറുകളും, സ്വകാര്യ കിണറുകളുമാണ്. പഞ്ചായത്തിൽ ചില സ്ഥലങ്ങങ്ങളിൽ പൈപ്പുലൈനുകളും സ്ഥാപിച്ചിട്ടുണ്ട്. (ഉദാ:– 4–ാം വാർഡ്) നീലംപേരൂരുള്ള വാട്ടർ തോറിറിയുടെ ജലസംഭരണടാങ്ക് പണിതിന്നു വെങ്കിലും തുടർ പ്രവത്തനം മന്ദീഭവിച്ചുകിടക്കുന്നു. ഈ വാട്ടർടാങ്കിന്റെ പ്രയോജനം മൂന്നു നാലു വാർഡുകളിലെ ജനങ്ങൾക്കു ലഭ്യമാകുന്നതാണ്.

പഞ്ചായത്തിലെ ജനസംഖ്യയുടെ 99 ശതമാനവും ശുദ്ധജലക്ഷാമം അനുഭവിക്കുന്നു. മൂന്നാം വാർഡിൽ മാത്രമാണ് അല്പമെങ്കിലും കുടിവെള്ളം ലഭിക്കുന്നത്. രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന സമയങ്ങളിൽ വള്ളത്തിലും, ലോറിയിലും ശുദ്ധജല വിതരണംനടത്തുന്നുണ്ട്

ജനങ്ങളുടെ ശുദ്ധജലത്തിനു വേണ്ടിയുള്ള കാത്തിരിപ്പ്സമയബന്ധിതമായിപരിഹരിക്കണം. ജനങ്ങൾ നേരത്തെ ആശ്രയിച്ചുകൊണ്ടിരുന്ന കുളങ്ങൾ, കിണറുകൾ എന്നിവയെല്ലാം അടിയന്തിരമായി സംരക്ഷിക്കപ്പെടണം. പാടശേഖരങ്ങളിലെ പുറം ബണ്ടുകളിൽ ജനവാസം ക്രമേണ വർദ്ധിച്ചു വരികയാണ്. ഇവിടെ കിണർ കുഴിക്കുന്നതുപോലും പ്രായോഗികമല്ല.
(ഉദാ:– ഒന്നാം വാർഡ്പാടശേഖരപുറംബണ്ട്)

പ്രശ്നങ്ങൾ.

1) പഞ്ചായത്തിലെ എല്ലാവർഡുകളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

2) കിണറുകളും പൊതു കുളങ്ങളും സംരക്ഷിക്കപ്പെടുന്നില്ല.

3) മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന വാട്ടർഅതോറിറിയുടെ വാട്ടർടാങ്ക് ഉപയോഗത്തിലായിട്ടില്ല.

4) പാടശേഖരങ്ങളുടെ പുറംബണ്ടിൽ കിണർ പ്രായോഗികമല്ല.

5) അധിക ജനവാസമുള്ള പലസ്ഥലത്തും പൊതുകിണർ ഇല്ല.
(ഉദാ:– 5–ാംവാർഡിലെ കണ്ടംകോട്)

6) പഞ്ചായത്തു പ്രദേശത്തു് സ്ഥാപിച്ച പൈപ്പുലൈനുകളും വെറുതെ കിടക്കുന്നു.

സാദ്ധ്യതകൾ–പരിഹാര നിർദ്ദേശങ്ങൾ

1) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു് വാർഡുതലത്തിൽ ഗ്രാമസഭകളിൽനിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങളും സമഗ്രമായി പരിശോധിക്കപ്പെടണം. മിനി വാട്ടർ സപ്ലൈസ്കീം (ഉദ:– ചെറുകരയിലേതുപോലെ) ജനങ്ങളുടെ സഹകരണത്തോടും സഹായത്തോടുംകൂടി ആവിഷ്കരിക്കപ്പെടാൻ കഴിയണം.

2) പുതിയ കിണറുകളും, കുളങ്ങളും എന്നിവ നിർമ്മിക്കാൻ കഴിയുന്ന സ്ഥലങ്ങളിൽ അതിനുള്ള ചെറിയ പദ്ധതികളും ആവിഷ്കരിക്കണം.
(ഉദാ:– 6, 7 വാർഡുകളും)

3) ചെറുകിട ജലശുദ്ധീകരണ പദ്ധതികളുടെ സാധ്യത ആരായണം. ചിലപ്രദേശത്തെ ആളുകളും ഇതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.
(ഉദാ:– 5–ാം വാർഡ്)

4) നീലംപേരൂരിലെ വാട്ടർ ടാങ്ക് ഉപയോഗപ്പെടുത്തി ശുദ്ധജലം അടിയന്തിരമായി എത്തിക്കണം.

5) വാട്ടർഅതോറിറിയുടെപൈപ്പുലൈൻദീർഘിപ്പിച്ച് കുടിവെള്ളം എത്തിക്കാൻ കഴിയുന്നതിന്റെ സാധ്യതകളും സമഗ്രമായി വിലയിരുത്തണം.

പൊതുജനാരോഗ്യം

നീലംപേരൂരിൽ ആധുനിക ചികിത്സാ രീതികളും കടന്നുവന്നിട്ട് അധികകാലം ആയിട്ടില്ല. അന്ധവിശ്വാസത്തിലധിഷ്ഠിതമായ സാമ്പ്രദായിക ചികിത്സാ രീതികളും നിലനിന്നിരുന്നു. രോഗങ്ങളും അകറ്റുന്നതിനും, കുട്ടികളും ജനിക്കുന്നതിനും, സർപ്പം പാട്ടും, വേലൻ പ്രവർത്തിയും പഴയ കാലങ്ങളിൽ സർവസാധാരണമായിരുന്നു. മണ്ണാറശാലയിലേക്ക് 'ഉരുളികമഴ്ത്താൻ' പോകുന്നവർ പോലും ചുരുക്കമായിരുന്നില്ല. ഉപ്പും കുരുമുളകും അരിയും ചേർത്തു കൊതിയ്ക്ക് ഓതിക്കൊടുക്കുക, ചരട് ജപിച്ച് കെട്ടുക, കണ്ണു കിട്ടാതിരിക്കാൻ തകിട് എഴുതി കെട്ടുക തുടങ്ങിയ കാര്യങ്ങളും ചെയ്തിരുന്നവരും ഇവിടെ ജീവിച്ചിരുന്നു, ആധുനിക ശാസ്ത്രവും ചികിത്സാ രീതികളും വളരെയധികം പുരോഗമിച്ച ഇന്നത്തെ കാലത്തും ഇത്തരം കാര്യങ്ങളും നടക്കുന്നു എന്നതും വസ്തുതയാണ്.

പരമ്പരാഗത വൈദ്യന്മാരും കുറവായിരുന്നില്ല. ആനചികിത്സയിലും വിഷചികിൽസയിലും അഷ്ടാംഗഹൃദയത്തിലും അഗാധവ്യൽപ്പത്തിയുള്ള നൈനാടത്തു ഗോവിന്ദക്കൈമൾ മഹാവൈദ്യനായിരുന്നുവെന്നും പ്രായം ചെന്നവർ അനുസ്മരിക്കുന്നു. കൈനടിയിലുള്ള കുരുമാത്ര ക്ഷേത്രം വിഷവൈദ്യ വിശാരദനായ ഇട്ടിയച്ചന്റെ പേരുമായി ബന്ധപ്പെട്ടിരിക്കുന്നു.

നാട്ടിൻപുറങ്ങളിൽ ചതുരമുല്ല, തൊട്ടാവാടി, വള്ളി ഉഴിഞ്ഞ, കുറുന്തോട്ടി, ശംഖുപുഷ്പച്ചെടി, ആടലോടകം, കരിനൊച്ചി, അർജ്ജുനക്കൊടി, പൂവൻകുറുന്തൽ, തുമ്പ തുടങ്ങിയ പച്ചമരുന്നുകളും ഉപയോഗിച്ചിരുന്നു.

ഇന്ന് സ്ഥിതിക്ക് മാറ്റം വന്നിരിക്കുന്നു. ആധുനിക ചികിത്സാ സൗകര്യങ്ങളും ഇല്ലെങ്കിലും പ്രാഥമിക ആരോഗ്യകേന്ദ്രം, ഹോമിയോ ഡിസ്പൻസറി, ആയുർവേദ ആശുപത്രി എന്നിവ പഞ്ചായത്തിൽ എത്തിയിരിക്കുന്നു. പ്രാഥമിക ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ ആധുനിക ചികിത്സാരംഗത്തെ പ്രഥമ സ്ഥാപനം.

ആരോഗ്യരംഗത്തെ പൊതു സ്ഥാപനങ്ങളും ചുവടെ ചേർക്കുന്നു.

പ്രാഥമിക ആരോഗ്യകേന്ദ്രം

1 സബ് സെൻറർ
2 ആയുർവേദാശുപത്രി
3 ഹോമിയോ ഡിസ്പൻസറി
4 കുടുംബക്ഷേമകേന്ദ്രം

ഇവയ്ക്കു പുറമേ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളും പഞ്ചായത്തിലുണ്ട്. രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുന്ന സംവിധാനങ്ങളുള്ള ആശുപത്രികളും ഗ്രാമത്തിലില്ല. നീലംപേരൂർ നിന്നും 25 കി. മീ. ദൂരെയുള്ള കോട്ടയം മെഡിക്കൽ കോളജ്, 20 കി. മീ. ദൂരെയുള്ള കോട്ടയം ജില്ലാ ആശുപത്രി, 10 കി. മീ. ദൂരെയുള്ള ചങ്ങനാശേരി താലൂക്കാശുപത്രി എന്നിവയെ പഞ്ചായത്തു നിവാസികളും ചികിത്സയ്ക്ക് ആശ്രയിക്കാറുണ്ട്. എന്നാൽ രാത്രികാലങ്ങളിൽ മേൽപ്പറഞ്ഞ ആശുപത്രികളിൽ എത്തിച്ചേരാനുള്ള യാത്രാസൗകര്യങ്ങളും നന്നേ കുറവാണ്. (ഉദാ. ടാക്സി, ഓട്ടോ, ആംബുലൻസ് എന്നിവയുടെ അപര്യാപ്തത) 5 കി. മീ. ദൂരെയുള്ള മങ്കൊമ്പിലും, കുറിച്ചി ഔട്ട്പോസ്റ്റിൽ നിന്നും മാത്രമേ യാത്രാവാഹനം ലഭ്യമാകുകയുള്ളൂ.

മാതൃമരണനിരക്ക്, ശിശുമരണനിരക്ക്, കുട്ടികളുടെ പോഷണനിലവാരം എന്നിവയൊക്കെ പരിശോധിക്കുന്നതിനുള്ള കൃത്യമായ കണക്ക് ലഭ്യമല്ല. ജനങ്ങൾക്കുണ്ടാവുന്ന ജലജന്യരോഗങ്ങളും (ഉദാ: വയറുകടി, വയറുരോഗങ്ങളും, കൊക്കപ്പുഴു) ക്രമേണ വർദ്ധിക്കുന്നതായിട്ടാണ് പഠനങ്ങളും കാണിക്കുന്നത്. (അവലംബം: ആശുപത്രി | P. / O. P. രജിസ്റ്റർ).

ഉയർന്ന ജീവിതമേന്മയുള്ളവർ ചികിത്സക്കായി സ്വകാര്യ ആശുപത്രികളെയാണ് സാധാരണ ആശ്രയിക്കാറുള്ളത്. കുട്ടികളെ ചികിൽസിക്കുന്നതിനും കോട്ടയത്തുള്ള കുട്ടികളുടെ ആശുപത്രിയെ സമീപിക്കുന്നവരുടെ എണ്ണം ക്രമേണ വർദ്ധിക്കുന്നതായി കാണുന്നു. സാധാരണക്കാർ പോലും സ്വകാര്യ ആശുപത്രിയിലെത്തുന്ന പ്രവണത അടുത്ത കാലത്തായി വർദ്ധിച്ചിട്ടുണ്ട്.

പരിസരശുചിത്വം

കുടിവെള്ളം കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട പ്രാഥമിക ആവശ്യമാണ്, എല്ലാ വീടിനും സുരക്ഷിതമായ കക്കൂസ് സംവിധാനം. പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബാംഗങ്ങൾക്കും (92 ശതമാനം) നിലവിൽ കക്കൂസില്ല. തോട്ടകളിലേക്കും പാടങ്ങളിലേക്കും ഇറക്കിക്കെട്ടി ഓലമറച്ച മലവിസർജ്ജന സൗകര്യവും, തുറസായ പ്രദേശവുമാണ് ഉപയോഗപ്പെടുത്തുന്നത്. പരിസര മലിനീകരണത്തിലേക്കും നിരവധി രോഗങ്ങൾക്കും ഇതു കാരണമാകുന്നു. പഞ്ചായത്തിലെ 8 വാർഡിന്റെയും പൊതുസ്ഥിതി ഇതാണ്. സെപ്റ്റിക്ക് ടാങ്ക് കക്കൂസുള്ളവർ വിരളം. കുടുംബങ്ങളുടെ സാമ്പത്തിക പരാധീനതയും, കോളനികളിൽ സ്ഥലപരിമിതിയുമാണ് കക്കൂസ് നിർമ്മാണത്തിനു തടസ്സം നിൽക്കുന്ന ഘടകങ്ങൾ. കോളനികളിലെ കക്കൂസുകൾ വൃത്തിഹീനമാണ്. പലതും പൊട്ടി ഒലിക്കുന്നവയാണ്. കോളനികളിൽ സെപ്റ്റിക്ക് ടാങ്കുകളോടുകൂടിയ പൊതു കക്കൂസുകൾ നിർമ്മിക്കുന്നതു വഴി ഇതിനൊരു പരിഹാരം കാണാവുന്നതാണ്.

6-ാം വാർഡിൽ 500 കക്കൂസുകളും, 7-ാം വാർഡിൽ 170 കക്കൂസുകളും 8-ാം വാർഡിൽ 225 കക്കൂസുകളും ആവശ്യമാണെന്ന് വാർഡ് പഠന റിപ്പോർട്ട് സൂചിപ്പിക്കുന്നു. പഠന റിപ്പോർട്ട് തയ്യാറാക്കാത്ത വാർഡുകളിലും ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം ഇതിൽനിന്നും അല്പം കൂടിയോ കുറഞ്ഞോ ഇരിക്കും.

തോട്ടകൾ നികത്തപ്പെടുകയോ പുലിമുട്ടുകൾ ഇട്ട് നീരൊഴുക്കിനു തടസ്സം വരുത്തുകയോ ചെയ്തിരിക്കുന്നു. ഇതുമൂലം ജലം കെട്ടിക്കിടന്നു മലിനപ്പെടുന്നു. (ഉദാ ഏലംകുളം തോട്ടിൽ റോഡ് സൗകര്യത്തിനു വേണ്ടിയുള്ള മുട്ട്) കൊതുകുകൾ പെരുകുന്നതിനും, മാരകരോഗങ്ങൾ പടരുന്നതിനും ഇതുപോലെയുള്ള നീരൊഴുക്കുതടസങ്ങൾ കാരണമാകുന്നു. ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി തോട്ടകൾ വൃത്തിയാക്കാനും അനാവശ്യ മുട്ടുകൾ ഒഴിവാക്കാനും, റോഡ് സൗകര്യത്തിനു വേണ്ടി തീർത്ത മുട്ടുകൾ കലുങ്കുകളാക്കി മാറ്റുന്നതിനുമുള്ള ഒരു പഞ്ചായത്തുതല പ്ലാൻ തയ്യാറാക്കണം.

വർഷകാലത്ത് വളരെപ്പെട്ടെന്ന് ഒഴുകിവരുന്ന വെള്ളം പുറത്തേക്ക് ഒഴുകിപ്പോകുന്നതിന് റോഡുകൾ പലയിടത്തും തടസമായിട്ടുണ്ട്. കലുങ്കുകൾ പണിയേണ്ടതായ അത്യാവശ്യസ്ഥലങ്ങൾ മുൻഗണനാക്രമത്തിൽ തീരുമാനിക്കപ്പെടണം.

പഞ്ചായത്തു തോട്ടകളിലേക്ക് ചത്ത കോഴി, താറാവ്, പട്ടി, പൂച്ച, എലി, പെരിച്ചാഴി എന്നിവയേയും ചപ്പുചവറുകളും വലിച്ചെറിയപ്പെടുന്നു. ചത്ത മൃഗങ്ങളെ കുഴിച്ചിടുന്നതിനും, ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനും കമ്പോസ്റ്റു കുഴികൾ നിർമ്മിക്കുന്നതിനുമുള്ള ബോധവൽക്കരണ ശ്രമങ്ങൾ നടത്തണം.

എല്ലാ ഗ്രാമസഭകളിലും കക്കൂസ് നിർമ്മാണം പ്രധാനപ്പെട്ട വിഷയമായി തന്നെ ചർച്ച ചെയ്യപ്പെട്ടു.

പ്രശ്നങ്ങൾ

1) എല്ലാ വാർഡിലും P. H. C. ഇല്ല. ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. സബ് സെൻറുകൾക്ക് ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഇല്ല. (ഉദാ: വൈദ്യുതി കോർട്ടേഴ്സ്.)

2) പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകൾക്കും സുരക്ഷിതമായ കക്കൂസ് സംവിധാനമില്ല.

3) രോഗികളെ കിടത്തി ചികിത്സിക്കുന്ന സംവിധാനമില്ല.

4) 5-ാം വാർഡിലെ P. H. C. കെട്ടിടം പണി പൂർത്തിയായിട്ടില്ല. ആശുപത്രിക്കുവേണ്ടി വാങ്ങിയ നിലം പൂർണ്ണമായും നികത്തി എടുത്തിട്ടില്ല.

5) 5-ാം വാർഡിലെ സബ്സെൻറർ വൈദ്യുതീകരിച്ചിട്ടില്ല.

6) 6-ാംവാർഡിലെ പൊതുശ്മശാനം ഉപയോഗയോഗ്യമല്ല. യാത്രാസൗകര്യം ഇല്ല.

7) 6-ാംവാർഡ് P. H. C. യിലെ ഡോക്ടറും മൃഗഡോക്ടറും ഓരോ ദിവസം കിക്കേ ചേന്നങ്കരിയിലും, പയറുപാക്കലും എത്തണമെന്ന നിർദ്ദേശം ഗ്രാമസഭയിൽ നിന്നു വന്നിട്ടുണ്ട്.

8) ചെറുകര P. H. C. ഉപകേന്ദ്രത്തിനു സ്വന്തമായി കെട്ടിടമില്ല.

9) പൊതുജനങ്ങളും ഉപയോഗിക്കുന്ന കുളങ്ങളുംക്കു് കടവുകളില്ല.

സാധ്യതകൾ-പരിഹാരങ്ങൾ

1) പ്രാഥമിക ആരോഗ്യകേന്ദ്രം എല്ലാ വാർഡുകളിലും സ്ഥാപിക്കുന്നതിനു് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന വിവരം പരിശോധിക്കപ്പെടണം. നിലവിലുള്ള P. H. സെൻറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയണം. (ഉദാ:-ആവശ്യമുള്ള മരുന്നുകളും ലഭ്യമാക്കൽ)

2) പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സബ്സെൻറുകളും തുറക്കാൻ കഴിയണം. ഇതിനുള്ള സാധ്യത പരിശോധിക്കപ്പെടണം.

3) രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. (ഉദാ:- ആയുർവ്വേദാശുപത്രി, ഈരു) ഇതിനുള്ള സാദ്ധ്യതകളും സമഗ്രമായി ആരായണം.

4) 5-ാംവാർഡിലെ P. H. സെൻററിന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കണം. ആശുപത്രിക്കുവേണ്ടി വാങ്ങിയ നിലം പൂർണ്ണമായും നികത്തി എടുക്കണം.

5) 8-ാംവാർഡിൽ നിലവിലുള്ള ഹോമിയോ ഡിസ്പെൻസറിയിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കാനുള്ള സാധ്യതകളും ആരായണം.

6) പഞ്ചായത്തു് ആരോഗ്യ വികസന സമിതിക്കു രൂപം കൊടുക്കണം.

7) സബ്സെൻറർ ഇല്ലാത്ത വാർഡുകളിൽ സബ് സെൻറർ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടു്. ഇതു പരിശോധിക്കപ്പെടണം.

8) ഹെൽത്തുകാർഡ് രക്തദാനം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം, ഓരോ വാർഡിൽനിന്നും രക്തം ദാനം ചെയ്യുവാൻ തയ്യാറുള്ളവരുടെ രക്തഗ്രൂപ്പ് നിർണ്ണയിച്ചു് ലിസ്റ്റ് അതതു വാർഡു മെമ്പറന്മാർ ശേഖരിച്ചു് പഞ്ചായത്തിൽ സൂക്ഷിക്കണം. അടിയന്തിര സാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്താൻ കഴിയണം.

9) P. H. C. യിൽ ഒരു ശിശുരോഗ വിദഗ്ദ്ധൻ ആഴ്ചയിലൊരിക്കലെങ്കിലും എത്താനുള്ള സാധ്യത ആരായണം. കൊച്ചുകുട്ടികളേയും കൊണ്ടു് ആശുപത്രി തേടിയുള്ള ദൂരയാത്ര ഒഴിവാക്കാൻ കഴിയും.

P H C. യിൽ സ്ത്രീകൾക്കാവശ്യമായ സൗകര്യങ്ങളും ഏർപ്പെടുത്തുക, ആഴ്ചയിൽ ഒരു ദിവസം P. H. C. യിൽ വനിതാ ഡോക്ടർ എത്തുവാനുള്ള സംവിധാനം ഉണ്ടാക്കണം.

11) പകർച്ചവ്യാധികളും തടയുന്നതിനുള്ള ജനകീയ പ്രവർത്തനങ്ങളും ഏറെറടുക്കാൻ കഴിയും.

12) സുരക്ഷിതമായ കക്കൂസില്ലാത്ത എല്ലാ വീടുകളുംക്കും കക്കൂസ് സംവിധാനം ഏർപ്പെടുത്താനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കണം. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളും, സന്നദ്ധ സംഘടനകളും തുടങ്ങിയവയുടെ സഹായത്തോടെ നടപ്പാക്കണം പരിസര മലിനീകരണം ഏറ്റവും രൂക്ഷമായ സ്ഥലങ്ങൾക്കു് മുൻഗണന കൊടുക്കണം. (ഉദാ:- കോളനികൾ. ജനങ്ങൾ കൂട്ടമായി താമസിക്കുന്ന കേന്ദ്രങ്ങൾ.)

13) കോളനികളിൽ പൊതു സെപ്റ്റിക്കു് ടാങ്കു് കക്കൂസുകളും പണിയുന്നതിനുള്ള പദ്ധതി തയ്യാറാക്കാൻ കഴിയണം. പൊട്ടിയതും ഉപയോഗയോഗ്യമല്ലാത്തതുമായ കോളനിയിലെ കക്കൂസുകളും അടിയന്തിരമായി മൂടണം.

14) ആരോഗ്യ ബോധവൽക്കരണ സംവിധാനങ്ങളും സംഘടിപ്പിക്കണം. (ഉദാ:-ചർച്ചാക്ലാസ്, സെമിനാർ, ലഘുലേഖകളും, ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും.)

15) ചാരായം നിയമംമൂലം നിരോധിച്ചിട്ടുണ്ടു്. എങ്കിലും മദ്യപാനം കൂടിവരുന്നുവെന്നുള്ളതു് ഒരു യാഥാർത്ഥ്യം. കള്ളു് ഉൾപ്പെടെയുള്ള എല്ലാ ലഹരിവസ്തുക്കളും പൂർണ്ണമായി ഒഴിവാക്കണം. കള്ളു്, കഞ്ചാവു് ഇതര ലഹരിപദാർത്ഥങ്ങളും, പുകവലി, മുറുക്കു്, പാൻമസാലകളും എന്നിവയുടെ ഉപയോഗം ബോധവൽക്കരണത്തിലൂടെ ഇല്ലാതാക്കുന്നതിനുള്ള പരിപാടികൾക്കു് ജനകീയ മാനം നൽകണം.

7. 5. വ്യവസായം, ടൂറിസം

വ്യാവസായിക വികസനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് വളരെ പിന്നിലാണ്. ആധുനിക വൻകിട-വ്യവസായങ്ങളും ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിന്റെ ഭൂപ്രകൃതി ഇതിനൊരു പ്രധാന ഘടകമാണ്. കാർഷിക പ്രധാനമായ നമ്മുടെ ഗ്രാമത്തിൽ കാർഷികോൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങളാണ് ആരംഭിക്കേണ്ടത്. പാടശേഖരങ്ങളുടെ പുറംബണ്ടിലും പൊതുഭൂമികളിലുമായി താമസിക്കുന്ന ജനപ്രകൃതിക്കും വലിയ വ്യവസായ പ്രതീക്ഷ ഉൾക്കൊള്ളാനാവില്ല

പരമ്പരാഗത കുടിൽ വ്യവസായം, തഴപ്പായ്, കൊട്ട, മുറം, വട്ടി, തട്ടക്ക് എന്നിവയുടെ നിർമ്മാണമായിരുന്നു. പരിമിത സൗകര്യങ്ങളോടുകൂടിയതായിരുന്നെങ്കിലും പെരുകിട വ്യവസായ സംരംഭങ്ങൾ എന്നു പറയാവുന്ന നെല്ലുകുത്ത് മില്ലുകളും, എണ്ണയാട്ടുന്ന ചക്കും നൂലംപേരൂർ പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്നു.

വ്യവസായത്തിനു വേണ്ട പശ്ചാത്തല സൗകര്യങ്ങളായ റോഡ്, വൈദ്യുതി എന്നിവയുടെ ശൃംഖല വളരെ സാവധാനത്തിലാണ് കടന്നുവന്നത്. 1979-ലാണ് പഞ്ചായത്തിലേയ്ക്കുള്ള ആദ്യറോഡിന്റെ ടെണ്ടർ പത്രത്തിൽ പ്രത്യക്ഷപ്പെട്ടത്. ലിങ്ക് റോഡുകളും, അപ്രോച്ചുറോഡുകളും, കോർത്തിണക്കി ഇന്നു കാണുന്ന റോഡുശൃംഖല രൂപപ്പെടുവാൻ പിന്നെയും വർഷങ്ങളും എടുത്തു. പെരുകിട വ്യവസായത്തിനു പറ്റിയ അന്തരീക്ഷം പതുക്കെ കടന്നുവന്നതോടുകൂടി പെരുകിട വ്യവസായ യൂണിറ്റുകളും പ്രവർത്തനമേഖലയിലെത്തി. ചിങ്ങവനത്തുള്ള ടാവൻകൂർ ഇലക്ട്രോകെമിക്കൽസിന്റെ ഒരു വാഷിംഗ് പ്ലാന്റും മരങ്ങാട്ടടി പാടശേഖരബണ്ടിനോടു ചേർന്ന് രൂപം കൊണ്ടതാണ് ആദ്യത്തെ വ്യവസായസംരംഭം. വേമ്പനാട്ടുകായലിൽനിന്നും ലഭിക്കുന്ന കക്ക ശുചീകരിക്കുന്ന പ്രക്രിയയാണ് ഇവിടെ നടക്കുന്നത്. 30-ൽ അധികം വരുന്ന തൊഴിലാളികളും ഇവിടെ പണിയെടുക്കുന്നു. പഞ്ചായത്തിൽ ട്രേഡ് യൂണിയൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ബഹുജനസംഘടനകളും ആദ്യമായി ഈ സ്ഥാപനത്തിലാണ് രൂപം കൊണ്ടത്.

പഞ്ചായത്തിന്റെ പരിധിയിൽ ഇന്നുള്ള വ്യവസായ യൂണിറ്റുകളുടെ വിവരം പട്ടികയിൽപ്പെടുത്തിയിരിക്കുന്നു.

പരമ്പരാഗത കുടിൽ വ്യവസായങ്ങളും അവഗണിക്കപ്പെട്ടിരിക്കുന്നു. പണ്ടുകാലത്ത് തഴപ്പായ, ചിക്കപായ, വട്ടി, മുറം എന്നിവ നിർമ്മിച്ച് ചിങ്ങവനത്തും (പുഴക്കര ചന്ത) ആണ്ടിലൊരിക്കൽ വരുന്ന പാക്കിൽ സംക്രമത്തിനും കൊണ്ടുപോയി വിപണനം നടത്തിയിരുന്നു. സ്ത്രീകളാണ് ഈ മേഖലയിൽ കൂടുതലും എത്തിയിരുന്നത്. മറ്റു മേഖലകളിലേക്കു തിരിഞ്ഞ് പുതിയ തലമുറയ്ക്ക് തഴപ്പായ് നിർമ്മാണം തന്നെ അറിയില്ല. ഫോംബെഡ്ഡുകളും, തഴപ്പായയെ കിടക്കമുറികളിൽ നിന്നും പുറംതള്ളി.

മുഖ്യ കാർഷികോല്പന്നമായ നെല്ലുപയോഗിച്ച് പ്രവർത്തിക്കുന്ന പെരുകിട വ്യവസായ യൂണിറ്റുകളും അടുത്തകാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൈരളി റൈസ് മില്ല് ഇത്തരമൊരു യൂണിറ്റിന്റെ തുടക്കമാണ്. പഞ്ചായത്തിൽ വികസനസാദ്ധ്യതയുള്ളതും വളരെവേഗം മാർക്കറ്റ് പിടിക്കുന്നേ കഴിയുന്നതുമായ യൂണിറ്റാണ് മോഡൺ റൈസ് മില്ലുകളും. പെരുകിട നെല്ലുപുഴുക്ക് ചൂളകളും വികസന സാദ്ധ്യതയുള്ള യൂണിറ്റുകളാണ്,

8-ാംവാർഡിലും, 1-ാംവാർഡിലും ഓരോ കക്കാചൂള വീതമുണ്ട്. നിരവധി കാരണങ്ങളാൽ കക്കാചൂള തുടങ്ങുവാൻ ആളുകളും തയ്യാറാകുന്നില്ലെന്നുള്ള കാര്യം പരിശോധിക്കപ്പെടേണ്ടതാണ്. നമ്മുടെ വികസന സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി നാടിന് ആവശ്യമുള്ള ഉല്പന്നങ്ങളും ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന പെരുകിട വ്യാവസായിക യൂണിറ്റുകളും ഉരുത്തിരിഞ്ഞുവരുന്ന വ്യാവസായിക വികസനതന്ത്രത്തിനും പഞ്ചായത്ത് തലത്തിൽ രൂപം കൊടുക്കണം.

ഗ്രാമസഭകളിൽ നിന്നും വിവിധങ്ങളായ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. ഇതിന്റെ സാദ്ധ്യതകൾ പരമാവധി സമഗ്രമായി പരിശോധിക്കപ്പെടുകയും മുൻഗണനാക്രമം നിശ്ചയിക്കുകയും വേണം. സൂക്ഷ്മപഠനത്തിൽ പ്രായോഗികമല്ലെന്ന കാണുന്നവ ഉപേക്ഷിക്കേണ്ടതായി വരും. ബാങ്കുകളുടേയും, സഹകരണ സ്ഥാപനങ്ങളുടേയും സാമ്പത്തിക സഹായം ലഭ്യമാക്കണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1) മുഖ്യ കാർഷികോല്പന്നമായ നെല്ലുപയോഗിച്ചുള്ള മോഡേൺ റൈസ് മില്ലുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായണം.

2) പഞ്ചായത്തുതലത്തിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയണമെന്നുള്ള നിർദ്ദേശം വന്നിട്ടുണ്ട്. ഇതു പരിശോധിക്കപ്പെടണം.

3) ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു ഇൻഡസ്ട്രിയൽ ഏറിയ/ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വേണമെന്നുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ട്. (ഉദാ:- 8-ാംവാർഡ്) വ്യവസായ സംരംഭകർക്ക് സൗകര്യപ്രദമായ സ്ഥലം നൽകുവാൻ ഇതിലൂടെ കഴിയും. ഇതു പരിശോധിക്കപ്പെടണം.

4) വ്യവസായം തുടങ്ങുന്നതിനു താല്പര്യമുള്ളവരുടെ ഒരു പട്ടിക അതത് വാർഡു മെമ്പർമാർ മുഖേന പഞ്ചായത്തിൽ ശേഖരിക്കപ്പെടണം. ഇത്തരം ആളുകളെ ജില്ലാ വ്യവസായ കേന്ദ്രവുമായും, മറ്റു സ്ഥാപനങ്ങളുമായും ബന്ധപ്പെടുത്തി വ്യവസായ താല്പര്യം വളർത്തണം. ഇതിനു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം. ചെറുകിട വ്യവസായ യൂണിറ്റു തുടങ്ങുന്നതിനുപോലും പ്രോജക്ട് റിപ്പോർട്ടാവശ്യമാണ്. ഇതു തയ്യാറാക്കുന്നതിനു ആവശ്യമായ സഹായം നൽകണം. ഇതിനുവേണ്ടി പരിശീലകരെ കണ്ടെത്തണം.

5) യൂണിറ്റു തുടങ്ങുന്നതിനു വേണ്ടിവരുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വൈദ്യുതി, സ്ഥലം, റോഡുസൗകര്യം, വിപണന സാധ്യതകൾ, വിപണന പ്രശ്നങ്ങൾ എന്നിവ സമഗ്രമായി പരിശോധിക്കപ്പെടണം.

6) വ്യവസായ സംരംഭകരോട് ബാങ്ക് കാണിക്കുന്ന അവഗണനയ്ക്ക് പരിഹാരമുണ്ടാവണം. പഞ്ചായത്തു തലത്തിലുള്ള പരിചയപ്പെടൽ ഇക്കാര്യത്തിൽ ഉണ്ടാവണം.

7) ഫർണിച്ചർ യൂണിറ്റുകൾക്കുള്ള സാധ്യത കൂടുതലാണ്. ഫർണിച്ചർ വ്യവസായത്തിൽ ഏർപ്പെടാൻ കഴിയുന്നവർ ഏറെയുണ്ട്. കൂടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം. (ഉദാ:- തഴപ്പായ്, കൂട്ട, പനമ്പ്, വട്ടി, മുറം എന്നിവയുടെ നിർമ്മാണം.)

8) വനിതകൾക്ക് ഏർപ്പെടുവാൻ കഴിയുന്ന വ്യാവസായിക യൂണിറ്റുകൾക്ക് മുൻഗണന കൊടുത്ത് നടപ്പിലാക്കണം. (ഉദാ:- തയ്യൽ, വസ്ത്രനിർമ്മാണം, ഹെയർപിൻ, പൊട്ട്, ക്ലിപ്പ്)

9) സോപ്പുനിർമ്മാണം, മെഴുകുതിരി നിർമ്മാണം, അച്ചാറ്, ബേക്കറി, കറിപ്പൊടികൾ, പപ്പടം, ഭക്ഷ്യധാന്യം പൊടിക്കൽ, സോഡാ നിർമ്മാണം, മുളകുപൊടി, മല്ലിപ്പൊടി നിർമ്മാണം എന്നിവയുള്ള സാധ്യതകൾ ഉണ്ട്. ഇതു പരമാവധി പ്രയോജനപ്പെടുത്തണം. അഗ്മാർക്കിന്റെ ഉപദേശം ലഭ്യമാക്കണം.

10) ചിപ്സ് നിർമ്മാണം (ഉദാ:- നേന്ത്രക്കായ്, കപ്പ, ഉരുളക്കിഴങ്ങ്)

11) തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ.

12) ഇലക്ട്രോണിക്സ് വ്യവസായം, അച്ചടി (പ്രസ്സ്)

13) ഓട്ടോമൊബയിൽ, വർക്ക്ഷോപ്പ് സഹകരണാടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കി പ്രാവർത്തികമാക്കാൻ കഴിയും.

14) തവിട്ടുപയോഗിച്ചുള്ള വസ്തുക്കളുടെ നിർമ്മാണം,

15) അവൽ വ്യവസായം.

16) കുട്ടികളുടെ ഷൂനിർമ്മാണം.
(ഉദാ: നീലംപേരൂർ—)

17) പേപ്പർ കവർ നിർമ്മാണം.

18) നോട്ടുബുക്ക നിർമ്മാണം, ഹാർഡ് ബോർഡ് യൂണിറ്റ നിർമ്മാണം, പഞ്ചായത്തിലെ മുഴവൻ വിദ്യാർത്ഥികൾക്കും കുറഞ്ഞ ചിലവിൽ നോട്ടുബുക്കുകൾ എത്തിക്കാൻ കഴിയും.

19) കുട, ഇൻസ്ട്രമെൻറ ബോക്സ് നിർമ്മാണം.

20) ക്ഷീരോൽപ്പന്നങ്ങൾക്കുള്ള സാധ്യത പരിശോധിക്കപ്പെടണം.

21) കുമ്മായം, ഇഷ്ടിക, ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ കഴിയും.

22) കയിൽ, പട്ടകം, സ്പൂൺ നിർമ്മാണം.

23) നാളികേരം ഉപയോഗപ്പെടുത്തി തുടങ്ങാവുന്ന ചെറുകിട യൂണിറ്റുകൾ.

24) ചിരട്ട, ചകിരി, ചെറുകമ്പുകൾ തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണ യൂണിറ്റുകൾ.

25) വൈക്കോൽ ഉപയോഗിച്ചുള്ള പേപ്പർ നിർമ്മാണം.

26) ആധുനിക ഡിസയിനിംഗ്, കട്ടിംഗ് എന്നിവയിൽ വനിതകൾക്ക പരിശീലനം.

27) സൂര്യകാന്തിപ്പൂ കൃഷിചെയ്യുന്നതിനുള്ള സാധ്യത ആരായണം.

28) കളിക്കോപ്പു നിർമ്മാണം, അംഗനവാടികൾക്ക കളിക്കോപ്പുകൾ നൽകുവാൻകഴിയും.

29) കക്കാചൂളകൾക്കുള്ള സാധ്യത, മലിനീകരണ പ്രശ്നങ്ങൾ കണക്കിലെടുക്കണം.

30) ഫ്ളവർമിൽ, പൊടിമില്ല്, അരപ്പുമില്ല് ഇവയ്ക്കുള്ള സാധ്യത.

31) തോടുകളിൽ ഫിഷ് ഹാച്ചറിക്കുള്ള സാധ്യത. ഫിഷറീസ് വകുപ്പുമായി ചേർന്ന് പരിശോധിക്കാൻ കഴിയണം.

32) കയറുൽപ്പന്നങ്ങളുടെ സാധ്യത, തൊണ്ടഴുക്കൽ. മലിനപ്പെടാതെയുള്ള സൗകര്യം പരിശോധിക്കപ്പെടണം.

33) ലാൻറ് യൂട്ടിലൈസേഷൻ ആക്ടിൽ ഭേദഗതികൾ.

34) പഞ്ചായത്തിൽ ചന്ത ആരംഭിക്കാനുള്ള സാധ്യത.

35) വ്യവസായകേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

36) കോഴിത്തീറ്റ, കാലിത്തീറ്റ എന്നിവ നിർമ്മിക്കുന്നതിനുള്ള സാധ്യത. തവിട്, ചെറുമത്സ്യങ്ങൾ, പിണ്ണാക്ക് എന്നിവയുടെ ലഭ്യത പരിഗണിക്കണം.

ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാനുള്ള പ്രേരണ നൽകുകയും സാമ്പത്തിക സഹായം ലഭ്യമാകുന്നതിനു വരുന്ന ബുദ്ധിമുട്ട് പരമാവധി ഒഴിവാക്കപ്പെടുകയും ചെയ്താൽ നമ്മുടെ ഗ്രാമത്തിനു ചേരുന്ന നിരവധി ചെറുകിട യൂണിറ്റുകൾക്ക് തുടക്കം കുറിക്കുവാൻ കഴിയും. തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരവും, ജനതയുടെ ജീവിതത്തിനു പുതിയ ഒരു വെളിച്ചവും ലഭിക്കും.

7. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പഞ്ചായത്തു രൂപീകരിക്കുമ്പോൾ ഗതാഗത സൗകര്യം ഒട്ടുംതന്നെ ഇല്ലായിരുന്നു. കുട്ടനാട്ടുവാലയിൽ നിന്നും നീലംപേരൂർ പള്ളി-നീലംപേരൂർ ക്ഷേത്ര-ഏലാകളംചിറവഴി ഈരയിലും മറ്റു പ്രദേശങ്ങളിൽ വള്ളത്തിലും എത്തിച്ചേരാനേ കഴിയുമായിരുന്നുള്ളൂ. കോട്ടയം. ചങ്ങനാശേരി, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ എത്തിച്ചേരുവാൻ നീലംപേരൂർ നിവാസികൾ നന്നേ ബുദ്ധിമുട്ടിയിരുന്നു.

1980കളോടെ റോഡു ശൃംഖലയുടെ വ്യാപനം വന്നതോടെ യാത്രാസൗകര്യങ്ങളുടെ കാര്യത്തിൽ വമ്പിച്ച കുതിച്ചുചാട്ടമാണ് ഉണ്ടായതു്. കുട്ടനാട്ടുവാല വരെയുണ്ടായിരുന്ന ബസ് സർവീസ് ആദ്യം ഈര വരെയും, ഇപ്പോ

കൈനടി വരേയും എത്തിനിൽക്കുന്നു.

പഞ്ചായത്തിൽ ലഭിക്കുന്ന ഫണ്ടിന്റെ ഭൂരിഭാഗവും റോഡു നിർമ്മാണത്തിനു വേണ്ടി ചിലവഴിക്കപ്പെട്ട. പലപ്പോഴും തർക്കങ്ങളും വിവാദങ്ങളും റോഡുനിർമ്മാണം സംബന്ധിച്ച് ഉയർന്നുവന്നു. യാത്രാസൗകര്യം ഒട്ടുംതന്നെ ഇല്ലാതിരുന്ന ഒരു കാലയളവിൽ അനിവാര്യമായ ഒരാവശ്യമായിരുന്ന റോഡുശൃംഖലയുടെ വ്യാപനം യാത്രാസൗകര്യങ്ങൾ സാമാന്യമെച്ചപ്പെട്ടിട്ടുള്ള ഇന്നത്തെ സാഹചര്യത്തിൽ വികസനമെന്നാൽ റോഡുനിർമ്മാണം ആണെന്ന വികലധാരണ തിരുത്തേണ്ടതാണ്. അശാസ്ത്രീയമായ റോഡുനിർമ്മാണം പരിസ്ഥിതി പ്രശ്നങ്ങൾക്കു കാരണവുമായിട്ടുണ്ട്.

പഞ്ചായത്തിലെ വാഹനഗതാഗത യോഗ്യമായ ആകെ റോഡ് — കിലോമീറ്ററാണ്. ആകെ ടാറു ചെയ്ത റോഡ് 8.1 കി.മീ; ആണ്.

ടാർ റോഡുകളുടേയും മൺ റോഡുകളുടേയും അവസ്ഥ തൃപ്തികരമല്ല. അറ്റകുറ്റപ്പണികൾ കൃത്യസമയത്തു് നടക്കുന്നില്ല. വർഷകാലങ്ങളിൽ റോഡ് വെള്ളത്തിനടിയിൽ ആകുന്നു. ആവശ്യത്തിനു ഫണ്ടില്ലാത്ത അവസ്ഥ റോഡുനിർമ്മാണത്തെ തടസപ്പെടുത്തുന്ന ഘടകമാണ്.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാസൗകര്യങ്ങൾ, മൺറോഡുകൾ, പാലങ്ങൾ, കലുങ്കുകൾ, നടപ്പാതകൾ എന്നിവയുടെ വിവരം പട്ടികപ്പെടുത്തിയിരിക്കുന്നു.

ഗ്രാമസഭയിൽനിന്നും വന്ന നിർദ്ദേശങ്ങൾ ഭൂരിഭാഗവും പുതിയ റോഡുനിർമ്മാണത്തിനും, നടപ്പാതകൾക്കും വേണ്ടിയുള്ളതാണ്. നിലവിലുള്ള ടാർ റോഡുകളുടേയും, മൺ റോഡുകളുടേയും അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തണമെന്ന ആവശ്യവും ഉയർന്നുവന്നിരിക്കുന്നു. അതോടൊപ്പം യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒട്ടേറെ നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നും വന്നിട്ടുണ്ട്.

പുതിയ റോഡുവഴി നിർദ്ദേശവും-റിപ്പയറിംഗ് നിർദ്ദേശവും, നടപ്പാതകളുടെ നിർമ്മാണവും പാലങ്ങൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണവും മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തിയതു് ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണത്തിൽ നിന്നാണ്. എല്ലാ വാർഡുമെമ്പറന്മാരുടെ നിർദ്ദേശവുംതേടിയിട്ടുണ്ട്.

പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും റോഡുനിർമ്മാണത്തിനു വേണ്ടിവരുന്ന ഭീമമായ തുകയുടെ ആവശ്യകതയും നാം കണക്കിലെടുക്കണം. മനുഷ്യാദ്ധ്വാനശക്തി പരമാവധി ശ്രമദാനമായി ഉപയോഗപ്പെടുത്തിയും പൊതുസംഭാവനകൂടി സമാഹരിച്ചും കൃത്യമായ മുൻഗണനാക്രമം പാലിച്ചും മാത്രമേ റോഡുവികസന പ്രതിസന്ധി മുറിച്ചുകടക്കാൻ കഴിയുകയുള്ളൂ.

പട്ടിക

വാർഡ്	കോഡ്	റോഡിന്റെ പേരു്	ദൂരം
1	01	നീണ്ടകര-പുല്ലായം-വാഴത്ര	3.5 km
,,	02	മുക്കം-ആക്കനടി	2 ,,
,,	03	വായക്കാട്ട-കുന്നംപുറം	2 ,,
,,	04	മുക്കം-46-ൽചിറ	1.5 ,,
,,	05	നടുവത്തുപാടം-ശ്മശാനം	1.0 ,,
2	01	മുടിയിൽ-സെന്റ്ജോർജ്ജ് പള്ളി	1.5 ,,
,,	02	മുടിയിൽ-പഞ്ചായത്തുസ്റ്റേഡിയം	1.0 ,,
,,	03	പുറത്തേരി-നമ്പിചിറ റോഡ്	1.0 ,,
3	01	മണ്ണുത്തേരി-ചെറുവള്ളി	1.5 ,,
,,	02	ഏലാങ്കളം-കൊമ്പറമ്പ്	2.0 ,,
4	01	വെങ്ങാന്തറ-സാൽവേഷൻ ആർമി	.5.0 ,,
,,	02	കൊപ്പറമ്പ്-നിലംപേരൂർപള്ളി	1.5 ,,
,,	03	തട്ടാമ്പറമ്പ്-കൈതാരം	.25 ,,
,,	04	മഴക്കോം-ഐക്കര	.5 ,,
,,	05	തെക്കീര ജംഗ്ഷൻ LPS	.3 ,,
,,	06	വരാപ്പുഴ-കണിയാമ്പറമ്പ്	.3 ,,
,,	07	കട്ടമന-തുരുത്തി	5 ,,
5	01	വാലടി-നാരകത്ര ബോട്ടുജട്ടി	1 ,,
,,	02	വാലടി-ഈര ലൂർദ്ദുമാതാ	3 ,,

,, 03 PWD-കണ്ണങ്കോട്ട്
,, 04 കൃഷ്ണപുരം-മഠത്തിലാക്കൽ
,, 05 കൃഷ്ണപുരം PWD മഠത്തിലാക്കൽ
,, 06 PWD - കണ്ണാട്ട്
,, 07 നാരകത്ത-ചക്കച്ചുംപാക്ക
,, 08 നാരകത്ത-വാലടി-മുളക്കാംതുരുത്തി
,, 09 കൃഷ്ണപുരം-പയറുപാക്ക
6 01 നാരകത്ത-ചെറുകര
,, 02 കൃഷ്ണപുരം-വള്ളിക്കുന്നം
,, 03 കിഴക്കേചേന്നങ്കരി-പങ്കിയമ്മ
,, 04 പയറുപാക്ക-പങ്കിയമ്മ
,, 05 കിഴക്കേചേന്നങ്കരി-60-ൽ
,, 06 ചിങ്ങങ്കരി-വടക്കേജീപ്പ്
,, 07 കോഴിച്ചാൽ-വടക്കേപ്പാടം
,, 08 കണിയാത്തുകോളനി-28-ൽ
,, 09 കിഴ. കോളനി കിണർ-കിഴക്ക്
,, 010 നാരകത്ത-പയറുപാക്ക
,, 011 നാരകത്ത PWD-കണിയാന്തറ
,, 012 കൃഷ്ണപുരം PWD മാളേക്കൽ
,, 013 ലക്ഷംവീട് കോളനി
7 01 ആർ. എൻ. മെമ്മോറിയൽ വായനശാല-ഷാപ്പുജെട്ടി 1.5 കി. മീ.
,, 02 PWD റോഡ് - 60-ൽ ജെട്ടി .350 ,,
,, 03 PWD റോഡ്-കാരിക്കഴിപ്പാലം 1.5 ,,
,, 04 പുളിത്തറ-ചെറുകരകായൽപ്പാലം .750 ,,
,, 05 മാളിയേക്കൽ-വടകരശ്ശേരി 1 ,,
,, 06 PWD റോഡ്-കോലാക്കിശ്ശേരി 1.5 ,,
,, 07 കറശ്ശേരി-മുണ്ടകപ്പാടം 800 ,,
,, 08 മെനവുംതറ-അട്ടിച്ചിറ 1 ,,
,, 09 പുതുവൽ-കോവിലകം .750 ,,
,, 010 ഷാപ്പ്ജെട്ടി-അമ്പലം 1 ,,
,, 011 കരളകം-മുണ്ടകപ്പാടം 750 ,,
,, 012 ഷാപ്പുജെട്ടി-കോലാക്കിശ്ശേരിജെട്ടി 1 ,,
,, 013 കൊടവന്ത്ര-മെനവുന്തറ .700 ,,
,, 014 ചെറുകര-ലിസിയോപ്പള്ളി ജില്ലാ പഞ്ചായത്ത്
8 01 പോലീസ് സ്റ്റേഷൻ-മോഡേൺ റൈസ്മിൽ 5 ,,
,, 02 ചക്കച്ചുംപാക്ക-കുവലയിൽ കടത്തുകടവ് .650 ,,
,, 03 തട്ടകൽപറമ്പ്-വാര്യാർ .600 ,,
,, 04 മോഡേൺ റൈസ്മിൽ-കുന്നക്കാട് 1.00 ,,
,, 05 കൈനടി പരിപ്പിനടി-SCB കൈനടി .500 ,,
,, 06 പോലീസ് സ്റ്റേഷൻ-പഴയകളം ലക്ഷംവീട് .250 ,,
,, 07 കുഴിക്കാട്ടുജെട്ടി റോഡ് .250 ,,
,, 08 കൈനടി-ഒതളത്തനാടി .500 ,,
,, 09 ചക്കച്ചുംപാക്ക-കണ്ണങ്കരി-കൈനടി 1.250 ,,
,, 010 SCB കൈനടി-കൈനടി പള്ളിഭാഗം .250 ,,
,, 011 PWD-വാച്ചാക്കുണ്ടം .250 ,,
,, 012 ചക്കച്ചുംപാക്ക-വൈശ്യംഭാഗം 1 ,,

പുതിയ നടപ്പാത നിർദ്ദേശം

വാർഡ്	കോഡ്	നടപ്പാതയുടെ പേര്	തുടക്കം	ഒടുക്കം	ദൂരം
1	01	വടയക്കാട്ടുചിറ—പുതുക്കേരി	വടയക്കാട്ടുചിറ	പുതുക്കേരി	100 മീ:
,,	02	മുക്കംപാലം—പന്തുത്തിക്കാട്ടുചിറ	മുക്കംപാല	പന്തുത്തിക്കാട്ടുചിറ	200 ,,
,,	03	വാഴൂത്തറ—50-ൽ ചിറ	വാഴൂത്തറ	50-ൽ ചിറ	200 ,,
,,	04	പുല്ലായംപാലം—നെടുമ്പറമ്പ്	പുല്ലായംപാലം	നെടുമ്പറമ്പ്	100 ,,
,,	05	നെടുമ്പറമ്പ്—കന്യക്കോൺ	നെടുമ്പറമ്പ്	കന്യക്കോൺ	50 ,,
,,	06	കിഴക്കേമഠം—കുന്നുംപുറം വഴി	കിഴക്കേമഠം	കുന്നുംപുറം	500 ,,
,,	07	നീണ്ടകര—തെക്കേടം	നീണ്ടകര	തെക്കേടം	100 ,,
,,	08	മുക്കം—46-ൽ വരെ	മുക്കം	46 വരെ	500 ,,
,,	09	മുക്കം പാലം—കുടകുത്തുംമൂല	മുക്കം	കുടകുത്തുംമൂല	500 ,,

,,	010	പുല്ലായം—ആക്കനടി	പുല്ലായം—ആക്കനടി	2 കി:മീ.
II	01	നീലംപേരൂർ—കേളമ്പാക്കളം	നീലംപേരൂർ—നെൽപ്പു	
		നെൽപ്പുരപ്പാടം	പ്പാടം—കടുത്തുകര	500 മീ.
,,	02	കവണകാട്ടറ—കളത്തിൽ	കവണകാട്ടറ – കളത്തിൽ	
,,	03	കരുനാട്ടുവാല—നീലംപേരൂർ	കരുനാട്ടുവാല-- തെക്കു്	
		പോസ്റ്റാഫീസ്	നീലംപേരൂർ പോസ്റ്റാഫീസ്	250മീ.
III	01	ഏലാങ്കളം—മുട്ടേൽ	ഏലാങ്കളം—മുട്ടേൽ	50 മീ.
,,	02	പ്രാമി —ആപ്പാടം പാക്കൽ		
..	03	പ്രാമി, സാർക്കു്, കൊച്ചുതറ	സാർക്കു്—കൊച്ചുതറ	150 മീ.
,,	04	നീലംപേരൂർ ക്ഷേത്രം—30-ൽ ചിറ		
,,	05	പുലിത്തരുത്തി—കൊച്ചുപുരക്കൽ		
,,	06	താഴവള്ളി—പെരുവള്ളിക്കാവു്		
IV	01	ലൂർദ്ദുമാതാ ചർച്ചു്— തെക്കേരി		
,,	02	വാരാപ്പുഴ—വട്ടപ്പറമ്പു്		
,,	03	തലവങ്ങാടു്—പുതിയാറ		
,,	04	വട്ടക്കാടു്—ഇലഞ്ഞിക്കൽ		
,,	05	വാകത്താനംചിറ—ചിറയിൽ പീടിക		
,,	06	പുകലമഠം—മൂലയിൽ		
,,	07	ഇടനാടു് — മുട്ടംതറ		
,,	08	കുമരകം — ഒരുപ്പക്കാടു്		
,,	09	മഴുവേലി—ഇരയച്ചുംവീടു്		
,,	010	കോയിപ്പള്ളി		
,,	011	P W D റോഡു്—പള്ളിപ്പാടു്		150 മീ.
,,	012	മത്തായിക്കളം—പരവഞ്ചേരി		200 ,,
,,	013	ഉറുമ്പയം—ചിറത്തറ		
,,	014	പരപ്പൂത്ര—വല്ല്യാറ		
V	01	കൃഷ്ണപുരം—കാപ്പിച്ചിറ		615 ,,
,,	02	മൂക്കേടി—കിഴിയങ്കാവു്		
,,	03	കുഴിയടി—മാറപ്പാടി		500 ,,
,,	04	തുമ്പയിൽ വഴി		400 മീ.
,,	05	സമൂഹത്തിൻമഠം— കുട്ടൻപേരൂർ		550 മീ.
,,	06	വാലടി സമൂഹത്തിൻമഠം—ബോട്ടുജട്ടി		800 മീ.
VI	01	പയറുപാക്ക പള്ളി— ക്ലബ്ബു്		300 മീ.
,,	02	ക്ലബ്ബു് മൈതാനം—കടുത്തുകടവു്		300 മീ.
,,	03	24-ൽ—കണിയാന്തറ ലക്ഷംവീടു്		500 മീ
,,	04	പെരുഞ്ചേരിൽ—വെളുത്തേടത്തു്		350 മീ
,,	05	കിണർ ജംഗ്ഷൻ—കിഴക്കു് ചിറ		6500 മീ.
,,	06	കുളിക്കടവു്—ഗീതാലയം		200 മീ.
VII	01	കപ്പളപ്പള്ളി		800 മീ.
,,	02	കരളകം—പെരുവട്ടക്കാടു്		200 മീ.

,,	03	കാരിക്കഴി—പുത്തുവൽ	200 മീ.
,,	04	പുന്നശ്ശേരി—തട്ടാടം	300 മീ.
,,	05	പുതുവീട്—വെള്ളൂത്ര	200 മീ.
,,	06	തെക്കേ പുത്തുവൽ	150 മീ.
VIII	01	കരുമാത്ര—കൊച്ചുപറമ്പ്	
,,	02	മേവല്ലൂർ	
,,	03	പള്ളിത്താനം—പുറപ്പശ്ശേരി	
,,	04	പോത്തൻപറമ്പ്	
,,	05	ചക്കച്ചംപാക്ക—പുഞ്ചായിൽ	
,,	06	പനച്ചുവട്—കുന്നക്കാട്	
,,	07	ചക്കച്ചംപാക്ക—പങ്കിമൂട്ട്	

പട്ടിക

പാലങ്ങൾ, കലുങ്കുകൾ—പുതിയ നിർദ്ദേശം

വാർഡ്		പാലം	കലുങ്ക്
I	1	മുക്കം പാലം	പരുത്തിക്കാട്ടചിറ-മുക്കം
	2	കോക്കംപാടം—22-ൽ	
	3	നടുവത്തുപാടം—പള്ളിക്കേരി	കടകുത്തുംമൂല-മുക്കം
	4	ഇരവുകരി—ഒതളത്തിനാടി	
	5	ആക്കനടി—ഇരവുകരി	
	6	മാളിക—22-ൽ	
	7	പരുത്തിക്കാട്ടചിറ—നടുവത്തുപാടം	
	8.	വാച്ചാകണ്ടം—ഇരവുകരി	
II	1	ആപ്പാടംപാക്ക	നീലംപേരൂർ സൊസൈറ്റി
	2	മാപ്പിത്തറ	കലുങ്ക്
	3	പത്തിൽ പാലം	ആപ്പാടംപാക്ക
	4	YMCA പാലം	
	5	പല്ലാത്തുശ്ശേരി	
III	1	ആപ്പാടംപാക്ക	
	2	കളത്തിൽ പാലം	
	3	താഴത്തുകളം	
IV	1.	ലൂർദ്മാതാ ചർച്ച് ആര്യാമംപാക്ക	തുരുത്തീത്തറ
	2	പരവഞ്ചേരി	പുത്തൻപറമ്പ്
	3	കാഞ്ഞിരക്കോണം—നാരകത്തറ	ഈര സമാജം
	4	കോക്കംപാടം പാലം	കട്ടവന
	5	കിഴക്കുംകര	ഇലഞ്ഞിക്കൽ

V 1	വാസുക്കുട്ടൻ പാല	വാലടി അമ്പലം
2	ഷാലി സദനം	കാവുംഗ്രാക്കൽ
3	കിളിയംകാവിൽ (1)	മൂക്കോടി
4	കിളിയംകാവിൽ (2)	നാരകത്തറ
5	കിളിയംകാവിൽ (3)	24-ൽ
6	മാതവൻപാക്കൽ	
7	വാലടി മൂലയിൽ	
8	വാലടി 16-ൽ ചിറ	
9	കഴിയടി പാലം	
10	വൈക്കത്തു്	
11	കണ്ണവോട്ട്	
12	നാരകത്തറ സ്കൂൾ	
13	24-ൽ പാലം	
14	നാരകത്തറ S C B 1196 പാലം	
15	നടുവിലപ്പറമ്പിൽ	
VI 1	പോലീസ്സ്റ്റേഷൻ ജംഗ്ഷൻ	പയറുപാക്ക വടക്കു് തോട്ടിൽ
2	പയറുപാക്ക കടത്തുകടവു്	പങ്കിയമ്മ
3	ചിങ്ങങ്കരി	കൃഷ്ണപുരം
4	കണിയാന്തറ	
5	ചേന്നങ്കരി മില്ലു്	
6	വായനശാല	
VII 1	ചെറുകര—ചിങ്ങങ്കരി	മെനപ്പുന്തറ
2	മാളിയേക്കൽ	പുതുവൽ
3	കൊച്ചുവാക്കച്ചിറ	തറയിൽ
4	ചിരാമുച്ചരിൽ	മേപ്പുറം
5	പത്തിൽ കണ്ണന്തറ	
6	മുണ്ടകപ്പാടം	
VIII 1	ഇരവുകരി—കണ്ണങ്കേരി	
2	ആക്കനടി—കൈനടി	
3	ചക്കച്ചുംപാക്ക—പയറുപാക്ക	കണ്ണങ്കേരിപ്പാടം
4	കൈനടി—4000-കായൽ	പുതുപ്പറമ്പു്
5	4000—24000	
6	ഒതളത്തിനാടി—ഇരവുകരി	
7	കണ്ണങ്കേരി—ചിങ്ങങ്കേരി	
8	ഒതളത്തിനാടി—പുത്തൻപറമ്പു്	

പഞ്ചായത്തിലെ ടാർ റോഡുകൾ

ക്രമനമ്പർ	റോഡ്	ഉടമസ്ഥത	ദൂരം കി: മീ.	വീതി	ബസ്/മറ്റു യാത്രാസൗകര്യം
1	കരുനാട്ടുവാല—കൈനടി	P W D	5 കി: മീ.		ബസ് സൗകര്യം
2	തെക്കീര ജംഗ്ഷൻ—കട്ടവന	പഞ്ചായത്ത്	1·25 കി: മീ.	8 മീ.	ജീപ്പ്
3	വാലടി —നാരകത്തറ N.S.S. കരയോഗം ജംഗ്ഷൻ	P W D	1 കി: മീ.		നിലവിൽ ഓട്ടോ സൗകര്യം
4	മുടിയിൽ 10-ൽ കടവ്	പഞ്ചായത്ത്	250 മീ.	8 മീ.	ജീപ്പ് റോഡ്
5	ഈര ജംഗ്ഷൻ—ഉറുമ്പയം	P W D	300 മീ.	8 മീ.	ജീപ്പ്

ഊർജ്ജം

വൈദ്യുതി ആദ്യകാലത്തു് ഉയർന്ന ജീവിതമേന്മയുള്ള വളരെ കുറച്ചു വീടുകളിൽ മാത്രമാണു് ലഭിച്ചതു്. നമുക്കു് ആവശ്യമുള്ള വൈദ്യുതി പള്ളം പുഞ്ച സെക്ഷനിൽ നിന്നും മങ്കൊമ്പ് സെക്ഷനിൽ നിന്നുമാണു് വിതരണം നടത്തുന്നതു്. വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം — ആണു് ഇവരിൽ ഭൂരിഭാഗവും ഗാർഹിക ഉപഭോക്താക്കളാണു്. മറ്റുള്ളവർ വ്യാപാര വ്യാവസായിക, കാർഷിക ഉപഭോക്താക്കളുമാണു്. പഞ്ചായത്തിലെ 8 വാർഡിൽ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല

പഞ്ചായത്തു പ്രദേശത്തു് ആകെ — ഇലവൺ കേ. വി ലൈനുകളും കിലോമീറ്റർ ത്രീഫെയിസു ലൈനുകളും സിങ്കിൾ ഫെയിസു് ലൈനുകളുമാണു് ഉള്ളതു്. ട്യൂബുകളും ഉൾപ്പെടെ സ്ട്രീറ്റ് ലൈനുകളും മാത്രമാണു് ഉള്ളതു്.

ഗ്രാമസഭകളിൽ വോൾട്ടേജ് കുറവിനെപ്പറ്റിയുള്ള പരാതി ഉയർന്നുവന്നിട്ടുണ്ടു്. പുതിയ വൈദ്യുതി ലൈനുകളും വലിക്കണമെന്ന ആവശ്യവും ഉന്നയിച്ചിട്ടുണ്ടു്.

സ്ട്രീറ്റ് ലൈനുകളുടെ ആവശ്യവും ഉയർത്തിയിട്ടുണ്ടു്. ഇതു് സമഗ്രമായി പരിശോധിക്കപ്പെടേണ്ടതാണു്. വൈദ്യുതി ലൈനിലേക്കു വീണുകിടക്കുന്ന മരച്ചില്ലകളും വെട്ടിമാറ്റുവാൻ ഉദ്യോഗസ്ഥന്മാർ വേണ്ടത്ര ഗൗരവം കാണിക്കുന്നില്ല എന്ന കുറ്റപ്പെടുത്തൽ ഉണ്ടായിട്ടുണ്ടു്.

പുതിയ വൈദ്യുത ലൈനുകളും പട്ടികപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും പാചകത്തിനു വിറകാണുപയോഗിക്കുന്നതു്. സാമ്പത്തിക ഉയർച്ചയുള്ള പുരുക്കം ചില വീടുകളിൽ ഗ്യാസടുപ്പുണ്ടു്. വിറകുക്ഷാമം രൂക്ഷമാണു്. മണ്ണെണ്ണ പലപ്പോഴും ആവശ്യത്തിനു പോലും കിട്ടാറില്ല. അറക്കപ്പൊടി ഉപയോഗിച്ചുള്ള കുറിയടുപ്പുകളും ഉപയോഗത്തിലുണ്ടു്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണു്. പൊരുകര പ്രദേശത്തു് ദക്ഷത കൂടിയ അടുപ്പുകളും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്.

പുകയില്ലാത്ത അടുപ്പുകളും, സോളാർ വിളക്കുകളും, കുക്കറുകളും ഉപയോഗപ്പെടുത്താൻ അനെർട്ടിന്റെയും, വൈദ്യുതി ബോർഡിന്റെയും സഹകരണത്തോടെ ക്യാമ്പെയിനുകളും പഞ്ചായത്തു നേതൃത്വത്തിൽ നടത്താൻ കഴിയും. ഇവ സ്ഥാപിക്കാൻ മാതൃകാ കുടുംബങ്ങളെ ഒന്നോ, രണ്ടോ വീതം ഓരോ വാർഡിലും കണ്ടെത്താൻ കഴിയണം.

[ഫ്രിഡ്ജ്, ഗ്രൈൻഡർ, മിക്സി, T V.

വാഷിംഗ് മെഷിൻ എന്നിവയുള്ള കുടുംബങ്ങളും കുറവാണ്.

പ്രശ്നങ്ങൾ, സാധ്യതകൾ

1) എല്ലാ വാർഡിലും നടപ്പാതകളിലും, പൊതുവഴിയോരങ്ങളിലും, പൊതുസ്ഥലത്തും സ്ട്രീറ്റുലൈറ്റ് സംവിധാനം ഏർപ്പെടുത്തണം. (ഉദാ: കടത്തുകടവ്, ജംഗ്ഷൻ, ബസ്റ്റോപ്പ്).

2) പുകയില്ലാത്ത അടുപ്പുകളും സ്വന്തം കുറവാണ്. ഉക്ഷത കൂടിയ അടുപ്പുകളും വ്യാപിപ്പിക്കുക.

3) ഇലക്ട്രിക് പോസ്റ്റുകളും പലതും ഒടിഞ്ഞുവീഴാറായ സ്ഥിതിയിലാണ്. ഇതു മാറണം.

4) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും പഞ്ചായത്തുതല സബ്സിഡി കൊടുക്കുന്നതിനുള്ള സാധ്യത ആരായണം.

5) ബൾബുകളും മാറ്റി സമയബന്ധിതമായി ട്യൂബ് ഏർപ്പെടുത്താനുള്ള സാധ്യത പഠിക്കണം.

6) സ്ട്രീറ്റുലൈറ്റുകളും പലതും പഴയ നടപ്പാതകളുടെ പാർശ്വങ്ങളിലാണ് ഉള്ളതു് ഇതു് റീറൂട്ടചെയ്യണം.

7) ട്രാൻസ്ഫോർമറുകളുടെ കാര്യക്ഷമമാക്കണം.

8) വഴിവിളക്കുകളുടെ ഒരു പട്ടിക തന്നെ ഗ്രാമസഭകളും സമർപ്പിച്ചിട്ടുണ്ട്. ഇതു സമഗ്രമായി പരിശോധിച്ചു് മുൻഗണനാക്രമം പരിശോധിച്ചു് സമയബന്ധിത പരിപാടി ആവിഷ്കരിക്കണം.

9) വോൾട്ടേജ് കുറവു് പരിഹരിക്കണം. ട്രാൻസ്ഫോർമറുകളും സ്ഥാപിക്കണം. സ്ഥാപിക്കേണ്ട സ്ഥലങ്ങളും വൈദ്യുതി ബോർഡിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തണം.

10) 5-ാംവാർഡിൽ മങ്കൊമ്പു ഫീഡറിന്റെ പ്രവർത്തന സാധ്യത പരിശോധിക്കപ്പെടണമെന്നുള്ള നിർദ്ദേശം വന്നിട്ടുണ്ട്. പള്ളം ഫീഡറിൽ നിന്നു മാറ്റി 5-ാംവാർഡിലേക്കു് മങ്കൊമ്പിൽനിന്നും ലൈൻ വലിക്കുന്നതിനുള്ള സാധ്യത ആരായണം.

11) ലക്ഷംവീട് കോളനികളും അടിയന്തിരമായി വൈദ്യുതീകരിക്കണം.

12) 5-ാംവാർഡിലെ പ്രധാനപ്പെട്ട മുളക്കാംതുരുത്തി, കൃഷ്ണപുരം-നാരകത്തറ റോഡിൽ അടിയന്തിരമായി സ്ട്രീറ്റുലൈറ്റു സംവിധാനം ഉണ്ടാവണം.

13) പെത്തിപ്പുഴയിൽ നിന്നുള്ള ലൈൻ 5-ാംവാർഡുമായി ബന്ധിപ്പിക്കാൻ കഴിയുമോ എന്നു് ആരായണം.

14) അടുത്ത 5 വർഷംകൊണ്ടു് ബൾബുകളും 40 W. ട്യൂബ് ആക്കുന്നതിനുള്ള പദ്ധതി. ഇതൊരു ജനകീയ പരിപാടി ആക്കണം.

മാർക്കറ്റു്

കാർഷിക വിഭവങ്ങളും ധാരാളം ലഭിക്കുന്ന സ്ഥലമാണു്. (ഉദാ:- വാഴക്കുല, നാളികേരം, പച്ചക്കറി,) കാർഷിക വിഭവങ്ങളുപയോഗിച്ചു് ഒരു വിപണന ശൃംഖല ആരംഭിക്കണം. സഹകരണ മേഖലയിലൊരു പൊതു മാർക്കറ്റോ, ആഴ്ചയിലൊരിക്കലൊരു ചന്തയോ തുടങ്ങുന്നതിനു ശ്രമിക്കണം.

7. 7. പാർപ്പിടവും സാമൂഹ്യക്ഷേമവും

പഞ്ചായത്തിലെ ജനസംഖ്യ 1991-ലെസെൻസസ് പ്രകാരം 14427 ആണു്. 3263 കുടുംബങ്ങളാണു് പഞ്ചായത്തിൽ താമസിക്കുന്നതു്, വാർഡുതിരിച്ചുള്ള വിവരം പട്ടികപ്പെടുത്തിയിരിക്കുന്നു. 596 പട്ടികജാതി കുടുംബങ്ങളാണു് പഞ്ചായത്തിലുള്ളതു്. 2 സെറ്റിൽമെന്റു കോളനി പഞ്ചായത്തിലുണ്ടു്. സെറ്റിൽമെന്റു കോളനിയിലെ വീടുകളും 18. 15 കുടുംബങ്ങളുള്ള ഒരു ഹരിജൻ കോളനിയും പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിലുള്ള ലക്ഷം വീടുകോളനികളുടെ പൊതു വിവരം പട്ടികപ്പെടുത്തിയിരിക്കുന്നു.

കാൽ നൂറ്റാണ്ടിനുമുൻപു് ഓടിട്ട വീടുകളും പഞ്ചായത്തതിർത്തിയിൽ കുറവായിരുന്നു. ഭൂരിപക്ഷവും കുടിലുകളും പൊറ്റപ്പുരകളും ആയിരു

ന്നു, ഫ്യൂഡൽ നാടുവാഴിത്തത്തിന്റെ സാമൂഹ്യ പ്രതീകമായ നാലുകെട്ട്, എട്ടുകെട്ടും ഒക്കെ ഈ ഗ്രാമത്തിലുണ്ടായിരുന്നു. സാമൂഹ്യബന്ധങ്ങളിൽ മാറ്റം വന്നതോടുകൂടി ജനതയുടെ ജീവിതവും മാറ്റത്തിനു വിധേയമായി, കൂടിലുകളും ചെറ്റപ്പുരകളും തീരെ ഇല്ലെന്നായി. എന്നാൽ ഓലമേഞ്ഞ വീടുകൾ ഇപ്പോഴുമുണ്ട്. (ഉദാ: 5-ാം വാർഡ് 45 വീടുകൾ. ഇടത്തരം വീടുകൾ ക്രമേണ വർദ്ധിച്ചുവരുന്നു എങ്കിലും പാർപ്പിടത്തിന്റെ കാര്യം തൃപ്തികരമല്ല. വയൽ നികത്തി വീടുകൾ വയ്ക്കുന്നവരുമുണ്ട്. സാമാന്യം ഭേദപ്പെട്ട ജീവിതം നയിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോടുകൂടിയ വീടുകൾ വളരെയധികം ഇല്ല. ഓടിട്ട ഇടത്തരം വീടുകൾ വർദ്ധിച്ചിട്ടുണ്ട്. തൊഴിലെടുത്തു് ഉപജീവനം കഴിക്കുന്നവരാണു് ഭൂരിപക്ഷവും എന്നതാണു് ഇതിനു കാരണം. സർക്കാർ ഏജൻസികൾ വഴിയുള്ള ഭവനനിർമ്മാണവായ്പ ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണം ക്രമേണ വർദ്ധിക്കുന്നുണ്ടു് എങ്കിലും ഭവനനിർമ്മാണ സാമഗ്രികൾക്കു് (ഉദാ:-സിമൻറു്, കമ്പി, ഇഷ്ടിക, കരിങ്കല്ലു് ഓടു്, തടി) ഉണ്ടായിക്കൊണ്ടിരിക്കുന്ന അമിത വിലക്കയറ്റവും കൂലിനിരക്കിലെ വർദ്ധനവും പാർപ്പിട നിർമ്മാണം വളരെയധികം പ്രയാസകരമാക്കിയിട്ടുണ്ട്. ഭവനനിർമ്മാണ വായ്പാ വ്യവസ്ഥകൾ സാധാരണക്കാർക്കു് ബുദ്ധിമുട്ടുണ്ടാക്കുന്നതാണു്. ഇതു പരിഹരിക്കപ്പെടണം.

സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങൾ ബ്ലോക്കുവഴി നൽകുന്ന RLEGP, NREP, JRY, MWS എന്നീ പദ്ധതികളുടെ വായ്പാ പരിധിയും, രാജീവ് ഗാന്ധി ശേലക്ഷം പാർപ്പിടപദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കാൻ നടപടിയുണ്ടാവണം.

കോളനികളിലെ പാർപ്പിട പ്രശ്നം സങ്കീർണ്ണമാണു്, 11 ലക്ഷംവീട് കോളനികളിലായി 96 കുടുംബങ്ങൾ താമസിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. കോളനികളിലെ ആകെ ജനസംഖ്യ 451 ആണു്. വീടില്ലാത്തവർ 36. കോളനികളിൽ ഇന്ദിര ആവാസ് യോജന, രാജീവ് മെമ്മോറിയൽ ട്രസ്റ്റ് എന്നിവയുടെ സഹായം തേടി പാർപ്പിട പ്രശ്നം പരിഹരിക്കാവുന്നതാണു്.

മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടുകളുടെ സ്ഥിതി മോശമാണു്. അടിയന്തിരമായി ഇതിനു പരിഹാരം കാണണം.

പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഗ്രാമസഭ നിർദ്ദേശങ്ങൾ / സാദ്ധ്യതകൾ.

1. ചിലവു കുറഞ്ഞതും, സൗകര്യപ്രദങ്ങളുമായ വീടുകൾ നിർമ്മിക്കുന്നതിനു് സർക്കാർ. കേന്ദ്രസർക്കാർ, ഹൗസിംഗ് ബോർഡ് എന്നിവയുടെ സഹായം തേടണം. വാർഡുതലത്തിൽ ഒരു പദ്ധതി തയ്യാറാക്കണം. (ഗുണഭോക്താക്കൾക്കു് ഏതു രൂപാ വരെ സഹായിക്കാൻ കഴിയും എന്നതിനെക്കുറിച്ചു് ധാരണ രൂപീകരിക്കണം.

2. സ്വന്തമായി വീടില്ലാത്തവർക്കും. ഭൂമി ഇല്ലാത്തവർക്കും വീടു പണിയുന്നതിനുള്ള പദ്ധതിയ്ക്കു രൂപം കൊടുക്കണം. (ഉദാ:- 5-ാം വാർഡിൽ 50 കുടുംബം.)

3. ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. ഇവയുടെ നേതൃത്വത്തിൽ കെട്ടിടനിർമ്മാണ സാമഗ്രികളുടെ നിർമ്മാണ സാദ്ധ്യത ആരായണം.

4. വീടുകളുടെ അറ്റകുറ്റപ്പണികൾക്കു് ധനസഹായം നൽകുന്ന പദ്ധതി വികസിപ്പിക്കണം.

5. ഓലമേച്ചിൽ മാറി ഓടിടേണ്ട വീടുകൾ, പുതുക്കിപ്പണിയേണ്ട വീടുകൾ, വൈദ്യുതീകരിക്കേണ്ട വീടുകൾ. അടുപ്പ് സ്ഥാപിക്കേണ്ട വീടുകൾ എന്നിവയ്ക്കു് വിവിധ ഏജൻസികൾ മുഖേനയുള്ള സഹായം ലഭ്യമാക്കുവാനുള്ള പരിപാടി ആവിഷ്കരിക്കണം.

6. സർക്കാർ, കേന്ദ്രസർക്കാർ, വിവിധ സംരംഭകളിലായി നൽകുന്ന ഭവനനിർമ്മാണ വായ്പ അപര്യാപ്തമാണു്. വായ്പകളുടെ പരിധി ഉയർത്തുക, സങ്കീർണ്ണത ഒഴിവാക്കുക.

7. JRY, RLEGP എന്നിവ 15800 രൂപയിൽ നിന്നും 30000 രൂപയാക്കി വർദ്ധിപ്പിക്കുക.

8. രാജീവ് ദശലക്ഷം പാർപ്പിടപദ്ധതി 25400 രൂപയിൽനിന്നും 50000 രൂപയാക്കി ഉയർത്തുക.

9. പ്രകൃതിക്ഷോഭപുനരധിവാസ പദ്ധതി 15000 രൂപയിൽനിന്നും 25000 രൂപയാക്കി വർദ്ധിപ്പിക്കുക.

10 പഞ്ചായത്തിന്റെ പരിധിയിലുള്ള മിച്ചഭൂമി, പുറംപോക്കുഭൂമി എന്നിവ ഭൂരഹിതർക്ക് 5 സെന്റു വീതം സൗജന്യമായി നൽകുക.

11. സർക്കാർ ഏജൻസിവഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തു് സൂക്ഷിക്കുക.

12. കെട്ടിട നിർമ്മാണ സാമഗ്രികളുടെ കാര്യത്തിൽ സിമിൽ സപ്ലൈ വകുപ്പ് ഇടപെടണം. (ഉദാ: സിമൻറ്, കമ്പി)

13 ഭവനവായ്പ അപേക്ഷകൾ ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുക.

14. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്തു് മെമ്പർമാർക്കു നൽകുക.

15. വായ്പകളുടെ കാലതാമസം ഒഴിവാക്കുക.

16. കോളനി പാർപ്പിട നിർമ്മാണത്തിനു് മുൻഗണന നൽകുക.

17. മത്സ്യത്തൊഴിലാളികൾക്കു നൽകുന്ന ഭവന നിർമ്മാണത്തുക ഉയർത്തുക.

സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ ഉദ്ദേശിച്ചുള്ള ക്ഷേമപദ്ധതികളാണു് നിലവിലുള്ളതു്. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി, പട്ടികജാതി വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ, DWCRA, ബ്ലോക്ക് ഡവലപ്പ്മെന്റു് ഓഫീസ്, (VEO സർക്കുലറുകൾ വഴി) റവന്യൂ വകുപ്പ് (വില്ലേജാഫീസുകൾ വഴി) എന്നിവ മുഖേന സഹായം ലഭ്യമാക്കുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. റേഷൻ കടകളുടെ മേൽനോട്ട അധികാരം പഞ്ചായത്തു് ഏറെറടുത്തു് കാർഡ് ഉടമകളുടെ പ്രശ്നങ്ങൾക്കു് പരിഹാരം കാണണം

2. റേഷൻ കാർഡ് ഉടമകളുടെ സംഘം രൂപീകരിക്കുക.

3. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിച്ചു് പരിഹാരം കാണുവാൻ ഏർപ്പാടാക്കണം.

4. വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ അനുവദിക്കുന്നതു് ഗ്രാമപഞ്ചായത്താകണം. ഇന്നുള്ള കാലതാമസം ഒഴിവാക്കുവാൻ കഴിയണം.

7. 8. സംസ്കാരം

സമ്പന്നമായ ഒരുസാംസ്കാരിക പാരമ്പര്യം പഞ്ചായത്തിനുണ്ടു്. കഥകളിയും, നാടൻ കലാരൂപങ്ങളും ഇവിടെ സജീവമായിരുന്നു. ഈ നാടിന്റെ തനതു സംഭാവനയായ ചക്കുപ്പാട്ടും, തേക്കുപാട്ടും, ഞാറുപാട്ടും, വാമൊഴിയായി ഇന്നും നിലനിൽക്കുന്നു. സാമൂഹ്യ സാംസ്കാരിക രംഗത്തെ നിരവധി പ്രതിഭകൾ നമ്മുടെ നാടിന്റെ സന്തതികളാണു്. 1960-കളിൽ ഉദയം ചെയ്ത ഫ്രണ്ട്സ് ആർട്ട്സ് ക്ലബ്ബു് നിരവധി അരങ്ങുകളെ സജീവമാക്കിയിരുന്നു. ഈ കലാസമിതിക്കുവേണ്ടി നാടകങ്ങൾ എഴുതിയിരുന്ന പെരുമ്പളം ശ്രീ ജനാർദ്ദനൻപിള്ള, ഗാനങ്ങൾ എഴുതിയിരുന്ന പുതുക്കോടി ശ്രീ ഗോപാലകൃഷ്ണൻ, ശ്രീധർ പി. നീലംപേരൂർ, നടൻ നരേന്ദ്രൻ (പുത്തൻമഠം) എന്നിവർ അർഹമായ പ്രോത്സാഹനം ലഭിക്കാതെ രംഗം വിടേണ്ടിവന്നവരാണു്.

ലുപ്തപ്രചാരമായ നാടൻ കഥാഗാനങ്ങളും ആയ അമ്മാനപ്പാട്ടു്. തിരുവോണപ്പാട്ടു് സർപ്പം പാട്ടു്, മൂശേട്ടപ്പാട്ടു്, താമരപ്പാട്ടു് എന്നിവ ഇന്നും ഓർമ്മയുടെ ചെപ്പിൽ സൂക്ഷിച്ചിട്ടുള്ള ശ്രീ രാഘവൻ (കോമളവിലാസം), ശ്രീ പങ്കജാക്ഷൻപിള്ള (വാലടി) എന്നിവർ അറിയപ്പെടേണ്ട കലാകാരന്മാരാണു്. കേരളത്തിലെ പ്രശസ്ത കവി നീലംപേരൂർ മധുസൂദനൻനായർ

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയങ്ങൾ

ക്രമനമ്പർ	വാർഡ്	പേരുവിവരം	കെട്ടിടം സ്ഥാപിച്ച വർഷം	നിലവിലുള്ള അംഗങ്ങളുടെ എണ്ണം വിവരം	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ പുസ്തക വിതരണം	ഏതു സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു.	മാറാഭിപ്രായം	TV റേഡിയോ പ്രസിദ്ധീകരണങ്ങൾ
1	III	P. M. പണിക്കർ സ്മാരക സനാതന ധർമ്മ വായനശാല നീലംപേരൂർ							
2	V	A K G സ്മാരക വായനശാല നാരകത്തറ							
3	VI	വാലടി വായനശാല ചേന്നങ്കരി							
4	VII	R N മെമ്മോറിയൽ വായനശാല പെറുകര							

1950-കളിൽ നീലംപേരൂരിൽ രൂപംകൊണ്ട അമച്വർ കലാസമിതിയുടെ പ്രവർത്തകനായിരുന്നു.

നല്ലൊരു സാംസ്കാരിക പൈതൃകം നമുക്കുണ്ടെങ്കിലും ഇന്നത്തെ സ്ഥിതി ഒട്ടും ആശാവഹമല്ല. വായനശാലകളോ ഗ്രന്ഥാലയങ്ങളോ ആവശ്യമില്ല. കലാസമിതികളും ആരംഭിക്കുകയും ഉദ്ഘാടനത്തോടെ അവസാനിക്കുകയും ചെയ്യുന്നു.

നിലവിലുള്ള ഗ്രന്ഥാലയങ്ങളും (A-16-ാം പേജിൽ) കലാസാംസ്കാരിക സ്ഥാപനങ്ങളും പട്ടികപ്പെടുത്തിയിരിക്കുന്നു.

നിലവിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ

ക്രമനമ്പർ	വാർഡ്	പേരും മേൽവിലാസവും
1	III	സൗപർണ്ണിക ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, നീലംപേരൂർ
2	IV	പുരോഗമന കലാസാഹിത്യസംഘം, നീലംപേരൂർ
3		ഗ്രാമദീപം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ഈര
4.		ചലഞ്ച് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്. ഈര
5	V	ഹരിശ്രീ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, നാരകത്തറ
6		നമ ആർട്ട്സ്
7		അക്ഷര ആർട്ട്സ്
8		A K G ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്
9	VII	ഗ്രാമവികസനസമിതി. ചെറുകര
	VIII	യുവധാരാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്

സാംസ്കാരിക രംഗത്തെ പ്രശ്നങ്ങൾ

1) വായനാശീലം പൊതുവെ കുറഞ്ഞുവരുന്നു.

2) കലാസാംസ്കാരിക സംഘടനകൾ തമ്മിൽ പരസ്പരം ബന്ധപ്പെടുന്നില്ല.

3) നാടൻ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

4) 1, 2, 4, 8 എന്നീ വാർഡുകളിൽ വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ല.

5) വനിതാ സാംസ്കാരിക സംഘടനകൾ ഇല്ല.

6) കലാസാഹിത്യ അഭിരുചി ഉള്ളവരെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക സംവിധാനമില്ല.

7) കായികരംഗത്തു് കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

സാധ്യതകൾ

1) 1, 2, 4, 8 എന്നീ വാർഡുകളിൽ വായനശാലകൾ സന്നദ്ധസംഘടനകളുടെ സഹായത്തോടെ ആരംഭിക്കാൻ കഴിയണം.

2) 4-ാം വാർഡിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മഹിളാസമാജത്തിനു് കെട്ടിടവും സ്ഥലവും ഉള്ളതാണു്. കെട്ടിടത്തിൽ ഒരു വായനശാല പ്രവർത്തിച്ചിരുന്നു. കെട്ടിടം അടിയന്തിരമായി പുതുക്കിപണിതു് വായനശാല ആരംഭിക്കാൻ കഴിയണം.

3) മധ്യവേനൽ അവധിക്കാലത്തു് കലാസാഹിത്യ അഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിനു് അവസരം ഒരുക്കണം.

4) ജനവിദ്യാകേന്ദ്രം ആരംഭിക്കണം.

5) സഞ്ചാര ഗ്രന്ഥാലയങ്ങളുടെ സാധ്യത പരിശോധിക്കണം.

6) പ്രാദേശികമായുള്ള നാടൻ പാട്ടുകളും ഐതിഹ്യങ്ങളും എന്നിവ ശേഖരിക്കപ്പെടാനുള്ള സംവിധാനം ഉണ്ടാകണം.

7) ആവശ്യത്തിനു് ഉപകരണങ്ങളില്ലാത്ത വായനശാലകൾക്കു് ഉപകരണങ്ങൾ ലഭ്യമാക്കണം.

8) 7-ാംവാർഡിലെ വികാസ് ജനവിദ്യാകേന്ദ്രത്തിനു് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള സാധ്യത ആരായണം. (സന്നദ്ധ സംഘടനകളുടെ സഹായം തേടണം.)
T. V. അനുവദിക്കണം.

9) 6.ാംവാർഡിൽ നിലവിലുള്ള ഗ്രന്ഥശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

10) നീലംപേരൂർ പി. എൻ. പണിക്കർ മെമ്മോറിയൽ സനാതന ധർമ്മ വായനശാലയ്ക്കു് T V അനുവദിക്കണം.

11) മഹിളാ സാംസ്കാരിക സംഘടനകളെ പ്രോൽസാഹിപ്പിക്കണം. (ഉദാ:- സൗരയൂഥ് മഹിളാസമാജം, വാലടി)

12) ലക്ഷംവീട് കോളനികളിൽ T V സ്ഥാപിക്കണം. (ഉദാ:- കണിയാന്തറ കോളനി, പയറുപാക്ക ക്ലബ്ബ് മൈതാനം)

13) വാലടി വിദ്യാസാഗർ ഗ്രന്ഥശാലയ്ക്കു് കെട്ടിടം പണിയുന്നതിനുള്ള സാധ്യത ആരായണം.

14) പഞ്ചായത്തോഫീസ് ഗ്രൗണ്ടിൽ ഒരു T V സ്ഥാപിക്കണം.

15) കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കണം.

7. ൭. വനിത

1991-ലെ സെൻസസ് പ്രകാരം സ്ത്രീകളുടെ ജനസംഖ്യ 7200 ആണ്. സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക പ്രസ്ഥാനങ്ങളും ഉണ്ടെങ്കിലും പൊതുവേദിയിൽ സ്ത്രീകളുടെ പങ്കാളിത്തം നന്നേ കുറവാണ്. കാർഷികമേഖലയിൽ പണിയെടുക്കുന്നവരിൽ 99 ശതമാനവും സ്ത്രീകളാണ്. നിലമൊരുക്കൽ, ഞാറുനടീൽ, കളയെടുക്കൽ, കൊയ്ത്തു് എന്നിവയാണ് സ്ത്രീകൾ പ്രധാനമായും തൊഴിലെടുക്കുന്ന മേഖലകൾ. ചെറുകിട വ്യവസായ യൂണിറ്റിൽ സ്ത്രീകളുടെ പങ്കാളിത്തമില്ല. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിലും സ്ത്രീ പങ്കാളിത്തം കുറവാണ്. വനിതാ വ്യവസായ യൂണിറ്റുകൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല. കാർഷികമേഖലയിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ സംഘടിത പ്രവർത്തനം തൊഴിൽമേഖലയിലുള്ള സ്ത്രീകളുടെ കൂലിനിരക്കിൽ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. കാർഷികമേഖലയിൽ സ്ത്രീ തൊഴിലാളിയ്ക്ക് 44 രൂപയും പുരുഷനു് 70 രൂപയുമാണ് നിലവിലുള്ളകൂലിവ്യവസ്ഥ പ്രാദേശികമായ ഏറ്റക്കുറച്ചിലുകൾ കൂലിവ്യവസ്ഥയിൽ നിലനിൽക്കുന്നുണ്ട്. എന്നാൽ, കൊയ്ത്തുവരെ സ്ത്രീക്കും പുരുഷനും തുല്യമാണ്. പഞ്ചായത്തിൽ DWCRA യൂണിറ്റുകളില്ല വനിതാ സംരംഭകർ ആരുംതന്നെയില്ല. സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം പൊതുവെ ഉയർന്നതാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വനിതകൾക്കായി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള സാധ്യത ആരായണം.

2. വിധവാ പെൻഷൻ, അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കണം.

3. വനിതാ സൊസൈറ്റികളും, മഹിളാസമാജങ്ങളും രൂപീകരിക്കാൻ മുൻകൈ എടുക്കണം.

4. അശ്ലീല സിനിമാ പോസ്റ്ററുകളും, പരസ്യങ്ങളും പഞ്ചായത്തിൽ ഒഴിവാക്കണം.

5. സ്ത്രീധന സമ്പ്രദായത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ.

6. 5-ാംവാർഡിലെ മഹിളാസമാജത്തിന്റെ കെട്ടിടംപണി പൂർത്തിയാക്കണം.

7. 7-ാം വാർഡിലെ ഐശ്വര്യാ മഹിളാസമാജത്തിനു് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായണം.

8. 4-ാം വാർഡിലെ മഹിളാസമാജം കെട്ടിടം പുതുക്കിപ്പണിതു് വായനശാലയോട് കൂടിയുള്ള പ്രവർത്തനം ആരംഭിക്കുന്നതിനു് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

7. 10 സഹകരണ മേഖല

സഹകരണ പ്രസ്ഥാനം വളരെയൊന്നും വളർച്ച പ്രാപിക്കാത്ത പ്രദേശമാണ് നമ്മുടേത്. എങ്കിലും വിവിധ മേഖലകളെ കേന്ദ്രീകരിച്ചു കൊണ്ടുള്ള സഹകരണ സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയുടെ വിവരം പട്ടിക രൂപത്തിൽ ചേർക്കുന്നു.

പഞ്ചായത്തിലാകെ 20 സഹകരണ സംഘങ്ങളാണുള്ളത്. ചില സഹകരണ സംഘങ്ങൾ കടലാസിൽ മാത്രമാണ് നിലനിൽക്കുന്നത്. മറ്റു ചിലവ പ്രവർത്തനരഹിതവുമാണ്.

ഹ്രസ്വകാല കാർഷിക വായ്പകളും, ഹ്രസ്വകാല ഇതര വായ്പകളുമാണ് സഹകരണസംഘങ്ങൾ ഇന്നു വിതരണം ചെയ്യുന്നത്. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണബാങ്കുകൾ സാമാന്യം മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. (ഉദാ: നീലംപേരൂർ, കൈനടി, ചെറുകര സർവ്വീസ് ബാങ്കുകൾ.)

ആദ്യ സഹകരണ സ്ഥാപനം നീലംപേരൂർ സർവീസ് സഹകരണ ബാങ്കാണ്.

വളം കീടനാശിനി വിൽപ്പനരംഗത്തു സ്വകാര്യ കച്ചവടക്കാരുടെ ചൂഷണത്തെ ഒരു പരിധിവരെ നിയന്ത്രിക്കാൻ ഇത്തരം സഹകരണ സംഘങ്ങളുടെ ആത്മാർത്ഥതയോടെയുള്ള പ്രവർത്തനത്തിനു കഴിയും.

കർഷകരുടെ നെല്ല് സംഭരിച്ചുവിൽക്കുന്ന എർപ്പാട് തുടങ്ങിയിട്ടുണ്ട്. ഇതു കാര്യക്ഷമമാക്കണം.

പ്രശ്നങ്ങൾ / ഗ്രാമസഭാ നിർദ്ദേശങ്ങൾ

1) പഞ്ചായത്തു മേഖല സഹകരണ സംഘങ്ങളുടെ രൂപീകരണത്തിനു യോജിച്ചതാണ്. കാർഷിക ചെറുകിട വ്യവസായ-വനിതാ-മത്സ്യമേഖലകളുമായി ബന്ധപ്പെടുത്തി സഹകരണസംഘങ്ങൾ രൂപീകരിക്കാൻ കഴിയും. പഞ്ചായത്തു വികസനസമിതി തേതൃത്വം കൊടുക്കണം.

2) വനിതാ സഹകരണസംഘം, ക്ഷീരോല്പാദക സഹകരണസംഘം, റഡിമെയ്ഡ് വസ്ത്രനിർമ്മാണ സഹകരണസംഘം, കെട്ടിടനിർമ്മാണ ഉപകരണ വിതരണ സൊസൈറ്റി. ഹൗസിംഗ് സൊസൈറ്റി, ക്ഷ്യസംസ്ക്കരണ സംഘം, സ്ത്രീ സഹകരണസംഘം എന്നിവ രൂപീകരിക്കപ്പെടണം.

2) മത്സ്യത്തൊഴിലാളി സഹകരണസംഘം വഴി മത്സ്യം സംസ്കരിക്കുന്നതിനും, വിപണനം നടത്തുന്നതിനുമുള്ള പരിപാടി ഏറ്റെടുക്കണം. (ഉദാ:-ഫ്രീസിംഗ് പ്ലാന്റ്, ഐസ് പ്ലാന്റ്, വാൽ) വല മറ്റു മത്സ്യബന്ധന ഉപകരണങ്ങളും സംഭരിച്ചു വിതരണം ചെയ്യണം.

4) ക്ഷീരോൽപ്പാദക സഹകരണസംഘം വഴി നല്ലയിനം പശുക്കളേയും, കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയും വിതരണം ചെയ്യുവാൻ കഴിയും.

5) ഭക്ഷ്യസംസ്കരണ സംഘം വഴി ഭക്ഷണപദാർത്ഥം പാസ്റ്ററിൽ കേടുകൂടാതെ വിതരണം ചെയ്യാൻ കഴിയും. (ഉദാ:- അച്ചാർ, ചിപ്സ്, മുറുക്ക്, മിച്ചർ)

6. കൺസ്യൂമർ സഹകരണസംഘംവഴി നിത്യോപയോഗസാധനങ്ങളും വിലകുറച്ചു വിൽക്കുന്നതിനു കഴിയും. സ്ത്രീ സഹകരണ സംഘംവഴി പുസ്തകവും ന്യായവിലയ്ക്ക് നോട്ടുബുക്കുകളും എത്തിച്ചുകൊടുക്കാൻ കഴിയും. നോട്ടുബുക്ക നിർമ്മാണം കുട്ടികളുടെ പാഠ്യേതര പ്രവർത്തനമായി സംഘടിപ്പിക്കാൻ കഴിയണം.

7. ഈരയിൽ പ്രവർത്തനരഹിതമായി കിടക്കുന്ന കൺസ്യൂമർ സഹകരണസംഘം പ്രവർത്തിപ്പിക്കണം.

8. ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘങ്ങളും പഞ്ചായത്തിലുണ്ട്. ഇവയുടെ പ്രവർത്തനം കൃഷിഭവനുമായി ബന്ധപ്പെട്ട് കാര്യക്ഷമമാക്കണം. വിത്ത്, വളം, കീടനാശി

നി, കൊയ്ത്തുമെതി യന്ത്രങ്ങളും എന്നിവ ലഭ്യമാക്കാൻ കഴിയും.

9. പ്രൈമറിസ്കൂൾ സഹകരണ സംഘങ്ങളും രൂപീകരിക്കണം. എല്ലാ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും അംഗങ്ങളാക്കണം. പഠനോപകരണങ്ങളും നൽകാൻ കഴിയും.

10. കോഴിവളർത്തൽ സഹകരണസംഘം രൂപീകരിക്കണം. പഞ്ചായത്തിലെ ഓരോ വീടിനെയും ഓരോ യൂണിറ്റുകളായി കരുതണം

11 കടംവായ്പ തിരിച്ചടയ്ക്കുന്നതിൽ അംഗങ്ങളും താൽപ്പര്യം കാണിക്കണം.

12. വാർദ്ധക്യകാല ചികിത്സാ സഹായം, പെൻഷൻ തുടങ്ങിയ പദ്ധതിക്കുള്ള സാദ്ധ്യതകളും സഹകരണസംഘം ആലോചിക്കണം. (ഉദാ:-മരണഫണ്ടുപോലെ)

13. സഹകരണബാങ്കുകളും സ്വർണ്ണ പണയപദ്ധതി ആരംഭിക്കണം. (ഉദാ:-നീലം പേരൂർ സർവീസ് സഹകരണബാങ്ക്). അമിതപലിശയ്ക്ക് പണം കടംകൊടുക്കുന്ന ഇടപാടുകാരിൽനിന്നും സാധാരണക്കാരനെ രക്ഷിക്കാൻ കഴിയും.

നമ്മുടെ ഗ്രാമത്തിൽ സഹകരണപ്രസ്ഥാനത്തിനു് നല്ല വേരോട്ടമുള്ള മണ്ണാണ്. ശരിയായ ആസൂത്രണത്തോടുകൂടി സഹകരണപ്രസ്ഥാനം വളർത്തിയെടുത്താൽ നാടിനും നാട്ടാക്കും അതെന്നും ഒരു മുതൽക്കൂട്ടായിരിക്കും. ജനകീയ ആസൂത്രണത്തിനു് അതൊരു കെടാവിളക്കു് ആയിരിക്കുകയും ചെയ്യും.

7. 11. പട്ടികജാതി പട്ടിക വർഗക്ഷേമം

പട്ടികജാതി വിഭാഗത്തിൽ പെടുന്നവർ 596 പേരാണ് പഞ്ചായത്തിൽ താമസിക്കുന്നവർ. ഇവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതികളും നടപ്പാക്കിവരുന്നു. ഇതര ജനവിഭാഗങ്ങളോടൊപ്പം തന്നെയാണ് ഇവരും. സാമൂഹ്യ അവശതകളുള്ള കുടുംബങ്ങളും ഇല്ലാതില്ല. കോളനികളിലെ പാർപ്പിടപ്രശ്നം പരിഹരിക്കേണ്ടതുണ്ട്. കോളനികളിലെ സ്ഥിതി പട്ടികപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1) പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവില്ല. ബോധവൽക്കരണം വേണം.

2) എല്ലാവർക്കും സ്വന്തമായി വീടില്ല.

3) ധനസഹായം മറ്റു വഴികളിലേക്ക് തിരിഞ്ഞുപോകുന്നു.

4) പ്രാഥമിക സൗകര്യങ്ങളും കുറവാണ്.

5) എല്ലാ പദ്ധതികളിലേക്കും ഗുണഭോക്താക്കളെ പഞ്ചായത്തുതലത്തിൽ തെരഞ്ഞെടുക്കണം.

6) സ്കോളർഷിപ്പ് നടപ്പാക്കാനുള്ള സാധ്യത ആരായണം.

7) കോളനികളിൽ T V സെറ്റ് സ്ഥാപിക്കുക.

8) പലിശയില്ലാത്ത ലോൺ വർദ്ധിപ്പിക്കുക.

7. 12. വിഭവസമാഹരണം

പഞ്ചായത്തിലെ വികസന പ്രശ്നങ്ങളും/വെല്ലുവിളികളും, ഭരണ ചിലവുകളും എന്നിവ നേരിടണമെങ്കിൽ സാമ്പത്തികം വേണം പണം ആറാം ഇന്ദ്രിയമാണ്. അതില്ലെങ്കിൽ മറ്റിന്ദ്രിയങ്ങളും ഒന്നുംതന്നെ പ്രവർത്തിക്കുകയില്ല. എന്നാണ് ചൊല്ല്. എല്ലാ മേഖലയിലും ഇതുതന്നെയാണവസ്ഥിതി.

പഞ്ചായത്തിനു് സർക്കാരിൽനിന്നും വിവിധരൂപത്തിൽ ലഭിക്കുന്ന ഗ്രാൻറും, പഞ്ചായത്തു പിരിച്ചെടുക്കുന്ന നികുതിയുമാണ് വരുമാന മാർഗ്ഗങ്ങൾ.

നികുതി എന്നുകേട്ടാൽ കതകടക്കുന്നവരാണ് ഭൂരിഭാഗവും. നികുതി നൽകുന്നതുവഴി തങ്ങളും രാജ്യത്തിൻെറ വികസന പ്രക്രിയയിൽ പങ്കാളികളാവുകയാണ് എന്ന ദിശാബോധം പല കാരണങ്ങൾകൊണ്ടും ഇന്നു് നഷ്ടമായിരിക്കുന്നു. ജനാവിൻെറ അടിസ്ഥാനതലംവരെ ചാരുകസേരകളാക്കി മാറ്റുന്നവരുടെ നാട്ടിൽ പുതിയൊരു നികുതിബോധം തെളിയിക്കാൻ പണിപ്പെടുകതന്നെ വേണം. എന്നാൽ നികുതിഭാരം കൂട്ടുകയുമരുതു്. വരുമാനത്തിൻെറ ചെറിയൊരു ശതമാനം എല്ലാവരിൽനിന്നും നികുതിയായി പിരിക്കാനുള്ള സംവിധാനം ഉണ്ടാകണം. വാർഡു വികസന സമിതികളും, വാർഡു പ്രതിനിധികളും ഇതിനൊരു ജനസമ്പർക്ക പരിപാടിക്കുതന്നെ രൂപം കൊടുക്കണം. നികുതി കൊടുക്കപ്പെടുന്നതു് തിരിയെ തങ്ങളുടെ ജീവിതഭദ്രതക്കുതന്നെ ഉപകരിക്കുമെന്നും, അതു മോഷ്ടിക്കപ്പെട്ടു് തലയിണക്കടിയിൽ എത്തുകയില്ലെന്നും നാട്ടിലെ ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതു് ഇന്നത്തെ സാഹചര്യത്തിലാവശ്യമാണ്.കണക്കുകളും സുതാര്യമായിരിക്കണം.

ചെലവുകളും പരമാവധി നിയന്ത്രിച്ചും മനുഷ്യാദ്ധ്വാനവും, പ്രകൃതി വിഭവങ്ങളും, ജനവിഭവങ്ങളും വികസന പ്രവർത്തനങ്ങൾക്കു് കഴിയുന്നത്ര ഉപയോഗിച്ചും നാം മുന്നേറണം.

എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേതു്. ഇതു പരമാവധി പ്രയോജനപ്പെടുത്താൻ നമുക്കു കഴിയണം.

പട്ടിക

പഞ്ചായത്തുവരുമാനവിവരം

ക്രമനമ്പർ	ഇനം	വർഷം 95–96
1.	കെട്ടിടനികുതി	80990
2.	തൊഴിൽ നികുതി	89490
3.	ഉപാധിരഹിത നികുതി	326500
	,, എസ്. ഡി. പി.	
4.	ജെ. ആർ. വൈ.	128200
5.	ഗ്രാൻറുകളും, സംഭാവനകളും	392195
6.	ആകെ വരവ്	1055884
7.	ചെലവ്,	
	എസ്റ്റാബ്ലിഷ്മെൻറ്	319028
	സർവ്വീസ് ചാർജ്	25682.40
	വാഹനനികുതി	600
	ലൈസൻസ് ഫീസ്	5227

8. ഉപസംഹാരം

ജനകീയാസൂത്രണ പരിപാടിയുടെ ഒന്നാം ഘട്ടമായ വിശേഷാൽ ഗ്രാമസഭകളും 1995 സെപ്റ്റംബർ അവസാന വാരത്തിൽ നടന്നു. ഗ്രാമസഭകളിലെ ചർച്ചകളെ ഫലപ്രദമായി നയിക്കുന്നതിനുവേണ്ടിയുള്ള പരിശീലകർക്ക് പഞ്ചായത്തുതല പരിശീലനം നൽകി.

12 വിഷയഗ്രൂപ്പുകളായിതിരിഞ്ഞ് ചർച്ചചെയ്ത സമാഹരിച്ച നിർദ്ദേശങ്ങളും / പ്രശ്നങ്ങളും / സാധ്യതകളും എഴുതിതയാറാക്കിയാണ് വിശേഷാൽ ഗ്രാമസഭയിൽ ഗ്രൂപ്പുറിപ്പോർട്ട് അവതരിപ്പിച്ചത്. ഈ റിപ്പോർട്ടുകളുടെ ക്രോഡീകരണത്തിലൂടെയാണ് വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്, അതത് വാർഡു പ്രതിനിധികളുടെ നിർദ്ദേശങ്ങളും തേടിയിട്ടുണ്ട്. ഇന്നു നടക്കുന്ന വികസനസെമിനാറിൽ അവതരിപ്പിക്കുന്ന ഈ രേഖ സമഗ്ര പരിശോധനക്കും ചർച്ചയ്ക്കും വിധേയമാക്കണം. ഈ രേഖ കൂടുതൽ സമ്പുഷ്ടമാക്കാൻ നമുക്കു കഴിയണം.

വികസനരേഖ തയ്യാറാക്കുന്നതിനും വിവരങ്ങൾ ശേഖരിച്ച് കൃത്യസമയത്തെത്തിക്കുന്നതിനും നിരവധി ആളുകളുടെ ആത്മാർത്ഥമായ സഹകരണം ലഭിച്ചിട്ടുണ്ട്. അവർക്ക് കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഒത്തൊരുമിച്ച് ഒരേമനസ്സും ഒരേതാളവും ഒരേ ലക്ഷ്യവുമായി നാം മുന്നേറിയാൽ ഭാവി നമ്മുടേതാണ്. അധികാരം ജനങ്ങൾക്കാണ്. ജനനന്മക്കാണ്.

അഭിവാദനങ്ങൾ

M. T ചന്ദ്രൻ
ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്
നീലംപേരൂർ

നീലംപേരൂർ
30—12—96

9. അനുബന്ധം

പട്ടിക 1

ജനസംഖ്യ

വാർഡ്	ജനസംഖ്യ	സ്ത്രീ	പു:	വീട്	SC/ST
1	1174	600	574	258	47
2	851	425	426	250	25
3	1129	555	574	275	23
4	2113	1030	1083	481	103
5	2077	1030	1047	535	126
9	2594	1248	1346	542	118
7	1899	932	967	438	66
8	2084	1057	1027	484	88

പട്ടിക 2

നീലംപേരൂർ കൃഷിഭവന്റെ അതിർത്തിയിലുള്ള പാടശേഖര സമതികൾ

1	**E Block**	പാടശേഖരസമതി
2	**H Block**	,,
3	**K L Block**	,,
4	**I Block**	,,
5	നടുവത്തുപാടം	,,
6	ഇരവുകരി—കളർകോട്ട്	
7	ആക്കനടി—പള്ളിക്കേരി	
8	നെൽപുര—പുറത്തേരി	
9	ചെറുവള്ളി—മുണ്ടേകളം	
10	മൂക്കോടി മാഞ്ഞൂക്കേരി	
11	ഈരേത്താ—എഞ്ചിൻതുരുത്ത്	
12	ഇടമ്പാടി	
13	ചിറയ്ക്കകം പെല്ലാക്ക	
14	കണ്ണങ്കരി	
15	മണ്ഡപം—പടിഞ്ഞാറെ ചിറയ്ക്കകം	
16	കൈനടി—കിഴക്കുംപുറം	
17	ചിങ്ങങ്കരി—കോതകരി	
18	പട്ടത്താനം	
19	കാവുംഗ്രാക്കൽ ഭ്രതദ്വാൻ	
20	ആര്യാടംപാക്ക—കാഞ്ഞിരക്കോണം	
21	കിളയങ്കാവ് വടക്കു്	
22	കിളിയങ്കാവ് തെക്കു്	
23	കോഴിച്ചാൽ തെക്കു്	
24	കോഴിച്ചാൽ വടക്കു്	
25	വടക്കേവെണ്ണിമലശേരി	
26	മേനാകോതകരി	
27	വാലടി	
28	വടക്കേമൂക്കോടി	
29	കൊച്ചിടംപാടി	
30	തണ്ണിമുക്കം	

പട്ടിക 3

നിലവിലുള്ള സ്ക്കൂൾ

—ഭൗതിക സാഹചര്യം—

വാർഡ്	സ്കൂളിന്റെ പേരു്	ആകെ വിദ്യാർത്ഥികം	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	കളിസ്ഥലം
3	A. J. ജോൺ മെമ്മോറിയൽ ഹൈസ്കൂൾ കൈനടി (U P S)	418	18	ഉണ്ടു്	ഉണ്ടു്	ഉണ്ടു്	ഉണ്ടു്
	A. J. ജോൺ മെമ്മോറിയൽ L P S കൈനടി	144	4	ഉണ്ടു്	ഉണ്ടു്	ഉണ്ടു്	ഉണ്ടു്
7	S. N. D. P. (U P S) ചെറുകര	273	11	ഉണ്ടു്	ഉണ്ടു്	ഉണ്ടു്	ഉണ്ടു്
	ST. ആന്റെറണീസ് L P S ചേന്നങ്കരി	162	5	ഉണ്ടു്	ഉണ്ടു്	ഇല്ല	ഉണ്ടു്
6	ഗവർമ്മെന്റ് V B U P S ചേന്നങ്കരി	59	5			ഇല്ല	
5	ഗവർമെന്റ് U P S നാരകത്തറ	108	7	ഇല്ല	ഇല്ല	ഇല്ല	
4	N S S HS/UP ഈരേഴ	412	18	ഉണ്ടു്	ഉണ്ടു്	ഉണ്ടു്	ഇല്ല
	ഗവർ: R V L P S ഈരേഴ	149	5	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3	ഗവർ: L P S നീലംപേരൂർ	91	4	ഉണ്ടു്	ഉണ്ടു്	ഉണ്ടു്	ഇല്ല
2	സെൻജോർജ് ഇംഗ്ലീഷ് മിഡിയം L P S നീലംപേരൂർ	251	10	ഉണ്ടു്	ഉണ്ടു്	ഉണ്ടു്	ഉണ്ടു്

ആകെ ഹൈസ്കൂൾ	2	മാനേജ്മെന്റ്	8
,, L P S	5	ക്രിസ്ത്യൻ	5
,, U P S	5	S N D P	1
		N S S	2
		ഗവർമെന്റ്	4

പട്ടിക 4

പഞ്ചായത്തിലെ കോളനികളുടെ സ്ഥിതിവിവരം

ക്രമ നമ്പർ	വാർഡ്	കോളനിയുടെപേര്	വീട്ടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	ഗതാഗതസൗകര്യംഉണ്ട്	റോഡുകൾ ഇല്ല	റോഡുകൾ ഉണ്ട്	വൈദ്യുതി ഇല്ല	വൈദ്യുതി ഉണ്ട്	കിണർ ഇല്ല	കിണർ പൊതുകുളം
1	1	നെടുംപറമ്പ് ലക്ഷംവീട്	4	18	ഇല്ല		ഉണ്ട്		ഇല്ല	ഇല്ല	
2	4	മഴക്കോം ,,	15	67	ഉണ്ട്		പൂർണ്ണമല്ല		ഇല്ല	ഇല്ല	
3	4	പുലവേലിൽ ,,	13	65	ഉണ്ട്		ഇല്ല		1	ഇല്ല	
4	4	കണിയാംപറമ്പ് ,,	3	12	ഉണ്ട്		ഉണ്ട്		ഉപയോഗശൂന്യം	ഇല്ല	
5	5	മൂക്കോടി .,	10	43	ഉണ്ട്		ഉണ്ട്		,,	ഇല്ല	
6	6	കണിയാന്തറ ,,	12	72	ഉണ്ട്		ഇല്ല		,,	ഇല്ല	
7	6	വള്ളികുന്നം ,,	8	44	ഉണ്ട്		പൂർണ്ണമല്ല		ഇല്ല	ഇല്ല	
8	6	മഠത്തുംതറ ,,	4	31	ഉണ്ട്		പൂർണ്ണമല്ല		ഇല്ല	ഇല്ല	
9	6	കോമല്ലൂർ ,,	6	26	ഉണ്ട്		പൂർണ്ണമല്ല		ഇല്ല	ഇല്ല	
10	8	പഴയകളം ,,	4	27	ഉണ്ട്		ഉണ്ട്		ഇല്ല	ഇല്ല	
11	8	കളരിക്കൽ ,,	5	32	ഉണ്ട്		പൂർണ്ണമല്ല		ഇല്ല	ഇല്ല	

പട്ടിക 5

അംഗൻവാടികളുടെ വിവരം

ക്രമ നമ്പർ	വാർഡ്	എണ്ണം	കുട്ടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	കളിപ്പാട്ടം ഉള്ളത്	കളിപ്പാട്ടം ഇല്ലാത്തത്	സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്	മറ്റഭിപ്രായം
1	1	2	44	1	1	1	1	ഇല്ല	2	സ്ഥലംഇല്ല.	കളിപാട്ടവും സ്ഥലവും കെട്ടിടവുംഉണ്ടാവണം
2	4	1	ഇല്ല	ഉണ്ട്		ഉണ്ട്		ഇല്ല			തുറന്ന് പ്രവത്തിപ്പിക്കണം
3	5	1	ഇല്ല	ഉണ്ട്		ഉണ്ട്		ഇല്ല			തുറന്നുപ്രവത്തിപ്പിക്കണം
4	7	1		ഉണ്ട്		ഉണ്ട്		ഉണ്ട്			കെട്ടിടത്തിന്റെ ഒമയിൻറൻസ് ചെയ്യുക.

പട്ടിക 6

നീലംപേരൂർ ഗ്രാമപഞ്ചായത്ത്
ലക്ഷംവീട് കോളനികളുടെ വിവരണം

1	ആകെഉള്ള ലക്ഷംവീട് കോളനി	11
2	ആകെ ഉള്ള ലക്ഷം വീട്ടകം	96
3	ഹരിജനങ്ങളുടെ വീട്	15
4	ആകെ ജനസംഖ്യ	451
5	ഹരിജനങ്ങം	69
6	വിടില്ലാത്തവർ	36
7	ഹരിജനങ്ങൾക്ക് വീടില്ലാത്തത്	8
8	ലക്ഷം വീട്ടിൽ കക്കൂസ് ഇല്ലാത്തത്	75
9	വൈദ്യുതി കണക്ഷൻ ഇല്ലാത്തത്	68
10	പട്ടയം ലഭിക്കാത്തവർ	56
11	റേഷൻകാർഡ് ഇല്ലാത്തവർ	7
12	കുടിവെള്ളം ഇല്ലാത്ത കോളനി	9
13	പൊതുവഴി ഇല്ലാത്ത കോളനി	2
15	പൊതുശ്മശാനം—അംഗനവാടി	ഇല്ല

പട്ടിക 7

സഹകരണസ്ഥാപനങ്ങൾ

1 നീലംപേരൂർ സവ്വീസ് സഹകരണബാങ്ക്
2 ചെറുകര സർവ്വീസ് സഹകരണബാങ്ക്
3 കൈനടി സവ്വീസ് സഹകരണബാങ്ക്

പട്ടിക 8

വൈദ്യുതി ലൈൻ വലിക്കേണ്ട സ്ഥലങ്ങൾ

വാർഡ്		പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ
I	1	പുല്ലായം S. N D. P, കൊച്ചുകായൽ—ആക്കനെടിവരെ
	2	C S I ചർച്ച്—കന്നംപുറം—വലിടത്തറ
	3	മുക്കംപാലം—46ൽചിറ
	4	മുക്കംപാലം—കുടകത്തുംമുലവരെ
II	1	നീലംപേരൂർപള്ളി
	2	സൊസൈറ്റി—കവണകാട്ടുതറ
	3	പഞ്ചായത്ത് സ്റ്റേഡിയം—സൊസൈറ്റി
III	1	തെയ്യിൽ—കളത്തിൽ—മുട്ടേൽ
	2	പാലം—കേളംപാകളം
	3	പുലുത്തുരുത്തി വടക്കേതൊണ്ട മുതൽ പനങ്ങായിൽ പടിവരെ ഗാർഹികം+വഴിവിളക്ക്
IV	1	കട്ടമന—പുലവേലിൽ—മഴക്കോം (നടപ്പാത)
	2	ചാണാന്തറ—ലൂർദ്മാതാ ചർച്ച് (റോഡ്)
	3	ചാണാന്തറ—കൈതാരം (റോഡ്)
	4	തെക്കീര ജംഗ്ഷൻ—പടമുറം (റോഡ്)
	5	മാരാട—കൊപ്പറമ്പ് (റോഡ്)
	6	ഈരജംഗ്ഷൻ—വടയക്കാട്ക്ഷേത്രം—പറപ്പൂത്തറ (റോഡ്)
V	1	മുളയ്ക്കാംതുരുത്തി—കൃഷ്ണപുരം (റോഡ്)
	2	തുമ്പയിൽ—നാരകത്തറസൊസൈറ്റി
	3	വാലടി ഷാപ്പ്—K S E B ഓഫീസ് വാലടി
VI	1	കൊല്ലംപറമ്പ്—കൊച്ചുതറ
	2	കുറിശ്ശേരി—
	3	ക്ലബ് മൈതാനം ട്രാൻസ്ഫോർമർ
	4	മടത്തുംന്തറ—വള്ളിക്കുന്നംകോളനിയിലേക്ക് പുതിയ ലൈൻ വലിക്കുക.
	5	കൊല്ലപ്പറമ്പ് —വെട്ടത്തറ
	6	കുറിശ്ശേരി—വടക്കോട്ട്, പുതിയലൈൻ
VII	1	വടകരശ്ശേരി—കാരിക്കുഴി
	2	വടകരശ്ശേരി—P W D റോഡ്—അട്ടിച്ചിറ കടവ്
	3	മണ്ണാശ്ശേരി—പന്നിയ്ക്കാംതറ അമ്പലം
	4	കൊട്ടവന്തറ—മെനവുംതറ
	5	കുറശ്ശേരി—മുണ്ടകപ്പാടം
	6	ഗ്രന്ഥശാല—മുണ്ടകപ്പാടം പൊതുകടവ്
	7	മെനവുംതറ—നെല്ലാനിക്കൽ കടവ്
	8	കരളകം—വട്ടയ്ക്കാട്
VIII	1	കൈനടി ജംഗ്ഷൻ—പന്ത്രുവട്
	2	കൈനടി പോലീസ്സ്റ്റേഷൻ—മോഡേൺസൈസ്
	3	കുഴിയ്ക്കാട്ട—ബോട്ടുജെട്ടി
	4	കണ്ണംകരി—ഒതളത്തനാടി
	5	പള്ളിത്താനം—30ൽചിറ
	6	ചക്കച്ചംപാക്കജംഗ്ഷൻ—കടത്തുകടവ്
	7	ചക്കച്ചംപാക്കജംഗ്ഷൻ—പുഞ്ചായിൽ ചക്കച്ചംപാക്ക—മുക്കപാലംവരെ
	8	കൈനടി—കണ്ണങ്കേരിചിറ
	9	ചക്കച്ചംപാക്കജംഗ്ഷൻ—ആറിൽകടവ്

വികസനരേഖ തയ്യാറാക്കിയവർ

ബി. ആനന്ദക്കുട്ടൻ
സി. ചെല്ലപ്പൻ
കെ. കെ. മാധവൻ–ഈര
ഇ. എം ചന്ദ്രബോസ്
വി. വിത്തവാൻ
ജോസഫ്സെബാസ്റ്റ്യൻ
രഘുപ്രകാശ്
മാധവൻനായർ
അഡ്വ: മണിലാൽപണിക്കർ
ആൻറണിഐസക്ക്
എം. രാജപ്പൻ
ആർ. പത്മനാഭപിള്ള മേക്കാട്
തോമ്മസ്ജോസഫ് ഇലംഭാഗം
കെ. ഉത്തപ്പാൻ
ജോസ്സെബാസ്റ്റ്യൻ
സുകുമാരൻ

ആനന്ദ് പ്രസ്, പട്ടത്തിമുക്ക്, ചങ്ങനാശേരി.